# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2022 ജൂൺ 30 | ദീപം 55 | നാളം 17 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.org





# അഗ്നിയിൽ കാലുറപ്പിച്ച് കേന്ദ്രം



ജോർജ് കള്ളിവയലിൽ

രാജ്യമെങ്ങും തീപോലെ പടർന്നുപിടിച്ച യുവജന പ്രക്ഷോഭത്തിനിടയിലും ഹ്രസ്വകാല സൈനികനിയമനപദ്ധതിയായ അഗ്നിപഥ് നടപ്പാക്കാൻ കരസേന വിജ്ഞാപനം ഇറക്കി. വിമുക്തഭടന്മാർക്കു ലഭിക്കുന്ന പെൻഷനടക്കമുള്ള ആനുകൂല്യങ്ങൾ അഗ്നിവീറുകൾക്കു ലഭിക്കില്ല. നാലു വർഷത്തിനുശേഷം ഏതെങ്കിലും ജോലി കിട്ടാനുള്ള യോഗ്യത ഇവർക്കു ലഭിക്കില്ല. മുൻഗണന കിട്ടിയേക്കാം. ഡിസംബർ അവസാനത്തോടെ പരിശീലനം തുടങ്ങുമെന്നാണു വിജ്ഞാപനം പറയുന്നത്.

അപ്രതീക്ഷിതരോഷത്തിനും അക്രമാസക്തമായ പ്രതിഷേധങ്ങൾക്കുമിടയിലാണ് വിവാദ അഗ്നിപഥ് നടപ്പാക്കുന്നത്. ബീഹാർ അടക്കമുള്ള ഉത്തരേന്ത്യൻസംസ്ഥാനങ്ങളിൽ പ്രതിഷേധം അക്രമങ്ങളിലേക്കു തിരിഞ്ഞിട്ടും സർക്കാർ പിൻവാങ്ങുന്നില്ല. ബിഹാർ, യുപി, തെലുങ്കാന, ഹരിയാന, മധ്യപ്രദേശ്, ഉത്തരാഖണ്ഡ്, ഹിമാചൽപ്രദേശ് സംസ്ഥാനങ്ങളിലും ജമ്മുവിലും അടക്കം പ്രക്ഷോഭം ആളിക്കത്തുകയാണ്.

പഴയ മണ്ഡൽസമരകാലത്തെ ഓർമിപ്പിക്കുന്ന പ്രക്ഷോഭത്തിനാണു രാജ്യം സാക്ഷ്യം വഹിക്കുന്നത്. രൂക്ഷമായ തൊഴിലില്ലായ്മ, സാമ്പത്തികമാന്ദ്യം, കാർഷികപ്രതിസന്ധി, വിലക്കയറ്റം തുടങ്ങിയവയെല്ലാം രാജ്യവ്യാപകപ്രതിഷേധത്തിൽ പ്രതിഫലിക്കുന്നുണ്ട്. പ്രായപരിധി ഇരുപത്തൊന്നിൽനിന്ന് ഇരുപത്തിമൂന്നാക്കി ഉയർത്തിയതും കേന്ദ്രസർക്കാരിന്റെ മറ്റു വകുപ്പുകളിൽ ജോലി സംവരണം പ്രഖ്യാപിച്ചതും അടക്കമുള്ള നടപടികളൊന്നും യുവാക്കളെ ശാന്തരാക്കിയിട്ടില്ല. കൊവിഡുമൂലം സൈനിക റിക്രൂട്ട്മെന്റ് നിർത്തിവച്ചതിനാൽ ചതിക്കപ്പെട്ട ഉദ്യോഗാർത്ഥികളും ആശങ്കയിലാണ്.

### മുൻകരുതലില്ലാത്ത നീക്കം

പാർലമെന്റിൽപ്പോലും ചർച്ച ചെയ്യാതെയാണു രാജ്യത്തെയും രാജ്യസുരക്ഷയെയും യുവജനങ്ങളെയാകെയും ബാധിക്കുന്ന സുപ്രധാനപദ്ധതി കേന്ദ്രം പ്രഖ്യാപിച്ചത്. അതിലേറെ തിടുക്കത്തിലാണു പദ്ധതിയുടെ നടപ്പാക്കൽ. ജൂൺ 14 നു തുടക്കമിട്ട പദ്ധതിക്ക് ട്രയൽപോലുമില്ല. നിയമനിർമാണസഭകളെപ്പോലും ഇരുട്ടിൽ നിർത്തി ഇത്തരം വൻപദ്ധതികൾ നടപ്പാക്കുന്നതു ജനാധിപത്യത്തിനു നല്ലതല്ല.

ഗൗരവമേറിയ സുരക്ഷാഭീഷണി സൃഷ്ടിക്കുന്ന പദ്ധതി നടപ്പാക്കാൻ മതിയായ ചർച്ച വേണം. പാർലമെന്ററി സമിതികളിലും ലോക്സഭയിലും രാജ്യസഭയിലും വിശദമായി ചർച്ച ആവശ്യമാണ്. കൂടിയാലോചന ഇല്ലാതെ നടപ്പാക്കിയ നോട്ടുനിരോധനം വരുത്തിയ ഭവിഷ്യത്തുകൾ മറക്കാറായിട്ടില്ല.

സായുധസേനകളിലേക്കുള്ള നാലുവർഷത്തെ ഹ്രസ്വനിയമനത്തിനുള്ള അഗ്നിപഥ് റിക്രൂട്ട്മെന്റ് സ്കീമിനെ ചുറ്റിപ്പറ്റിയുള്ള സുരക്ഷാവെല്ലുവിളികളും ആശങ്കകളും ആരോപണങ്ങളും നിരവധിയാണ്. സൈനികവിദഗ്ധരടക്കം പല കോണുകളിൽനിന്നും വിമർശനങ്ങളും ചോദ്യങ്ങളും ഉയർന്നിട്ടുണ്ട്.

മുൻ സൈനികമേധാവികൾ ഉൾപ്പെടെയുള്ള വിദഗ്ധരും കോൺഗ്രസും സിപിഎമ്മും അടക്കമുള്ള പ്രതിപക്ഷവും പദ്ധതിയെ എതിർത്തതും വെറുതെയല്ല. ഒരു യുദ്ധം വന്നാൽ ഇന്ത്യ എന്തു ചെയ്യുമെന്നാണ് മേജർ രവി ചോദിച്ചത്.

### ആശങ്കകൾ അനവധി

അഗ്നിപഥ് പദ്ധതി പ്രകാരം പതിനേഴരയ്ക്കും ഇരുപത്തിമൂന്നിനും ഇടയിൽ പ്രായമുള്ള 46,000 പേരെ നാലുവർഷത്തേക്കു സൈനികസേവനത്തിൽ ഉൾപ്പെടുത്തും. പരിശീലനം നേടിയവരിൽ 25 ശതമാനം പേരെ മാത്രമേ സേനകളിൽ നിലനിർത്തൂ. പരിശീലനത്തിനെത്തുന്ന എല്ലാവരുടെയും ലക്ഷ്യം രാജ്യസേവനമാകില്ല. തീവ്രവാദ, ഭീകരസംഘടനകളുടെ കാലാളുകളുടെ നുഴഞ്ഞുകയറ്റം ഉണ്ടാകാനുള്ള സാധ്യത വളരെയധികമാണ്. ഭീകര, തീവ്രവാദസംഘടനകളുടെ റിക്രൂട്ടുകളായി പരിശീലനത്തിനെത്താവുന്ന സ്ഥിതിയുമുണ്ടാകും. അതീവ ഗുരുതരമാണിത്.

രാജ്യം പലതരത്തിലുള്ള ഭീഷണികൾ നേരിടുമ്പോൾ സായുധസേനകളുടെ കാര്യപ്രാപ്തിയും നിലവാരവും പോരാട്ടവീര്യവും ചോർത്തുന്ന നടപടികൾ പാടുള്ളതല്ല.

കൃത്യമായ സൈനികപരിശീലനം നേടുന്ന ചെറുപ്പക്കാരിൽ കുറെ പേരെങ്കിലും ഭീകരപ്രവർത്തനങ്ങളിലേക്കും തീവ്രവാദഗ്രൂപ്പുകളിലേക്കും തിരിയാനുള്ള സാധ്യത അപകടകരമാണ്. ഭീകരപ്രവർത്തനത്തിനുവേണ്ടി അഗ്നിവീർ ആകാൻ എത്തുന്നവരും ഉണ്ടാകാം. നാലുവർഷം നീണ്ട സൈനികപരിശീലനം നേടുന്നതൊടൊപ്പം സൈനികരീതികളും ചില പ്രതിരോധവിവരങ്ങളും നേടിയവർ ഭീകരസംഘടനകളുടെ ഭാഗമാകില്ലെന്ന് ആർക്കും ഉറപ്പിക്കാനാകില്ല. പരിശീലനത്തിനു വന്നുപോകുന്നവർ ആരെങ്കിലുമൊക്കെയാകാം. എത്രയൊക്കെ സൂക്ഷ്മപരിശോധന നടത്തിയാലും എല്ലാവരുടെയും ഉള്ളിലിരുപ്പും മനോനിലയും ലക്ഷ്യവും അളന്നുതൂക്കാൻ ആർക്കും കഴിയില്ല.

### ചെലവുചുരുക്കൽ ലക്ഷ്യം

പ്രധാനമന്ത്രി നരേന്ദ്ര മോദി അധ്യക്ഷനായ കേന്ദ്രമന്ത്രിസഭാസമിതിയാണ് അഗ്നിപഥ് പദ്ധതി അംഗീകരിച്ചത്. മന്ത്രിസഭയുടെ അനുമതിയില്ലാതെ പദ്ധതിയിൽ മാറ്റം വരുത്താൻ പ്രതിരോധമന്ത്രി രാജ്നാഥ് സിങ്ങിനെ ചുമതലപ്പെടുത്തിയത് അസാധാരണമാണ്. സേനാവിഭാഗങ്ങളിൽ കൂടുതൽ ചെറുപ്പക്കാരെ ഉൾപ്പെടുത്താനും ഊർജസ്വലമാക്കാനുമെന്നാണു വാദം. അതിലേറെ വിമുക്തഭടപെൻഷനടക്കം കൂടിവരുന്ന പ്രതിരോധച്ചെലവുകൾ കുറയ്ക്കുകയാണു ലക്ഷ്യം.

കര, നാവിക, വ്യോമസേനകളിൽ രണ്ടു വർഷമായി റിക്രൂട്ട്മെന്റ് നടക്കുന്നില്ലെന്നതു മറക്കരുത്. ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികൾ പ്രതീക്ഷയോടെ കാത്തിരിക്കുകയാണ്. ഇവരെക്കൂടി ആശങ്കയിലാക്കിയാണു പുതിയ പദ്ധതി നടപ്പാക്കുന്നത്. സൈനികനിയമനം ഉടൻ തുടങ്ങുമെന്നു മാത്രമാണ് കേന്ദ്രപ്രതിരോധമന്ത്രി രാജ്നാഥ് സിങ് പ്രഖ്യാപിച്ചത്.

അഗ്നിപഥ് പദ്ധതിയിൽ തിരഞ്ഞെടുക്കപ്പെടുന്നവർക്കു നാലു വർഷ കാലയളവിൽ 30,000 - 40,000 രൂപ മാസശമ്പളവും അലവൻസുകളും നൽകും. മെഡിക്കൽ, ഇൻഷുറൻസ് ആനുകൂല്യങ്ങളും ലഭിക്കും. നിലവിൽ ചുരുങ്ങിയതു പത്തു വർഷത്തേക്കാണു ചെറുപ്പക്കാരെ ഷോർട്ട് സർവീസ് കമ്മീഷനായി നിയമിക്കുക. ഇത് 14 വർഷം വരെ നീട്ടാം. ഇവർക്കു വിരമിച്ചതിനുശേഷം പെൻഷൻ ലഭിക്കും.

### വളഞ്ഞവഴി നിയമനം

ചെലവു ചുരുക്കാൻ ലക്ഷ്യമിട്ടുള്ള അഗ്നിപഥ് പദ്ധതി ഫലത്തിൽ വളഞ്ഞ വഴിയിലെ കരാർ നിയമനങ്ങളാണ്. ആകെയുള്ളവരിൽ 25 ശതമാനത്തിനു മാത്രമേ സൈന്യത്തിൽ തുടർന്നു നിയമനം കിട്ടൂ. ശേഷിക്കുന്നവരിൽ കുറച്ചുപേർക്ക് കേന്ദ്ര ആഭ്യന്തരമന്ത്രാലയവും വിവിധ സംസ്ഥാനസർക്കാരുകളും പോലീസ് സേനയിലെ ഒഴിവുകൾ നികത്തുമ്പോൾ 'മുൻഗണന' നൽകുമെന്നാണു വാഗ്ദാനം. 11 ലക്ഷം രൂപമുതൽ 12 ലക്ഷം രൂപവരെ പാക്കേജുമായി സൈനികസേവനങ്ങളിൽനിന്ന് ഈ അഗ്നിവീറുകൾ പുറത്തുകടക്കും. പെൻഷൻ ആനുകൂല്യങ്ങൾക്ക് അർഹതയുമില്ല.

▶12

കാഴ്ചയ്ക്കപ്പുറം

■ വീയെൻ

# മൊബൈൽഫോൺ വരുത്തിവയ്ക്കുന്ന വിനകൾ

**പാ**സ്‌വേർഡുകളില്ലാതെ, ഫിംഗർടച്ചില്ലാതെ, പാറ്റേണുകളില്ലാതെ സ്മാർട്ട് ഫോൺ ഉപയോഗിക്കുന്നവർ എത്രപേരുണ്ടാവും നമുക്കിടയിൽ? മറ്റൊരാളുടെ കൈയിലേക്കു ധൈര്യപൂർവം പരിശോധനയ്ക്കായി സ്വന്തം മൊബൈൽ വച്ചുകൊടുക്കാൻമാത്രം സുതാര്യതയുള്ളവർ എത്രപേരുണ്ടാവും? ആരുംതന്നെയുണ്ടാവില്ല എന്നതാണ് ഏറ്റവും സത്യസന്ധമായ മറുപടി.

കാരണം, മൊബൈൽ വെറും ഫോണല്ല നമുക്ക്. സാമ്പത്തികകാര്യങ്ങൾ മാത്രമല്ല ഓരോരുത്തരുടെയും സ്വകാര്യതകളുടെ, രഹസ്യങ്ങളുടെ ലോകംതന്നെയാണു മൊബൈൽ ഫോണുകൾ. അന്യർക്കു പ്രവേശനമില്ല എന്നു ചില സ്ഥലങ്ങളുടെയും സ്ഥാപനങ്ങളുടെയും അതിരുകളിൽ താക്കീതിന്റെ ബോർഡുകൾ വയ്ക്കുന്നതുപോലെതന്നെ എന്റെ മൊബൈൽ പരിശോധിക്കാനോ ചാറ്റുകൾ വായിക്കാനോ അധികാരമില്ലെന്ന് ഭാര്യ/ ഭർത്താവ്/ കാമുകൻ/ കാമുകി/ മക്കൾ പറയുന്ന കാലമാണ് ഇത്. അതുകൊണ്ടുതന്നെ, നമ്മുടെ സ്വകാര്യലോകം മറ്റുള്ളവർക്ക് അജ്ഞാതമാണ്. ഞാൻ എന്തു കാണുന്നു, ആരോടു ചാറ്റ് ചെയ്യുന്നു എന്നിവയെല്ലാം എന്റെ ജീവിതപങ്കാളിയോ മക്കളോ അറിയുന്നില്ല. എന്റെ സ്വകാര്യതകളിൽ ഞാൻ എനിക്കിഷ്ടമുള്ള അഭിരുചികൾ തേടിയലയുന്നു. ഇതാണ് ഇന്നത്തെ ഭൂരിപക്ഷം ആളുകളുടെയും മട്ടും ഭാവവും.



നമ്മുടെ സ്വകാര്യതകൾ നഗ്നമാക്കപ്പെടുന്ന ഒരു ഇടമുണ്ടെങ്കിൽ അത് സൈബർ ഇടങ്ങളാണ്. പുറമേയ്ക്കു നാം നല്ലവരെപ്പോലെ പ്രത്യക്ഷപ്പെടുമ്പോഴും സ്വകാര്യലോകങ്ങളിൽ അത്രത്തോളം നല്ലവരല്ല എന്നതും പച്ചപ്പരമാർത്ഥം. അതുകൊണ്ടാണ്, പാസ്‌വേർഡുകൾ കൊടുത്തും ഫിംഗർ ടച്ചും പാറ്റേണും നല്കിയും നാം നമ്മുടെ മൊബൈൽ ഫോണുകളെ സംരക്ഷിച്ചുപോരുന്നത്.

ദാമ്പത്യജീവിതത്തിലുൾപ്പെടെ മൊബൈൽ വില്ലനായികൊണ്ടിരിക്കുന്ന കാലമാണ് ഇത്. മുമ്പു പറഞ്ഞതുപോലെ മാതൃകാദമ്പതികളെന്ന നിലയിലായിരിക്കാം നമ്മുടെ പരസ്യജീവിതങ്ങൾ. പരസ്പരം ഒളിക്കാൻ ഒന്നുമില്ലെന്ന അതിരുകടന്ന ആത്മവിശ്വാസം പങ്കാളികൾക്കുണ്ടായിരിക്കാം.

എന്നാൽ, ഒരൊറ്റ നിമിഷംകൊണ്ട് തകർന്നുവീഴുന്നതേയുള്ളൂ അത്തരം ധാരണകൾ. അങ്ങനെയുള്ള പൊളിച്ചെഴുത്തു നടത്തിയ ഒരു സിനിമയാണ് അടുത്ത കാലത്ത് ഒടിടി റീലിസായി വന്ന ട്വൽത്ത് മാൻ. ജിത്തു ജോസഫ് - മോഹൻലാൽ കൂട്ടുകെട്ടിൽ വന്നതാണ് പ്രസ്തുത സിനിമ.

സുഹൃത്തുക്കളും ദമ്പതികളുമായ പതിനൊന്നുപേർ ഒരു റിസോർട്ടിൽ ഒത്തുകൂടുന്നതും തുടർന്ന് അവിടെ ഒരു കൊലപാതകം അരങ്ങേറുന്നതും കുറ്റവാളിയെ കണ്ടുപിടിക്കുന്നതുമാണ് സിനിമയുടെ ഇതിവൃത്തം. ഒരു മണിക്കൂർ നേരത്തേക്ക് ഓരോരുത്തരും തങ്ങൾക്കു വരുന്ന കോളുകളും മെസേജുകളും പരസ്യപ്പെടുത്താൻ തയ്യാറാകുന്ന രീതിയിലുള്ള ഒരു കളിയിലേക്കു പ്രവേശിക്കുന്നതോടെയാണ് പതിഞ്ഞ താളത്തിൽ ആരംഭിച്ച സിനിമ ഉച്ചസ്ഥായിയിലേക്കു കയറുന്നത്. ഭാര്യ അറിയാത്ത പല രഹസ്യങ്ങൾ ഭർത്താവും ഭർത്താവ് അറിയാത്ത പല രഹസ്യങ്ങൾ ഭാര്യയും അറിയുന്നതോടെ പലരുടെയും പൊള്ളത്തരങ്ങൾ വെളിച്ചത്താകുന്നു, പൊയ്മുഖങ്ങൾ അഴിഞ്ഞുവീഴുന്നു. സിനിമ ശരാശരിയിലും താണനിലവാരമാണു കാഴ്ചവയ്ക്കുന്നതെങ്കിലും നമ്മുടെ ദാമ്പത്യത്തിലും ഇതരബന്ധങ്ങളിലും വന്നു വീണുകൊണ്ടിരിക്കുന്ന ആഘാതങ്ങളെക്കുറിച്ചു വ്യക്തമായ ചിത്രമാണ് ട്വൽത്ത് മാൻ കാഴ്ചവയ്ക്കുന്നത്. സോഷ്യൽ മീഡിയ വഴി ഇടറിപ്പോകുന്ന കുടുംബബന്ധങ്ങൾക്ക്, പുറമേയ്ക്കു നോക്കുമ്പോൾ സുന്ദരമെന്നു തോന്നുമെങ്കിലും അകമേ ചീഞ്ഞുനാറുന്ന ബന്ധങ്ങൾക്ക് എല്ലാം നേരേയുള്ള കണ്ണാടിച്ചിത്രമായി അതു മാറുന്നുണ്ട്. അതുകൊണ്ടാണ് ആരംഭത്തിൽ അങ്ങനെയൊരു ചോദ്യം ചോദിച്ചത്. മറ്റൊരാളുടെ കൈയിലേക്കു മൊബൈൽ വച്ചുകൊടുക്കാൻ യാതൊരു മടിയുമില്ലാത്തവരായി എത്ര പേരുണ്ടാവുമെന്ന്...

മുന്തിരിവള്ളികൾ തളിർക്കുമ്പോൾ എന്ന ജിബു ജേക്കബ് - മോഹൻലാൽ ചിത്രത്തിൽ അനൂപ് മേനോൻ അവതരിപ്പിക്കുന്ന കഥാപാത്രവും സമാനമായ രീതിയിലാണു പ്രവർത്തിക്കുന്നത്. കുടുംബനാഥനാണെങ്കിലും ഭാര്യയ്ക്കു പുറമേ പലതരത്തിലുള്ള ബന്ധങ്ങളും കൊണ്ടുനടക്കുന്ന വ്യക്തിയാണ് അയാൾ. മൊബൈൽ ഫോണിന്റെ സ്വകാര്യതകളെ താഴിട്ടുസൂക്ഷിക്കുന്ന ആൾ. ഒരു അപകടത്തിൽപ്പെട്ട് അയാളെ വിളിക്കാനോ അയാൾക്കു വിളിക്കാനോ കഴിയാത്തവിധത്തിലുള്ള ഒരു സാഹചര്യത്തെ അഭിമുഖീകരിക്കുമ്പോഴാണ് തന്റെ ചെയ്തികളുടെ ഭവിഷ്യത്ത് അയാൾ തിരിച്ചറിയുന്നത്.

അമ്മയുടെ മൊബൈൽ ചാറ്റുകളിൽനിന്ന് അമ്മ മറ്റൊരാളുമായി തീവ്രപ്രണയത്തിലാണെന്നു മനസ്സിലാക്കി ഒരു സൈക്കോളജിസ്റ്റിനെ കാണാൻ കൗമാരക്കാരനായ മകൻ വന്നതിനെക്കുറിച്ചുള്ള ഒരു കുറിപ്പ് ഏതാനും ദിവസംമുമ്പു വായിച്ചത് ഓർമിക്കുന്നു. സ്നേഹനിധിയായ ഭർത്താവും രണ്ടു മക്കളും ഉള്ളപ്പോഴാണ് മധ്യവയസ്സിലെത്തിയ ആ സ്ത്രീ മറ്റൊരു പ്രണയത്തിലാവുന്നത്. സ്ത്രീസ്വാതന്ത്ര്യത്തെക്കുറിച്ചും പ്രണയത്തെക്കുറിച്ചുമൊക്കെ വാതോരാതെ പ്രസംഗിക്കുമ്പോഴും സ്വന്തം കുടുംബത്തിലേക്ക് ഇത്തരത്തിലുള്ള വഴിവിട്ട ബന്ധങ്ങൾ കടന്നുവരുമ്പോഴേ അതിന്റെ ദുരന്തങ്ങൾ നാം തിരിച്ചറിയുകയുള്ളൂ.

വിവാഹേതരപ്രണയങ്ങളുടെയും സോഷ്യൽ മീഡിയവഴി പരിചയപ്പെട്ട് സൗഹൃദത്തിലായി ഭർത്താവിനെയും മക്കളെയുംവരെ ഉപേക്ഷിച്ച് ഇറങ്ങിത്തിരിക്കുന്ന ഭർത്തൃമതികളുടെയും വാർത്തകൾ ദിനവും നാം കേൾക്കുന്നുണ്ട്. പ്രൊഫൈൽ പിക്ചറിലെ മനോഹരമായ രൂപവും ചാറ്റുകളിലെ സ്നേഹവും തെറ്റിദ്ധരിച്ചാണ് ഇവരിൽ പലരും വീടുവിട്ടിറങ്ങുന്നത്. നേർക്കുനേർ കണ്ടുമുട്ടുമ്പോഴാണ് പലരും അപകടം തിരിച്ചറിയുന്നത്. വിജയംവരിക്കാതെ പോയെങ്കിലും നാലഞ്ചുവർഷങ്ങൾക്കുമുമ്പു പുറത്തിറങ്ങിയ ഷൈൻ കുര്യന്റെ ആക്ച്വലി എന്ന സിനിമയിൽ അഞ്ജലി എന്ന നടി ഫേസ്ബുക്കിലെ കാമുകനെത്തേടി ഇറങ്ങിത്തിരിക്കുന്നതും ഒടുവിൽ തന്റെ കാമുകൻ വൃദ്ധനായ ഒരാളായിരുന്നുവെന്നു തിരിച്ചറിയുന്നതുമായ ഒരു രംഗമുണ്ട്. യശ്ശശരീരനായ നാടക - തിരക്കഥാകൃത്തും നടനുമായ പി. ബാലചന്ദ്രനായിരുന്നു കാമുകൻ. പ്രതിപാദ്യംകൊണ്ട് കാലത്തിനുമുമ്പേ സഞ്ചരിച്ച ഒരു സിനിമയായിരുന്നു അത്. ഇന്നത്തേതുപോലെ സോഷ്യൽമീഡിയ പ്രണയങ്ങൾ വർദ്ധിച്ചിട്ടില്ലാത്ത കാലംകൂടിയായിരുന്നു അതെന്നുമോർമിക്കുക.

പ്രതി പൂവൻകോഴി എന്ന സിനിമയിൽ അനുശ്രീയുടെ കഥാപാത്രവും ഇത്തരമൊരു ട്രാപ്പിൽ കുടുങ്ങുന്നുണ്ട്. ഫേസ്ബുക്ക് വഴി പരിചയപ്പെട്ട് ചെല്ലാനംകാരനായ കാമുകനെയാണ് അവൾ കോട്ടയത്തേക്കു വിളിച്ചുവരുത്തുന്നത്. കാമുകന്റെ രൂപവും ഭാവവും കണ്ടപ്പോൾ തനിക്ക് അക്കിടിപറ്റിയെന്നു മനസ്സിലാക്കിയ അവൾ രക്ഷപ്പെടാനായി സ്വന്തം സ്ത്രീത്വത്തെത്തന്നെ അപമാനിച്ചുകൊണ്ടു കള്ളം പറയുന്നുണ്ട്. പക്ഷേ, ആ കള്ളംപോലും വിശ്വസിച്ച് അങ്ങനെയെങ്കിൽ അതേരീതിയിൽ വാണിഭം നടത്തി നമുക്കു ജീവിക്കാമെന്നാണ് കാമുകന്റെ ഉദാരമനസ്സ്. ഒടുവിൽ വല്ലവിധേനയുമാണ് അവളും കൂട്ടുകാരിയുംകൂടി ആ കാമുകനെ ചെല്ലാനത്തേക്കു തിരിച്ചയയ്ക്കുന്നത്.

മൊബൈൽ ഫോൺവഴി മറ്റുള്ളവരെ, പ്രത്യേകിച്ച് പോലീസ് സംഘത്തെ വഴിതെറ്റിക്കാമെന്നും അന്വേഷണം വഴിതിരിച്ചുവിടാമെന്നും മലയാളികൾക്ക് ആദ്യം പറഞ്ഞുകൊടുത്തത് ജോർജുകുട്ടിയായിരുന്നു (ദൃശ്യം സിനിമ). കൊല്ലപ്പെട്ട വരുണിന്റെ മൃതദേഹം മറവു ചെയ്തുകഴിയുമ്പോൾ അവൻ യാത്രയിലാണെന്നു വരുത്തിത്തീർക്കാനായി നാഷനൽ പെർമിറ്റ് വണ്ടിയിലേക്ക് വരുണിന്റെ ഫോൺ വലിച്ചെറിഞ്ഞ് വരുണിന്റെ അമ്മയും ഐജിയുമായ ഗീതാപ്രഭാകർ ഉൾപ്പടെയുള്ള പോലീസ് സംഘത്തെ ജോർജുകുട്ടി വട്ടംകറക്കുകയായിരുന്നു. തുടർന്ന്, സമാനമായ രീതിയിൽ പല കേസുകൾ ഉണ്ടായപ്പോഴും കുറ്റവാളികൾക്കു പ്രചോദനമായത് ദൃശ്യമായിരുന്നു. മൊബൈൽ ക്യാമറയിൽ താൻ പകർത്തിയ ദൃശ്യങ്ങൾതന്നെയായിരുന്നു വരുണിന്റെ ജീവനെടുക്കാൻ കാരണമായത് എന്നും ഓർക്കുന്നതു നന്ന്.

മറ്റുള്ളവരുടെ സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റത്തിൽ മൊബൈൽ ഫോൺ എത്രത്തോളം ദുരുപയോഗം ചെയ്യപ്പെടുന്നു എന്നതിന് മികച്ച ഉദാഹരണമായിരുന്നു സുരാജ് വെഞ്ഞാറമ്മൂട് - സൗബിൻ ടീമിന്റെ വികൃതി.


കാണുന്ന കാഴ്ചകളും സെൽഫിയും എല്ലാം പോസ്റ്റ് ചെയ്യുന്ന തരത്തിലുള്ള സോഷ്യൽ മീഡിയ അടിമത്തം പിടികൂടിയ ചില വ്യക്തികളാണ് ഇതിനു പിന്നിലുള്ളത്. ആശുപത്രിയിലെ കൂട്ടിരിപ്പിന്റെ തളർച്ചകാരണം ജോലിസ്ഥലത്തേക്കുള്ള യാത്രയ്ക്കിടയിൽ തളർന്നുറങ്ങിയ വ്യക്തിയെയാണ്, സുരാജിന്റെ കഥാപാത്രം - സൗബിന്റെ കഥാപാത്രം മദ്യപനായി ചിത്രീകരിച്ച് വീഡിയോ ചെയ്തത്. ഇത് സുരാജിന്റെ ജീവിതത്തെ മാത്രമല്ല സൗബിന്റെ ജീവിതത്തെപ്പോലും തകർക്കുന്നവിധത്തിലേക്കുള്ള സംഭവഗതികൾക്കു കാരണമായി മാറുന്നു.

മൊബൈൽ/ സോഷ്യൽ മീഡിയ ഒരുപാട് നന്മകൾ നല്കുന്നുണ്ടെങ്കിലും അത് ദുരുപയോഗം ചെയ്യപ്പെടാനുള്ള സാധ്യതകൾ ഏറെയാണെന്നും നല്ല രീതിയിൽ മൊബൈൽ/ സോഷ്യൽ മീഡിയ ഉപയോഗിക്കേണ്ടതുണ്ടെന്നുമാണ് മേല്പറഞ്ഞ സിനിമകളെല്ലാം പറയാതെ പറയുന്നത്. ആരോ പറഞ്ഞിട്ടുള്ളതുപോലെ അവരവർക്കോ മറ്റുള്ളവർക്കോ ഗുണം ചെയ്യാത്ത കാര്യങ്ങൾ സോഷ്യൽ മീഡിയയിൽ ഷെയർ ചെയ്യാതിരിക്കുക. ആത്മരതിയുടെ ഭാരപ്പെടുത്തുന്ന ചിത്രങ്ങൾ പോസ്റ്റ് ചെയ്യുന്നത് കുറയ്ക്കുക.

നല്ല രീതിയിൽ, സുതാര്യതയോടെ മൊബൈൽ ഉപയോഗിക്കാൻ പരമാവധി ശ്രമിക്കാം. ബന്ധങ്ങൾ തകരുന്നതിനും മുഖംമൂടികൾ വലിച്ചുനീക്കുന്നതിനും ആധുനിക സാങ്കേതികമാർഗങ്ങൾ പ്രധാന പങ്കുവഹിക്കുന്നുണ്ട്. എല്ലാ കണ്ടുപിടിത്തങ്ങളും ദൈവം മാനവരാശിക്കു നല്കിയിരിക്കുന്നത് സദുദ്ദേശ്യത്തോടെയാണ്. പക്ഷേ, നമ്മുടെ സ്വാർത്ഥതയും തിന്മയോടുള്ള ആഭിമുഖ്യവും ചേർന്ന് അവയെ തെറ്റായ കാര്യങ്ങൾക്കു വേണ്ടി വിനിയോഗിക്കുന്നു. ഹാ കഷ്ടം എന്നല്ലാതെ എന്തുപറയാൻ!

■

# സ്വത്വം മറക്കുന്ന മലയാളി!



റ്റോം ജോസ് തഴുവംകുന്ന്



**നി**രവധിയാളുകൾ മലയാളഭാഷയുടെ ഉയിർത്തെഴുന്നേല്പിനായി പ്രവർത്തിക്കുമ്പോഴും അത്രകണ്ട് വിജയം കാണാത്തവിധം മലയാളഭാഷ പിന്നോട്ടുപോകുന്നു. തൊഴിലും ഭാഷയും തമ്മിലുള്ള ചിന്ത രൂഢമൂലമായതും സ്വന്തം നാട്ടിൽ തൊഴിലില്ലെന്ന യുവതയുടെ കാഴ്ചപ്പാടും മലയാളഭാഷയെ പിന്നോട്ടടിച്ചു. അക്ഷരമാലയും വ്യാകരണവും വൃത്തവും അലങ്കാരവും രചനാബുക്കും ഒക്കെ ഓർമകളായി. ഈയിടെയായി പാഠപുസ്തകങ്ങളിൽ അക്ഷരമാല ഉൾപ്പെടുത്താൻ തീരുമാനിച്ചെങ്കിലും അത് എല്ലാ വിദ്യാലയങ്ങളുടെയും പാഠ്യപദ്ധതിയിൽ ഉൾപ്പെടുന്നില്ലെന്നതുകൊണ്ട് സമൂഹത്തിന്റെ മുഖ്യധാരാപഠനത്തിൽ മാതൃഭാഷയുടെ പ്രാധാന്യമുണ്ടാകുന്നില്ല.

2012 ഡിസംബർ 19 ന് കേന്ദ്ര സാഹിത്യ അക്കാദമിയുടെ ഭാഷാവിദഗ്ധസമിതി മലയാളത്തിനു ശ്രേഷ്ഠഭാഷാപദവി നൽകുന്നത് തത്ത്വത്തിൽ അംഗീകരിക്കുകയും 2013 മേയ് 23 നു ചേർന്ന കേന്ദ്രമന്ത്രിസഭായോഗം മലയാളത്തെ ശ്രേഷ്ഠഭാഷയായി അംഗീകരിക്കുകയും ചെയ്തു. തമിഴിനും സംസ്കൃതത്തിനും തെലുങ്കിനും കന്നടയ്ക്കും പിന്നാലെ നമ്മുടെ മലയാളവും ശ്രേഷ്ഠഭാഷയിലേക്കെത്തുമ്പോഴും മലയാളിക്കു മലയാളത്തോടു പുച്ഛമല്ലേ?! 2300 വർഷത്തെ പാരമ്പര്യവും പൈതൃകവും ഉൾച്ചേരുന്ന മലയാളത്തെ എന്തുകൊണ്ടു നാം തള്ളിപ്പറയുന്നു?

**മലയാളിയും മലയാളവും**

സംസാരിക്കുന്നവരുടെ എണ്ണംകൊണ്ട് മുപ്പതാമത്തെ സ്ഥാനമാണു മലയാളത്തിനുള്ളത്. ഉപയോഗിക്കുന്നവരുടെ എണ്ണം കുറയുന്നതനുസരിച്ച് മലയാളം പിൻതള്ളപ്പെടും. പഠിക്കാനേറെയുള്ളതും ആഴത്തിൽ പഠിക്കേണ്ടതുമാണ് മലയാളമെന്ന നമ്മുടെ മാതൃഭാഷ. ശൈശവബാല്യകൗമാരങ്ങളിൽ പഠിച്ചുവളരേണ്ടത് മാതൃഭാഷയിലാണ്. അമ്മയുടെ അക്ഷരങ്ങളിൽ തുടർജീവിതത്തിനുള്ള 'അമൃത്' ഒളിഞ്ഞിരിപ്പുണ്ട്; മറക്കരുത്.

മക്കൾക്കു മലയാളം അറിയില്ലെന്നു ഗർവോടെ പറയുന്ന മാതാപിതാക്കളുണ്ട്. ഇതു നല്ല ലക്ഷണമല്ല; കാരണം, തലമുറകൾ തമ്മിലുള്ള സ്വാഭാവികവിടവിന്റെമേൽ കൂടുതൽ വിടവ് തീർക്കുമെന്നറിയുക. ഭാവിയിൽ കൊച്ചുമക്കളോടു സംസാരിക്കാനാകാതെ അന്യരെപ്പോലെയിരിക്കുന്നതും ജീവിക്കുന്നതുമായ കുടുംബാന്തരീക്ഷം ചിന്തനീയമാണ്.

മലയാളത്തിന്റെ പദസമ്പത്ത് ഏതു ഭാഷയെയും അതിശയിപ്പിക്കുന്നതാണ്. ഈ പദസമ്പത്ത് സുഖകരവും സുദൃഢവുമായ ആശയവിനിമയത്തിനു സഹായകമാകുന്നു. നട്ടിടത്തു പുഷ്പിക്കുന്നുവെന്ന ചൊല്ല് ഭാഷയോടു ചേർത്തുവായിച്ചാൽ ശരിയാണെന്നു ബോധ്യമാകും. സ്വന്തം ഭാഷയിൽ പ്രാവീണ്യമില്ലാത്തവർ ഇതരഭാഷയിലും പ്രാവീണ്യം നേടുക ദുഷ്കരമാണ്; ഒരു പക്ഷേ, തൊഴിൽ നേടുന്നതിനുതകുന്ന 'പോയിന്റുകൾ' നേടി ഭാഷയുമായി തൊഴിൽമേഖലയിൽ വിരാജിച്ചേക്കാം; അപ്പോഴും എന്തു പറയണം, എങ്ങനെ പറയണം, പറയുന്നതിന്റെ അർത്ഥവും ആഴവും എന്താണ്; സ്ഥലകാലബോധം ഇതൊക്കെ തപ്പിത്തടയുന്ന അവസ്ഥയിലാകും. ആവശ്യം പറയാൻ മാത്രമുള്ളതല്ല ഭാഷ; പറയാൻ ആവശ്യമുള്ളതെല്ലാം പറയുന്നതിലേക്കും ആവശ്യമായതിലെല്ലാം ആകുന്നത്ര സൗന്ദര്യവും ഹൃദ്യതയും ഉൾപ്പെടുത്താനുമാകണം; ഭാഷയെന്നതിന് അന്തരാർത്ഥങ്ങളും ഹൃദയത്തെ തൊടുന്ന ആത്മീയതയുമുണ്ട്; മാതൃഭാഷ നമ്മുടെ ഉൾക്കരുത്തിനെയും വ്യക്തിപ്രഭാവത്തെയും ശക്തിപ്പെടുത്തുമെന്നു തീർച്ച.

സാമൂഹികാവസ്ഥയുടെ മുഖ്യധാര കംപ്യൂട്ടർ ഏറ്റെടുത്തപ്പോൾ അതിനൊപ്പം നമ്മുടെ ഭാഷയിലും ചില മാറ്റങ്ങൾ കടന്നുകൂടി. തുണ്ടുസന്ദേശങ്ങളാൽ വാട്സാപ്പും ഫേസ്ബുക്കും തുടങ്ങി നവമാധ്യമങ്ങൾ നിറയുകയാണ്. എല്ലാം ഹൃദയമില്ലാത്ത വാക്കുകളുടെ രൂപം മാത്രം! അക്ഷരത്തെറ്റും ആശയദാരിദ്ര്യവുമുണ്ടെങ്കിലും 'ആധുനികർ' കാര്യം മനസ്സിലാക്കും, അത്ര മാത്രം. ഹൃദ്യതയില്ലാത്തതും ഭാഷാദാരിദ്ര്യം തന്നെയെന്നറിയണം. നമ്മുടെ കഥകളും സംഗീതവും മറ്റും ദ്രുതതാളത്തിന്റെ ചില അർത്ഥശൂന്യതുണ്ടുപദങ്ങൾകൊണ്ടു സമൃദ്ധമാകുന്നു; ഹൃദയമറിയാത്തവയെന്നു പറയേണ്ടിവരുന്ന അവസ്ഥയിലേക്കു ഭാഷയെ കൊണ്ടെത്തിച്ചിരിക്കുന്നു. മാതൃഭാഷയിലുള്ള 'ദാരിദ്ര്യം' ഇതരഭാഷയിലും നാം നേരിടുമെന്നു തീർച്ച. എന്തിനാണു സാഹിത്യവും ചരിത്രവും ഭൂമിശാസ്ത്രവുമൊക്കെ പഠിക്കുന്നത്?! ജോലിയല്ലേ പ്രധാനം?! എന്നുള്ള പുതുതലമുറയുടെ വീക്ഷണം പ്രവൃത്തിപഥത്തിലെത്തുമ്പോൾ വൈഷമ്യങ്ങളുണ്ടാവും. ആശയാവിഷ്കാരമെല്ലാം നമ്മുടെ മൂലഭാഷയോടു ചേർന്നുപോകുന്നുവെങ്കിൽ കേൾക്കുന്നവരിലും അനുഭവിക്കുന്നവരിലും ഹൃദ്യത നിറയും. നമ്മുടെ വ്യക്തിത്വം കൂടുതൽ പ്രശോഭിക്കും; തൊഴിൽമേഖലയിലും വിജയപഥം താണ്ടും.

ഒരു പുതിയ അധ്യയന വർഷത്തിനു തുടക്കം കുറിച്ചിരിക്കുന്ന ഈ വേളയിൽ, വളരെ ആഴത്തിൽ പഠനവിധേയമാകേണ്ടതാണ് നമ്മുടെ മാതൃഭാഷാപരിജ്ഞാനം. ബാലമനസ്സുകളിൽ നാടിന്റെ പൊലിമയും പ്രകൃതിരമണീയതതയും കുടുംബബന്ധങ്ങളും സുഹൃദ്ബന്ധങ്ങളുമൊക്കെ മലയാളഭാഷയിലൂടെ പിച്ചവയ്ക്കട്ടെ. അമ്മേയെന്നു വിളിച്ച് ഒന്നു കരയാനെങ്കിലും മക്കൾക്കു കഴിയട്ടെ; രാരീരം പാടി താരാട്ടുപാട്ടിന്റെ ഈണത്തിന്റെ ലയത്തിൽ മാതൃത്വം മക്കളുമായി ഇഴചേരട്ടെ. കണക്കും കണക്കുപട്ടികയും നമ്മുടെ പഠനത്തിൽനിന്നു ചോർന്നുപോയോ; ഹരണപ്പട്ടികയും ഗുണനപ്പട്ടികയും വ്യവകലനപ്പട്ടികയും അധികപ്പട്ടികയുമൊക്കെയിന്നുണ്ടോ; ഒരു മനക്കണക്കു ചെയ്യാൻ നമ്മുടെ മക്കൾക്കു കഴിയുമോ?

നന്മ പഠിക്കാനും നന്മയിൽ വളരാനും നല്ലതു ചിന്തിക്കാനും നല്ലതു പകർന്നുനല്കാനും, കർമരംഗത്ത് നന്മയിലും സത്യസന്ധതയിലും മനഃസാക്ഷിയിലും സജീവമാകാനും നാളെയുടെ തലമുറയ്ക്കു മാതൃഭാഷയും മാതൃപിതൃബന്ധങ്ങളും സഹായിക്കണം. സകല വിദ്യാലയങ്ങളിലും മാതൃഭാഷയുടെ ആഴമേറിയ പഠനം ഉണ്ടാകണം. മലയാളി മലയാളത്തെ വെറുത്താൽ പിന്നെ ആരാണു മലയാളത്തെ സ്നേഹിക്കുക?! വാളാകാനും വീണയാകാനും ഭാഷയ്ക്കു ശക്തിയുണ്ട്; പക്ഷേ, വാളിന്റെയും വീണയുടെയും 'താളം' വിവേകത്തോടെ തിരിച്ചറിഞ്ഞ് ഉപയോഗിക്കണമെങ്കിൽ ഏതൊരു വ്യക്തിക്കും ആദ്യം വേണ്ടത് മാതൃഭാഷയിലുള്ള പരിജ്ഞാനമാണ്; മലയാളിക്കു മലയാളംതന്നെ ആദ്യം അഭ്യസിക്കേണ്ട ഭാഷ; മലയാളി മലയാളത്തനിമയിൽ അഭിമാനംകൊള്ളണം; മക്കളെ ഈ അഭിമാനബോധത്തിൽ വളർത്തണം. ■

കവിത | ഡോ. ചെറിയാൻ കുനിയന്തോടത്ത്



## അത്തിവൃക്ഷം

വെയിലിന്റെ നീരാളിക്കൈകളാവീഥിയിൽ
വലയങ്ങൾ തീർക്കുകയായിരുന്നു.
ഗഗനതലത്തിലെ വെള്ളിമേഘങ്ങൾപോൽ
ഖഗരാജി പാറിപ്പറന്നിരുന്നു.
അവ തെല്ലു ജലധാര തേടി ജലാശയം
അവനിയിലെങ്ങും തിരഞ്ഞിരുന്നു
മണൽച്ചുട്ടുപൊള്ളുന്ന നേരമായ്, സഞ്ചാരം
മനതാരിൽ വേദന തീർത്തിരുന്നു
പുലരിമുതൽ യാത്രയാകയാലേശുവിൻ
പദപദ്മയുഗ്മം ചെമന്നിരുന്നു...
വിവശരാം ശിഷ്യരും കൂടെ നടന്നേറെ-
ത്തളരുകയായ്പ്പശി വളരുകയാൽ...
പശിനീക്കാൻ മാർഗമാ നയനങ്ങൾ തേടവേ
പറവകൾ കളകളനാദമാർന്നു
അകലെയാപ്പാതതന്നരികിലായ്ക്കണ്ടുടൻ
തികവാർന്നു നില്ക്കുമൊരത്തിവൃക്ഷം...
അതിലേറെയുണ്ടാകാം പഴമെന്ന ചിന്തയാ-
ലരികിലേക്കണയുകയായി നാഥൻ
ദലജാലമിടതൂർന്നു നില്ക്കുമാവൃക്ഷത്തിൽ
ഫലമൊന്നുപോലുമേ കണ്ടതില്ല!
തണലിനു മാത്രമേ, ഫലവൃക്ഷമെന്നോർത്തു
തളരുന്ന ശിഷ്യരും നോക്കിനിന്നു...
കനിയൊന്നുമില്ലെന്നു തീർച്ചയായേശുവോ
കനിവെല്ലാം ഹൃത്തിലൊതുക്കിനിന്നു
"ഇനിയൊരുനാളും നീ പൂക്കാതിരിക്കട്ടെ,
കനി നിന്നിൽ കണികാണാതായിടട്ടെ"
അതുകേട്ടു ശിഷ്യന്മാരാകുലഭാവമാർ-
ന്നൊരു നോക്കു നോക്കിയാ ശാഖകളിൽ!
കരിയുകയാമോരോ ദലവുമാ ശാപത്തി-
ന്നനലൻ പുകഞ്ഞു പിടിച്ചപോലെ!
നിമിഷങ്ങൾക്കുള്ളിലാ വൃക്ഷമെരിഞ്ഞുപോയ്,
സകലരും ഭീതരായ് നോക്കിനിന്നു.
'കരിയുവാൻ കാരണ'മെന്തെന്നു ചോദ്യമായ്
പരിമിതബുധരാകും ശിഷ്യരപ്പോൾ
"പറയുന്നു സത്യമായ് നിങ്ങളിൽ വിശ്വാസം
നിറയുകിൽ നിങ്ങൾക്കുമിപ്രകാരം
തരുവോടു മാത്രമല്ലകലെയാമലയോടു
കടലിൽപ്പതിക്കുവാൻ ചൊന്നാലാവും...
അണുപോലും വിശ്വാസമുണ്ടെങ്കിൽ നിങ്ങൾക്കു
സകലവും നേടിടാം പ്രാർത്ഥനയാൽ..."

* * * * *

ഫലമൊന്നും നല്കാത്ത വൃക്ഷങ്ങളൊക്കെയും
എരിതീയിൽ വീഴുമെന്നോർക്കണം നാം,
ഒരു വൃക്ഷമാവുക, ഫലമേറെ നല്കുക-
ധരണിയിലിതുതന്നെ ധന്യധന്യം...



കഥ

# സമുദ്രഹൃദയം

ജിൻസ് കാവാലി

**എ**ന്തൊരു രാത്രിയായിരുന്നു അത്! ഓരോ മണിക്കൂറും ഓരോ യുഗംപോലെ തോന്നി. ആർത്തുപെയ്യുന്ന സങ്കടങ്ങൾ. അവിരാമമായ കണ്ണീർപ്രവാഹം. പുലരിയായപ്പോൾ എങ്ങോട്ടെങ്കിലും ഒന്നു പോകണമെന്നു മാത്രമായിരുന്നു മനസ്സിൽ. പക്ഷേ, എങ്ങോട്ട്? മുന്നോട്ടെങ്ങനെ പോകുമെന്നറിയാതെ പകച്ചുനിൽക്കുമ്പോഴൊക്കെ അവളുടെ മുഖമാണ് മനസ്സിൽ തെളിയുക, വിളിച്ചു: "ഒന്ന് കടലു കണ്ടിട്ടു വാടാ, തീരത്തു കുറെനേരം ഒറ്റയ്ക്കിരിക്കുമ്പോ മനസ്സു തണുത്തോളും."



കടൽത്തീരത്തെത്തുമ്പോഴേക്കും വെയിൽ പരന്നുകഴിഞ്ഞിരുന്നു. കരഞ്ഞുകലങ്ങിയ കണ്ണുകളിലേക്ക് ആളുകളുടെ നോട്ടമെത്താതിരിക്കാൻ താഴേക്കു മാത്രം നോക്കി നടന്നു. സൂര്യവെളിച്ചത്തിൽ തിളങ്ങുന്ന മണൽത്തരികൾ. ആളോ ബഹളമോ ഇല്ലാത്ത ഒരിടത്ത് ഇരിപ്പുറപ്പിച്ചു. കരയെ ചുംബിച്ച് കടലിലേക്കു മടങ്ങുന്ന തിരമാലകൾ.

പതിയെപ്പതിയെ മനസ്സ് ശാന്തമായിത്തുടങ്ങി. വാട്സാപ്പിൽ അവളുടെ മെസേജ്: "ഒന്നും അടഞ്ഞുപോകുന്ന വാതിലുകളല്ല. പുറത്തുകടക്കാനാവാത്ത പ്രതിസന്ധികളുമില്ല. ലോകത്തൊരിടത്തും ഒരു കരുവാനും താക്കോലില്ലാതെ ഒരു താഴും ഉണ്ടാക്കിയിട്ടില്ല. എവിടെയോ എല്ലാറ്റിന്റെയും താക്കോൽ മറഞ്ഞിരിപ്പുണ്ട്. ഇന്നല്ലെങ്കിൽ നാളെ അതു നമ്മുടെ കൈയിൽ തടയാതിരിക്കില്ല -ബോബിയച്ചൻ." വെറുതെ കണ്ണു പൂട്ടി.

വെയിൽ കനത്തുതുടങ്ങി. എങ്കിലും അവിടെനിന്നെണീക്കുവാൻ മനസ്സു വന്നില്ല. അപ്പോഴാണ് തോളത്തൊരു കൈ വന്നു തൊടുന്നത്. ''മോനെന്താ ഇങ്ങനെയീ വെയിലത്തിരിക്കുന്നെ.'' സ്നേഹത്തോടെയുള്ള ചോദ്യം. തിരിഞ്ഞുനോക്കിയപ്പോൾ തീരെ ചെറിയൊരു മനുഷ്യൻ. അറുപതിനടുത്തു പ്രായം കാണുമെന്നൂഹിച്ചു. പാതി നരച്ച മുടിയും മീശയും. ''ഞാൻ വെറുതെ, കടലു കാണാൻ..." എന്തു പറയണമെന്നറിയാതെ തപ്പിത്തടഞ്ഞു. "ആഹാ, കടൽ കണ്ടിരിക്കാൻ പറ്റിയ നേരം." അയാൾ ഉറക്കെച്ചിരിച്ചു. ഞാനും ചിരിക്കാനൊരു വിഫലശ്രമം നടത്തി.

"മോൻ വല്ലതും കഴിച്ചോ?" അടുത്ത ചോദ്യം. "കഴിച്ചതാ ചേട്ടാ." ''അതു വെറുതെ. മുഖം കണ്ടാലറിയാം ഇന്നൊന്നും കഴിച്ചിട്ടില്ലെന്ന്." കള്ളി വെളിച്ചത്തായതിന്റെ ജാള്യം എന്റെ മുഖത്തു പടർന്നു.

"മോൻ വാ, എന്റെ വീടിവിടെ അടുത്താ." മറുപടി പറയുംമുമ്പേ അയാൾ എന്റെ കൈ പിടിച്ചു നടന്നുതുടങ്ങിയിരുന്നു. വഴിയിൽവച്ചു ഞങ്ങൾ പരിചയപ്പെട്ടു. കുഞ്ഞപ്പനെന്നാണ് അയാളുടെ പേര്. മത്സ്യക്കച്ചവടക്കാരനാണ്. ഏതാണ്ട് അഞ്ചു മിനിറ്റ് നടന്നപ്പോഴേക്കും കുഞ്ഞപ്പൻചേട്ടന്റെ വീട്ടിലെത്തി. വാതിൽ തുറന്ന കുഞ്ഞപ്പൻചേട്ടന്റെ ഭാര്യ എന്നെ സൂക്ഷിച്ചൊന്നു നോക്കി. "കടലീന്നു കിട്ടിയതാ മേരിയേ" കുഞ്ഞപ്പൻചേട്ടൻ ചിരിച്ചുകൊണ്ടു പറഞ്ഞു. അതുകേട്ട് മേരിച്ചേച്ചിയും ചിരിച്ചു. "നീ ചോറു വിളമ്പ്. ഈ പയ്യൻ ഇന്നൊന്നും കഴിച്ചിട്ടില്ല." മേരിച്ചേച്ചി ചോറും ചാളക്കറിയും കടുമാങ്ങാ അച്ചാറും വിളമ്പി. വിശപ്പിന്റെ വിളി കഠിനമായിരുന്നു. ആർത്തിപിടിച്ചുള്ള എന്റെ ഊണുകണ്ട് മേരിച്ചേച്ചി ഒരു ചെറിയ ചിരി ചിരിച്ചു. ഭക്ഷണം കഴിഞ്ഞ് ഞങ്ങളോരോ കൊച്ചുവർത്തമാനങ്ങളിലേക്കു കടന്നു.

"കുഞ്ഞപ്പൻചേട്ടന്റെ മക്കളൊക്കെ?" ഞാൻ ചോദിച്ചു. അത്രനേരം ചിരിച്ചുകൊണ്ടിരുന്ന ആ മുഖം പെട്ടെന്ന് ഇരുണ്ടുതുടങ്ങുന്നത് എനിക്കു കാണാൻ കഴിഞ്ഞു. ശ്ശെ, ചോദിക്കണ്ടായിരുന്നു. മക്കളില്ലാത്തതിന്റെ വിഷമമാണ് ആ മുഖത്തു പടർന്നതെന്ന് ഞാനൂഹിച്ചു. "മക്കള് രണ്ടു പേരാരുന്നു മോനേ. ഇപ്പോ പക്ഷേ, ആരുമില്ല." മേരിച്ചേച്ചിയാണതു പറഞ്ഞത്. എന്തു മറുപടി പറയണമെന്നറിയാതെ ഞാനാകെ അസ്വസ്ഥനായി.

"ആദ്യത്തേത് ഒരാൺകുട്ടിയായിരുന്നു. അവനിലായിരുന്നു കുടുംബത്തിന്റെ സർവ പ്രതീക്ഷയും. വീട്ടിലെ കഷ്ടപ്പാടുകൾക്കിടയിലും നന്നായി പഠിച്ചു. നല്ല മാർക്കോടെ എം.കോം. പാസായി. പിന്നെ ജോലിയന്വേഷിച്ചു നടക്കുന്ന കാലത്താണ് ഒരാക്സിഡന്റിൽ... മൂന്നു ദിവസം എന്റെ കൊച്ച് ബോധമില്ലാതെ ആശുപത്രീൽ കിടന്നു. മൂന്നാം ദിവസവാ" ഒരു കരച്ചിൽ കുഞ്ഞപ്പൻചേട്ടന്റെ തൊണ്ടയിൽ വന്നു കുടുങ്ങി. എനിക്കാ മുഖത്തു നോക്കാൻ വിഷമം തോന്നി.

"രണ്ടാമത്തേത് മകളായിരുന്നു. മകൻ മരിച്ച് ഒന്നരക്കൊല്ലം കഴിഞ്ഞപ്പോഴായിരുന്നു മകളുടെ വിവാഹം. പൊന്നും കാശുമൊക്കെ കൊടുത്ത് അന്തസ്സായിട്ടാ ഞാനെന്റെ കൊച്ചിനെ പറഞ്ഞുവിട്ടത്. പക്ഷേ, കെട്ടുകഴിഞ്ഞ് ആറാം മാസം കേട്ടത്, അവളവിടെ ഫാനേൽ തൂങ്ങീന്നാ! ഒരുപാടുപേര് കേസു കൊടുക്കാനൊക്കെ പറഞ്ഞു. ഞാനൊന്നിനും പോയില്ല. എന്റെ മോള് പോയില്ലേ, പിന്നെന്തു ചെയ്തിട്ട് എന്താ കാര്യം." കേൾക്കുന്നതൊക്കെ സത്യമെന്നു വിശ്വസിക്കാനാവാതെ ഞാനവിടെ മരവിച്ചിരുന്നു. ഇത്രയേറെ വിഷമങ്ങൾ ഉള്ളിലടക്കിക്കൊണ്ട് ഈ മനുഷ്യനെങ്ങനെ ചിരിക്കാൻ കഴിയുന്നു? ജീവിക്കാൻ കഴിയുന്നു? ജീവിതത്തിലാദ്യമായി എന്റെ ദുഃഖങ്ങളെക്കുറിച്ചോർത്ത് എനിക്കന്നു നാണക്കേട് തോന്നി. ഒന്നും പറയാനാവാതെ വിഷമിക്കുന്ന എന്നോട് കുഞ്ഞപ്പൻചേട്ടൻ പറഞ്ഞു: "ജീവിതം ചിലപ്പോ ഇങ്ങനെയൊക്കെയാ മോനേ, എന്തൊക്കെയായാലും ജീവിക്കാതെ വേറേ നിവൃത്തിയില്ലല്ലോ,'' ഞാനാ മനുഷ്യനെ ആദരവോടെ നോക്കി.


അന്നാ വീട്ടിൽനിന്നിറങ്ങിയത് കയറിപ്പോയ ഞാനായിരുന്നില്ല. അക്കാലമത്രയും എനിക്കജ്ഞാതമായിരുന്ന ജീവിതാനുഭവങ്ങളുടെ കടലിലേക്കാണ് കുഞ്ഞപ്പൻചേട്ടൻ എന്നെ കൈപിടിച്ചുകൊണ്ടുപോയത്. സ്വന്തം ദുഃഖങ്ങളൊന്നും ദുഃഖങ്ങളല്ലെന്നും ജീവിക്കുന്ന ജീവിതത്തിനു തീരെ ആഴമില്ലെന്നും തിരിച്ചറിഞ്ഞൊരു ദിവസമായിരുന്നു അത്. നമുക്കു ചുറ്റും നമ്മളെക്കാൾ മുറിവേറ്റ ഒട്ടേറെ മനുഷ്യരുണ്ട്. ആ മുറിവു പേറിക്കൊണ്ടുതന്നെ ചുറ്റുമുള്ളവരുടെ കണ്ണീരൊപ്പുന്നവർ. അവർക്ക് കൈത്താങ്ങാകുന്നവർ. കുഞ്ഞപ്പൻ ചേട്ടാ, അന്നുച്ചയ്ക്ക് നിങ്ങളെ എന്റെയടുത്തേക്കു പറഞ്ഞുവിട്ടത് ദൈവംതന്നെയായിരിക്കണം. ഒരിക്കൽക്കൂടി കാണാൻ കഴിഞ്ഞാൽ കെട്ടിപ്പിടിച്ചൊരുമ്മ തരണമെന്നാഗ്രഹമുണ്ട്. പറയാൻ മറ്റൊന്നുമില്ല, മിഴി നിറഞ്ഞ് നന്ദി മാത്രം.

■




## യേശു പറഞ്ഞ ഉപമകൾ

ഗ്രന്ഥകർത്താ : ഫ്രാൻസീസ് ചിറയത്ത്
പ്രസാധനം : എസ്.എം. ബുക്സ് & പബ്ലിക്കേഷൻസ്, ചേർപ്പുങ്കൽ
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 60 രൂപ





ശിഷ്യന്മാരെയും ജനങ്ങളെയും പഠിപ്പിക്കുവാൻ യേശുനാഥൻ ഉപയോഗിച്ചിട്ടുള്ള മാർഗം ഉപമകളാണല്ലോ. യേശുവിന്റെ ഉപമകളെ വിശുദ്ധഗ്രന്ഥത്തിൽനിന്നു പെറുക്കിയെടുത്ത് ലളിതമായ ഭാഷയിൽ നിരത്തിവയ്ക്കുകയാണ് ഈ കൊച്ചുപുസ്തകം.

---

## SUCCESS IN 90 DAYS

Author : MJF Lion K.J. Thomas
Published by : Author
Distributed by : St. Thomas Bookstall, Pala
Price : ₹ 400




ജീവിതവിജയത്തിനും വ്യക്തിത്വവളർച്ചയ്ക്കും ഉതകുന്ന നവീനചിന്തകളുടെ സമ്മോഹനമായ ആവിഷ്കാരം. ഇന്നലെകളെയോർത്തു പരിതപിക്കുകയോ, നാളെയെ ഓർത്ത് ഉത്കണ്ഠപ്പെടുകയോ അല്ല, സ്വന്തം ബുദ്ധിയും കഴിവും ഉപയോഗപ്പെടുത്തി ഇന്നിൽ ജീവിക്കുന്നതിലാണു ജീവിതത്തിന്റെ സന്തോഷമടങ്ങിയിരിക്കുന്നതെന്ന മഹത്തായ സന്ദേശത്തിനു ഗ്രന്ഥം അടിവരയിടുന്നു.

---

## ഡെൻമാർക്ക് കുറിപ്പുകൾ

ഗ്രന്ഥകർത്താ : അഡ്വ. ഫിലിപ്പ് പഴേമ്പള്ളി
പ്രസാധനം : എസ്.എം. ബുക്സ് & പബ്ലിക്കേഷൻസ്, ചേർപ്പുങ്കൽ
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 200 രൂപ




ഡെൻമാർക്കിന്റെ വിസ്തൃതലോകം കൺമുമ്പിലെന്നപോലെ കാട്ടിത്തരുന്ന ഗ്രന്ഥം. ഡെൻമാർക്കിലെ ജനജീവിതവും ചരിത്രപരവും ഭൂമിശാസ്ത്രപരവുമായ പ്രത്യേകതകളുമെല്ലാം ഇതിൽ തെളിഞ്ഞുവരുന്നു. ഓരോ അധ്യായത്തിലും വിന്യസിച്ചിരിക്കുന്ന വർണചിത്രങ്ങൾ പുസ്തകത്തിനു മാറ്റുകൂട്ടുന്നു.

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ
അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



വാക്കുകളിലും പെരുമാറ്റത്തിലും സ്നേഹത്തിലും വിശ്വാസത്തിലും വിശുദ്ധിയിലും നീ വിശ്വാസികൾക്കു മാതൃകയായിരിക്കുക.
1 തിമോത്തേയോസ് 4:12

**എഡിറ്റോറിയൽ**

# പ്ലാസ്റ്റിക്കിനോടു വിടപറയാൻ നമുക്കെന്തേ ഇത്ര മടി?

**ഒ**റ്റത്തവണ ഉപയോഗിക്കുന്ന കനംകുറഞ്ഞ പ്ലാസ്റ്റിക് സാമഗ്രികളുടെ ഉത്പാദനവും സംഭരണവും വിതരണവും ഉപയോഗവും ജൂൺ മുപ്പതോടെ രാജ്യവ്യാപകമായി സമ്പൂർണമായി നിരോധിക്കുകയാണ്. പ്ലാസ്റ്റിക് മാലിന്യം സൃഷ്ടിക്കുന്ന ഗുരുതരമായ പാരിസ്ഥിതികാരോഗ്യപ്രശ്നങ്ങളെക്കുറിച്ചു ഘട്ടംഘട്ടമായി ബോധവത്കരണം നടത്തിയിട്ടും, പ്ലാസ്റ്റിക് ഉപേക്ഷിക്കാൻ ഭൂരിപക്ഷമാളുകളും തയ്യാറാകാത്ത സാഹചര്യത്തിലാണ് നിയമം കർക്കശമാക്കി നിരോധനമേർപ്പെടുത്താൻ സർക്കാർ നിർബന്ധിതമാകുന്നത്.

രാജ്യത്ത് പ്രതിദിനം ഉത്പാദിപ്പിക്കപ്പെടുന്നത് കാൽലക്ഷം ടൺ പ്ലാസ്റ്റിക് മാലിന്യമാണെന്ന് കഴിഞ്ഞവർഷം കേന്ദ്ര പരിസ്ഥിതിമന്ത്രാലയം വെളിപ്പെടുത്തിയിരുന്നു. കൃത്യമായി പറഞ്ഞാൽ, പ്രതിദിനം 25,940 ടൺ പ്ലാസ്റ്റിക് മാലിന്യം സൃഷ്ടിക്കപ്പെടുന്നു. ദിവസവും 15,384 ടൺ പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കപ്പെടുന്നു. ബാക്കി നാല്പതു ശതമാനം ശേഖരിക്കാനാവാതെ പരിസ്ഥിതിയിൽ കുമിഞ്ഞുകൂടുകയാണ്. ഇന്ത്യൻ നഗരങ്ങൾ ദിവസവും 15,000 ടൺ പ്ലാസ്റ്റിക് മാലിന്യം പുറന്തള്ളുന്നുണ്ടെന്നായിരുന്നു കഴിഞ്ഞവർഷം കേന്ദ്ര മലിനീകരണ നിയന്ത്രണബോർഡ് കണ്ടെത്തിയത്. പഠനത്തിനായി തിരഞ്ഞെടുത്ത നഗരങ്ങളിൽ നമ്മുടെ കൊച്ചിയുമുണ്ടായിരുന്നു. ദിവസവും 9.43 ടൺ പ്ലാസ്റ്റിക് മാലിന്യം കൊച്ചി പുറന്തള്ളുന്നുവെന്ന ഞെട്ടിക്കുന്ന വിവരമാണ് അന്നു പുറത്തുവിട്ടത്.

ഈ അവസരത്തിൽ, ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കൾ സമ്പൂർണമായി നിരോധിക്കാൻ കേന്ദ്രസർക്കാർ സ്വീകരിക്കുന്ന നടപടി സ്വാഗതാർഹമാണ്. ശുചിത്വഭാരതത്തിന്റെ രണ്ടാംഘട്ടമെന്ന നിലയിൽ 2022 ഓടെ പ്ലാസ്റ്റിക്കിന്റെ ഒറ്റത്തവണ ഉപയോഗം ഇല്ലാതാക്കുമെന്ന് 2019 അവസാനത്തോടെ കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിരുന്നു. അതിനെത്തുടർന്നായിരിക്കണം, 2020 ജനുവരി ഒന്നുമുതൽ സംസ്ഥാനത്ത് പ്ലാസ്റ്റിക് നിരോധനനിയമം പ്രാബല്യത്തിലായത്. അന്നത്തെ മന്ത്രിസഭാതീരുമാനം, വേണ്ടത്ര മുന്നൊരുക്കമോ ആലോചനയോ ഇല്ലാതെ ധൃതിപിടിച്ചെടുത്തതിന്റെ പേരിൽ ഒട്ടേറെ വിമർശനത്തിനിടയാക്കിയെങ്കിലും, സദുദ്ദേശ്യം മാനിച്ച് കേരളജനത പൊതുവെ സ്വാഗതം ചെയ്തിരുന്നു. കഴിഞ്ഞ ജൂൺ 5 ന് ലോകപരിസ്ഥിതിദിനത്തിൽ കേന്ദ്രമലിനീകരണ നിയന്ത്രണബോർഡ് പ്ലാസ്റ്റിക് നിരോധാനാർത്ഥം സംസ്ഥാനങ്ങൾക്കു മാർഗരേഖയും നല്കിയിരുന്നു. അതായത്, നിയമം പൊടുന്നനവേ അടിച്ചേല്പിക്കുകയല്ല ചെയ്തത്. ഘട്ടംഘട്ടമായി ബോധവത്കരണം നല്കിയും മുന്നൊരുക്കങ്ങൾക്കുള്ള സാവകാശം കൊടുത്തും മറ്റുമാണ് ഇപ്പോൾ കേന്ദ്രസർക്കാർ നിയമം സമ്പൂർണമായി നടപ്പാക്കാൻ രണ്ടുംകല്പിച്ചിറങ്ങിയിരിക്കുന്നത്.

സ്ട്രോ, ചായക്കപ്പ്, സ്പൂൺ, പ്ലേറ്റ്, ട്രേ, കനംകുറഞ്ഞ തെർമോക്കോൾ, മിഠായിക്കോൽ തുടങ്ങിയവയൊന്നും ജൂലൈ ഒന്നുമുതൽ ഉപയോഗത്തിലുണ്ടാവരുതെന്നാണ് ഉത്തരവ്. പകരം പേപ്പർ ബാഗുകൾ, കമുകിൻ പാളകൊണ്ടുള്ള പ്ലേറ്റുകളും കപ്പുകളും, കൈത്തറി ഉത്പന്നങ്ങൾ, ജൂട്ട് ഉത്പന്നങ്ങൾ, തുണിയിലും ചാക്കിലുമുള്ള ബാഗുകൾ, ഗ്ലാസുകുപ്പികൾ തുടങ്ങിയവയൊക്കെ വിപണിയിൽ സജീവമാകും. നിയമത്തിന്റെ പിൻബലമുള്ളതുകൊണ്ടും മനുഷ്യന് ആവശ്യത്തിലേറെ ബോധവത്കരണം ഇക്കാര്യത്തിൽ കൊടുത്തിട്ടുള്ളതുകൊണ്ടും നിയമം സർക്കാരിന് കണ്ണുമടച്ചു നടപ്പാക്കാവുന്നതേയുള്ളൂ.

ഏതായാലും, പ്ലാസ്റ്റിക്നിരോധനം നിയമത്തെ കൊഞ്ഞനംകുത്തുന്ന രീതിയിൽ പരിഹാസ്യമാകരുതെന്നാണ് പൊതുജനാഗ്രഹം. വിനോദസഞ്ചാര, ആരോഗ്യമേഖലകളിൽ പ്ലാസ്റ്റിക് കുപ്പിവെള്ളം ഉപയോഗിക്കുന്നതു വിലക്കി പകരം ചില്ലുകുപ്പിയിൽ വെള്ളം വിതരണം ചെയ്യണമെന്ന് 2018 ൽ നിർദേശിച്ചെങ്കിലും നാളിതുവരെയായിട്ടും അതു നടപ്പാക്കാൻ കഴിഞ്ഞില്ല. പ്ലാസ്റ്റിക്നിരോധനം ഘട്ടംഘട്ടമായി നടപ്പാക്കുന്നതിന്റെ ഭാഗമായി സർക്കാർ തീരുമാനിച്ച ഭീമമായ പിഴയിടീൽ നയം പ്രാവർത്തികമാക്കാനാവാതെ നിയമം ഫയലിലുറങ്ങുകയാണ്. പ്ലാസ്റ്റിക് മാലിന്യങ്ങൾ തുറസ്സായ സ്ഥലത്തു കത്തിച്ചാൽ അരലക്ഷംരൂപവരെ പിഴയീടാക്കുമെന്ന തരത്തിലുള്ള യുക്തിരഹിതമായ ഭീഷണിനയങ്ങൾ പ്രഹസനമായില്ലെങ്കിലല്ലേ അദ്ഭുതമുള്ളൂ.

പരിസ്ഥിതിസംരക്ഷണനിയമങ്ങൾ അതെന്തായാലും അടിച്ചേല്പിക്കൽനയത്തിലൂടെയല്ലാതെ ജനങ്ങളെക്കൂടി സഹകരിപ്പിച്ചു സൗഹാർദപൂർവം നടപ്പാക്കാവുന്ന ജനാധിപത്യസംവിധാനക്രമത്തിലാണല്ലോ നാം ജീവിക്കുന്നത്. പ്ലാസ്റ്റിക് നിരോധനനിയമങ്ങൾ പ്രാബല്യത്തിലായിട്ടും അവ നടപ്പാക്കാൻ ഇച്ഛാശക്തിയില്ലാത്ത സർക്കാരുകളുടെ കെടുകാര്യസ്ഥതയുടെയും ഉദാസീനതയുടെയും ചരിത്രാവലി കണ്ടു ജനം മടുത്തു. ഒറ്റത്തവണ ഉപയോഗിക്കുന്ന കനം കുറഞ്ഞ പ്ലാസ്റ്റിക് സാധനങ്ങളുടെ നിരോധനത്തിന്റെ കാര്യത്തിൽ ഇനി പ്രചാരണമോ ബോധവത്കരണമോ ആവശ്യമില്ല. ഇനി, പ്രതിബദ്ധതയോടെ സർക്കാർ നിയമം നടപ്പാക്കുക മാത്രമേ ബാക്കിയുള്ളൂ. ധീരമായ വെല്ലുവിളിയോടെ അതേറ്റെടുക്കാൻ ഭരണാധികാരികൾ പ്രതിജ്ഞാബദ്ധരാകണം. ഉചിതമായ നിയമനടപടി കൈക്കൊള്ളാൻ സർക്കാർ തയ്യാറാവുകകൂടി ചെയ്താൽ പ്ലാസ്റ്റിക് വിമുക്തമായ ഒരന്തരീക്ഷം കരുപ്പിടിപ്പിക്കാനാകും.

■

# ദൈവജനത്തിന്റെ നിശ്ശബ്ദരോദനം കേൾക്കാതെ പോകരുത്: മാർ ജോസഫ് കല്ലറങ്ങാട്ട്



*റോമിൽ നടക്കുന്ന ബിഷപ്സ് സിനഡിനു മുന്നോടിയായി പാലായിൽ നടന്ന രൂപതാതല പ്രി-സിനഡൽ യോഗത്തിൽ പങ്കെടുത്തവർ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്, സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ, വികാരിജനറാൾമാർ എന്നിവരോടൊപ്പം.*

പാലാ : ഫ്രാൻസീസ് പാപ്പാ വിഭാവനം ചെയ്തിരിക്കുന്ന പ്രാദേശികസഭാസിനഡിലൂടെ, സ്വർഗോന്മുഖമായി ഒന്നിച്ചുനീങ്ങുന്ന സഭയിൽ എല്ലാവരെയും ചേർത്തുനിർത്തി ദൈവജനത്തിന്റെ നിശ്ശബ്ദരോദനം കേൾക്കുകയും പരിഹരിക്കുകയും ചെയ്യണമെന്ന് ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്.

അടുത്തവർഷം ഒക്ടോബറിൽ റോമിൽ നടക്കുന്ന പതിനാറാമത് ബിഷപ്സ് സിനഡിനു മുന്നോടിയായി പാലാ രൂപതാതലത്തിലെ ശ്രവണത്തിന് പരിസമാപ്തി കുറിച്ചു ചൂണ്ടച്ചേരി സെന്റ് ജോസഫ്സ് എൻജിനീയറിംഗ് കോളജ് ഓഡിറ്റോറിയത്തിൽ നടന്ന രൂപതാതല പ്രി-സിനഡൽ യോഗത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു മാർ ജോസഫ് കല്ലറങ്ങാട്ട്. സഭാമക്കളുടെ കണ്ണുകളും കാതുകളും കരങ്ങളും ഹൃദയങ്ങളും മറ്റുള്ളവരെ കാരുണ്യപൂർവം കാണുന്നതിനും കേൾക്കുന്നതിനും പ്രവർത്തിക്കുന്നതിനും അതനുസരിച്ചു ഉതകണമെന്നും നമ്മൾ പരസ്പരം ശ്രദ്ധിക്കുന്നവരാകണമെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു.

ഇടവകതലത്തിലും സ്ഥാപനതലത്തിലും ആളുകളെ ശ്രവിച്ചു ക്രോഡീകരിച്ച റിപ്പോർട്ട് സിനഡൽ ടീമംഗം ഡോ. ടി.സി. തങ്കച്ചൻ അവതരിപ്പിച്ചു. പാസ്റ്ററൽ കൗൺസിൽ സബ് കമ്മിറ്റി ചെയർമാൻമാർ വിവിധ വിഷയങ്ങളെക്കുറിച്ച് റിപ്പോർട്ട് അവതരിപ്പിച്ചു. മോൺ. ജോസഫ് തടത്തിൽ വിഷയാവതരണം നടത്തി. വികാരി ജനറാൾമാർ, സിനഡൽ ടീമംഗങ്ങൾ എന്നിവർ നേതൃത്വം നൽകി. വിവിധ ഇടവകകളിലും ഫൊറോനകളിലുംനിന്നായി 225 അംഗങ്ങൾ പങ്കെടുത്തു.

## പാലായിൽ സാഹിത്യശില്പശാല ജൂലൈ 8 ന്

*പാലാ: ദീപനാളം വാരികയുടെ ആഭിമുഖ്യത്തിൽ സ്കൂൾ-കോളജ് വിദ്യാർത്ഥികൾക്കായി ഏകദിന സാഹിത്യശില്പശാല ജൂലൈ 8 ന് ദീപനാളം ഓഡിറ്റോറിയത്തിൽ നടക്കും.*

*രാവിലെയും ഉച്ചകഴിഞ്ഞുമായി നടത്തപ്പെടുന്ന ശില്പശാലയിൽ പ്രശസ്ത സാഹിത്യകാരന്മാരും നിരൂപകരും വിവിധ വിഭാഗങ്ങളിൽ ക്ലാസുകൾ നയിക്കും. വിദ്യാർത്ഥികൾക്കു സ്വന്തം രചനകൾ അവതരിപ്പിക്കാൻ അവസരമുണ്ട്. 50 പേർക്ക് പ്രവേശനം. രജിസ്ട്രേഷൻ ഫീസ് 100 രൂപ. പങ്കെടുക്കാനാഗ്രഹിക്കുന്നവർ എഡിറ്റർ, ദീപനാളം, പാലാ എന്ന വിലാസത്തിലോ 9544969593, 7306874714 എന്നീ നമ്പറുകളിലോ ബന്ധപ്പെടേണ്ടതാണ്.*

# വിവാഹിതരേ ഇതിലേ



ഫാ. ജോസഫ് നെച്ചിക്കാട്ട്

അനേകമനേകം ഗ്രന്ഥങ്ങൾക്കും ലേഖനങ്ങൾക്കും വക നല്കിയ വലിയൊരു സംഭവമാണ് ടൈറ്റാനിക് കപ്പലപകടം. 1912 ഏപ്രിൽ 14-ാം തീയതിയാണ് അതു സംഭവിച്ചത്. രാത്രി 11.45 ന് ഭീമാകാരമായ ഒരു മഞ്ഞുകട്ടയിൽ തട്ടി അതു തകർന്നുപോയി. കപ്പലിലുണ്ടായിരുന്ന 2224 പേരുടെയും ഉള്ളിൽ തീകത്തി.

എന്താണു ചെയ്യുക? പകുതിപ്പേർക്കു കയറാൻ പോലും ബോട്ടുകൾ കപ്പലിൽ കരുതിയിരുന്നില്ല. അവസരത്തിനൊത്തുയർന്ന് ക്യാപ്റ്റൻ സ്മിത്ത് കല്പന പുറപ്പെടുവിച്ചു: "എല്ലാവരും ഡക്കിലേക്ക്.'' അടുത്ത ആജ്ഞയും ഉടനെ വന്നു: "സ്ത്രീകളും കുട്ടികളും ആദ്യം ബോട്ടുകളിൽ കയറട്ടെ." ക്യൂനിന്ന് സ്ത്രീകളും കുട്ടികളും ഉണ്ടായിരുന്ന ബോട്ടുകളിൽ കയറിപ്പറ്റി.



യാത്രക്കാരിൽ പ്രമുഖരായ രണ്ടു വ്യക്തികളായിരുന്നു മിസ്റ്റർ ഇസിദോർ സ്ട്രാവുസും ഭാര്യയും. ബോട്ടിൽ കയറാതെ മാറി നില്ക്കുന്നതായിക്കണ്ട മിസ്സിസ് സ്ട്രാവുസിനോടു ക്യാപ്റ്റൻ കല്പിച്ചു: "മാഡം, എത്രയും വേഗം ബോട്ടിൽ കയറുക."

"ഇല്ല, എന്റെ ഭർത്താവിനെ വിട്ടുപോകുന്ന പ്രശ്നമില്ല.'' അതായിരുന്നു ആ മഹതിയുടെ മറുപടി. കൂട്ടത്തിൽനിന്ന ചിലർ ചോദിച്ചു: "ഇതെന്താണു മാഡം? മറ്റു സ്ത്രീകൾ കയറിയതു കണ്ടില്ലേ?"

"ഇല്ല, ഞാൻ കയറുന്നില്ല."

മിസ്റ്റർ ഇസിദോറും പറഞ്ഞു: "പ്രിയേ, നീയും ബോട്ടിൽ കയറണം. നമുക്കു ന്യൂയോർക്കിൽ എണ്ണിയാലൊടുങ്ങാത്ത നിക്ഷേപങ്ങളുണ്ടല്ലോ. നീ പോയി അവയെ കാത്തുസംരക്ഷിക്കണം."

''ഇല്ല ഇസിദോർ. നമ്മൾ വളരെ വലിയ വിലകൊടുത്തു വിജയിപ്പിച്ചതാണു നമ്മുടെ വിവാഹജീവിതം. പട്ടിണി കിടന്നു പണിയെടുത്തും രോഗങ്ങൾ പിന്നിട്ടും നേടിയത്. അവ ഒറ്റയ്ക്ക് അവിടെപ്പോയി അനുഭവിക്കുന്ന പ്രശ്നമേയില്ല." അതു മാഡം സ്ട്രാവുസിന്റെ ഉറച്ച തീരുമാനമായിരുന്നു.

ആഴങ്ങളിലേക്കു കപ്പൽ ഊർന്നിറങ്ങുമ്പോഴും അവർ കൈകോർത്തു പിടിച്ചുനിന്നിരുന്നതായി ബോട്ടിൽ കയറിയ ദൃക്സാക്ഷികൾ രേഖപ്പെടുത്തിയിട്ടുണ്ട്.

മാഡം സ്ട്രാവുസിന്റെ വാക്കുകൾ ഒരു ധീരാത്മാവിന്റേതാണ്, രക്തസാക്ഷിയുടേതാണ്; വിവാഹജീവിതത്തിന്റെ രക്തസാക്ഷിയുടേത്. കപ്പലിലുണ്ടായിരുന്ന അധികം സ്ത്രീകൾക്കും അങ്ങനെ പറയാനായില്ല, ചെയ്യാനായില്ല. എന്തുകൊണ്ടാണ് അവർക്കു മാത്രം അങ്ങനെ പറയാൻ കഴിഞ്ഞത്? മരണത്തെ മുഖാഭിമുഖം കണ്ടിട്ടും അതുപോലെ സധൈര്യം നിലയുറപ്പിക്കാൻ സാധിച്ചത്? ഉത്തരം മാഡം സ്ട്രാവുസിന്റെ വാക്കുകളിൽത്തന്നെയുണ്ട്: "വളരെ വലിയ വിലകൊടുത്തു വിജയിപ്പിച്ചതാണ് ഈ വിവാഹജീവിതം.

മാഡം സ്റ്റ്രാവുസ് പറയുന്നതുപോലെ, വിവാഹജീവിതത്തിൽ വളരെ വലിയ വില കൊടുത്തു വിജയിപ്പിക്കേണ്ട ഘട്ടങ്ങളുണ്ട്, വിശേഷിച്ചും പ്രതിസന്ധികളിൽ.

'വധൂവരന്മാരെ ബന്ധിക്കുന്ന ഈ കുരിശിനെ ദയാപൂർവ്വം ആശീർവദിക്കേണമേ' എന്ന പ്രാർത്ഥന ഉദ്ധരിച്ചുകൊണ്ട് ഒരു വൈദികൻ ഒരിക്കൽ തന്റെ സന്ദേഹം പ്രകടമാക്കി: "വധു ധരിക്കാൻ പോകുന്ന ഈ കുരിശ് ആരുടെ കുരിശാണ്? വധുവിന്റേതോ, വരന്റേതോ?" വധുവിനു വരൻ വച്ചുനീട്ടുന്ന ആ കുരിശ് ഭാവിജീവിതത്തിൽ അവൾക്കു ലഭിക്കാൻ പോകുന്ന കുരിശിന്റെ ലഘുരൂപമാകാം; വരനുള്ളതുമാകാം.

മിക്കപ്പോഴും അതു വധുവിന്റെ ഭാവിഭാഗധേയമായിരിക്കും. മാതാപിതാക്കളെയും ബന്ധുമിത്രാദികളെയും വിട്ടുപിരിഞ്ഞ്, താൻ എത്തിച്ചേർന്ന വീട് മുമ്പ് ഒരിക്കൽപ്പോലും താൻ കണ്ടിട്ടില്ലാത്ത ഭർത്തൃഗൃഹം, വധുവിനു ശിഷ്ടകാലംമുഴുവൻ അനുഭവിക്കേണ്ടിവരുന്ന കുരിശായിരിക്കും.

പ്രതീക്ഷകളെല്ലാം വിവാഹജീവിതത്തിൽ പൂവണിയാതെ വരുമ്പോൾ അസംതൃപ്തനാകുന്ന വരൻ തിരിയുക ഭാര്യയുടെ നേരേയായിരിക്കും. എല്ലാറ്റിന്റെയും പഴി അവൾക്കായിരിക്കും. ഭർത്തൃഗൃഹത്തിൽ ഏതാണ്ടു ബന്ധിതയെപ്പോലെ കഴിയേണ്ടിവരുന്ന ആ അബലയ്ക്ക് വിവാഹജീവിതം മധുരതരമായിരിക്കുകയില്ല. സ്ത്രീപീഡനം ചരിത്രം തുടങ്ങിയ കാലംമുതൽ ഉള്ളതാണല്ലോ.

വധു, വരനു കുരിശാകുന്ന രംഗങ്ങളുമുണ്ട്. ഭാര്യയുടെ വിധേയത്വവും ആദരവുമാണ് ഒരു പുരുഷൻ പ്രതീക്ഷിക്കുക. അതൊരിക്കലും ലഭിക്കാതെപോയ വ്യക്തിയാണ് വിശ്വസാഹിത്യകാരനായ ലിയോ ടോൾസ്റ്റോയി. ലളിതജീവിതം നയിക്കാനാഗ്രഹിച്ചിരുന്ന ആ മനുഷ്യന്റെ തീരാക്കുരിശായിരുന്നു ഭാര്യ സോഫിയാ. എൺപത്തിരണ്ടാമത്തെ വയസ്സിൽ ആരോരുമില്ലാതെ റഷ്യയിലെ അസ്റ്റാപോവൊ റയിൽവേ സ്റ്റേഷനിൽ കിടന്ന് അദ്ദേഹം മരണമടഞ്ഞു! മഹാനായ എബ്രാഹം ലിങ്കന്റെ 23 വർഷക്കാലത്തെ വിവാഹജീവിതം കയ്പുനിറഞ്ഞതായിരുന്നു. ആ വലിയ മനുഷ്യനെ വിലമതിക്കാൻ ഭാര്യയായിരുന്ന മേരിക്ക് ഒരിക്കൽ പോലും കഴിഞ്ഞില്ല.

ജീവിതം ഒരു കലയാണ്. വിശേഷിച്ചും വിവാഹജീവിതം. കഠിനാധ്വാനത്തിലൂടെയും കായക്ലേശത്തിലൂടെയുമല്ലേ ഏതു കലയും വിജയത്തിലെത്തുക. ആയാസംകൊണ്ടും അഭ്യാസം കൊണ്ടും നേടിയെടുക്കേണ്ട പദവി. അതുപോലെയാണു വിവാഹജീവിതമെന്ന കലയും. ദമ്പതിമാർ പലതും പരിത്യജിച്ചും പരിശീലിച്ചും ജീവിക്കേണ്ടതുണ്ട്.

ഇവിടെയാണ് സ്ട്രാവുസ് ദമ്പതികൾ വിജയിച്ചത്. അതിരറ്റ ആദർശധീരതയോടെ, ത്യാഗബുദ്ധിയോടെ ജീവിതത്തിൽ അവർ മുന്നേറി. അവർ കോടീശ്വരന്മാരായിത്തീർന്നതിന്റെ പിന്നിലും കഠിനാധ്വാനത്തിന്റെയും കഷ്ടപ്പാടിന്റെയും കഥകളുണ്ടാകും. അതാണ് മരണത്തിലും അവരെ ഒന്നിപ്പിച്ചുനിറുത്തിയത്.

ഇന്ന് അമേരിക്ക നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി വിവാഹമോചനത്തിന്റേതാണ്. മിക്ക വിവാഹബന്ധങ്ങളും ദിവസങ്ങൾ കഴിയുന്നതിനുമുമ്പ് പൊട്ടിപ്പൊളിയുന്നു, തെറ്റിപ്പിരിയുന്നു. പലരും അന്ന് ഭർത്താക്കന്മാരെ വിട്ട് ബോട്ടിൽ കയറിയവരുടെ മക്കളുടെ മക്കളും മരുമക്കളുമൊക്കെ ആണെന്നതും കേവലം യാദൃച്ഛികമാകാം. എങ്കിലും അതൊരു സത്യമാണ്. ■

# ഊഹോ

FROM THE BIBLE (19)

## വരവേല്പ്



ഫാ. തോമസ് പാട്ടത്തിൽചിറ CMF

ജറുസലേംപുരിയുടെ പാതയോരങ്ങൾ അന്നു പതിവിലേറെ ജനസാന്ദ്രമായതും ഒലിവുശിഖരങ്ങൾപോലും ഓശാന പാടിയതും ഓർക്കുന്നില്ലേ? വിഗണിക്കപ്പെടാനും വിധിക്കപ്പെടാനും വധിക്കപ്പെടാനും വന്നവനു വഴിയിൽ വീണുകിട്ടിയ വിരളമായ ഒരു വരവേല്പായിരുന്നു അത്. രാജനും രക്ഷകനുമായി ജനം അവനെ എതിരേല്ക്കുകയും ഏറ്റുപറയുകയും ചെയ്ത ദിവസം. തനിക്കു വരാനിരുന്ന വേദനകളെ അവൻ മുൻകൂട്ടി അറിഞ്ഞിരുന്നെങ്കിലും, തന്നെ അവഗണിച്ചവർ ആവേശത്തോടെ സ്തുതിഗീതങ്ങൾ ആലപിച്ചപ്പോൾ, തഴഞ്ഞുതള്ളിയവർ തങ്ങളുടെ വസ്ത്രങ്ങൾ വഴിയിൽ വിരിച്ചപ്പോൾ അവൻ ആനന്ദിച്ചിരിക്കണം. എന്നാൽ, ആരാധകരുടെ ആരവങ്ങളുടെയും ആർപ്പുവിളികളുടെയും നടുവിലും അവൻ അമിതോന്മത്തനായില്ല; തന്റെ നിയോഗം മറന്നില്ല. ലോകം നല്കുന്ന അംഗീകാരങ്ങൾക്കും ആദരവുകൾക്കും ബഹുമതികൾക്കും സുഖദുഃഖസന്തോഷങ്ങൾക്കും മധ്യേ നാമും നമ്മുടെ അസ്തിത്വത്തെ വിസ്മരിക്കരുതെന്ന് അവൻ നമ്മെ അനുസ്മരിപ്പിക്കുന്നു. നാം നാമാകുക. നാം ആരാകണമെന്നു നാമാണു നിർണയിക്കേണ്ടത്, അന്യരല്ല. നമ്മുടെ ജീവിതത്തിലും ചില ഓശാനാനുഭവങ്ങൾ ഉണ്ടായിട്ടില്ലേ? നമ്മുടേതെന്നു പറയാൻ, ഓർമയിൽ സൂക്ഷിക്കാൻ ചില ഓശാനദിനങ്ങൾ ദൈവം ഒരുക്കിയിരുന്നില്ലേ? മാമ്മോദീസ, ആദ്യകുർബാന, തിരുപ്പട്ടം, വ്രതവാഗ്ദാനം, വിവാഹം, കുടുംബത്തിൽ ഒരുകുഞ്ഞിന്റെ പിറവി, ജൂബിലിവർഷം, ചില വിജയങ്ങൾ, നേട്ടങ്ങൾ തുടങ്ങിയവയെല്ലാം നമുക്കായി മാത്രം അവിടുന്ന് അണിയിച്ചൊരുക്കിയ കുരുത്തോലദിനങ്ങളായിരുന്നു. ദൈവം നമ്മെ സഹർഷം വരവേറ്റ നിമിഷങ്ങളായിരുന്നു. അത്തരം ഒലിവിലകൾ വാടിപ്പോകാതെ ഹൃദയത്തിൽ സൂക്ഷിക്കാം. ഓർക്കണം, നിസ്സാരകാരണങ്ങളുടെ പേരിൽ വലിച്ചെറിയേണ്ടതല്ല വിശുദ്ധമായ വിശ്വാസജീവിതം. ജാതിയും മതവുമൊന്നും നോക്കാതെ ഒരാളുടെകൂടെ ഇറങ്ങിപ്പോയി തുടങ്ങേണ്ടതോ, തോന്നുമ്പോൾ ഒടുക്കേണ്ടതോ അല്ല പവിത്രമായ ദാമ്പത്യം. ഒരു നിമിഷത്തെ മടുപ്പിന്റെയും മറുചിന്തയുടെയും പേരിൽ ഉപേക്ഷിച്ചുപോകേണ്ടതല്ല പരിശുദ്ധമായ പൗരോഹിത്യവും സന്ന്യാസവും. അമൂല്യങ്ങളായി അങ്ങനെ പലതുമുണ്ട് ജീവിതത്തിൽ. അവയോരോന്നും നമ്മിൽ കോറിയിടുന്ന ആത്മീയമായ ചില കനലുകളുണ്ട്. സാധ്യമാക്കുന്ന ചില ജ്വലനങ്ങളുണ്ട്. ജീവിതതാലത്തിൽ നമുക്കു സ്വർഗം സമ്മാനിച്ച നുറുങ്ങുസന്തോഷങ്ങൾക്കു നന്ദി പറയാം. നമ്മുടെ ജീവിതമാകുന്ന ഓർശ്ലേംവീഥിയിലൂടെ രക്ഷകനെ നമുക്കും വരവേൽക്കാം. അവനുമുമ്പിൽ വിരിച്ചിടാൻ പുണ്യങ്ങളുടെ മേലങ്കികളും, അവനെ പ്രഘോഷിക്കാൻ കണ്ഠനാളത്തിൽ ചില വിശ്വാസബോധ്യങ്ങളും, കരങ്ങളിൽ സുകൃതങ്ങളുടെ സൈത്തിൻ ചില്ലകളും കരുതിവയ്ക്കാം. ജീവിതം ഓശാനവിളികളുടെ വഴിയിലൂടെയാവട്ടെ.



# മാനസികാരോഗ്യവും കുടുംബവും






ജസ്റ്റിൻ തോമസ്

**മാ**താപിതാക്കളുടെ മാനസികാരോഗ്യം കുടുംബത്തിന്റെ കെട്ടുറപ്പിനെയും സമാധാനാന്തരീക്ഷത്തെയും ഊട്ടിയുറപ്പിക്കുന്ന സുപ്രധാനഘടകംതന്നെ. മാനസികാരോഗ്യമില്ലാത്ത മാതാപിതാക്കളുടെ മക്കളും അവർക്കൊപ്പം ജീവിതം നയിക്കുന്ന മറ്റുള്ളവരും അനുഭവിക്കേണ്ടിവരുന്ന വിഷമാവസ്ഥകൾ നിസ്സാരമല്ല. കേരളസമൂഹം മാനസികാസ്വസ്ഥതകളെയും അവയുമായി ബന്ധപ്പെട്ട ചികിത്സയെയും പൂർണമായി ഉൾക്കൊണ്ടിട്ടില്ല. ഇതു പ്രശ്നങ്ങളെ വളരെ സങ്കീർണമാക്കി മാറ്റുന്നു.

**എന്താണ് മാനസികാരോഗ്യം?**

ജനിതകകാരണത്താലോ സാഹചര്യങ്ങളുടെ സമ്മർദത്താലോ ശാരീരികരോഗങ്ങൾമൂലമോ ഒരു വ്യക്തിയുടെ സാധാരണമായ സ്വഭാവ, പെരുമാറ്റ, വികാര, വിചാരതലങ്ങളെ സ്വാധീനിക്കുന്ന തലച്ചോറിലെ രാസവസ്തുക്കളുടെ ഘടനയിൽ ഉണ്ടാകുന്ന കുറവോ മാറ്റമോ ആ വ്യക്തിയുടെ സ്വഭാവ, പെരുമാറ്റ, വികാര, വിചാരതലങ്ങളിൽ അസ്വാഭാവികത സൃഷ്ടിക്കുമ്പോൾ അതു മാനസികാരോഗ്യത്തകരാറായി മനസ്സിലാക്കണം. ഇത്തരം അവസ്ഥ എത്രകാലം തുടർച്ചയായി നിലനിൽക്കുന്നു എന്നതനുസരിച്ച് ആ വ്യക്തിയുടെ മാനസികാരോഗ്യം ചികിത്സയോ മറ്റു സഹായങ്ങളോ അർഹിക്കുന്നുണ്ടോ എന്നും തീരുമാനിക്കാം.

**മാനസികരോഗങ്ങൾ പൊതുവെ എത്ര തരം?**

മാനസികരോഗങ്ങളെ അവയുടെ ലക്ഷണങ്ങളുടെ ആഴം, പഴക്കം, വ്യാപ്തി, എന്നിവയനുസരിച്ച് രണ്ടായി തിരിക്കാം. 1. ന്യൂറോസിസ് 2. സൈക്കോസിസ്.

ഉത്കണ്ഠ, പിരിമുറുക്കം, അകാരണഭയം, വ്യക്തിത്വവൈകല്യങ്ങൾ ഇവയെ ന്യൂറോസിസ് വിഭാഗത്തിൽ ഉൾപ്പെടുത്തുമ്പോൾ യാഥാർത്ഥ്യമല്ലാത്തവ ഉണ്ട് എന്നു വിശ്വസിക്കുക, കേൾക്കുക, പറയുക, അനുഭവിക്കുക, രുചിക്കുക, മരിക്കണമെന്നുള്ള ചിന്ത, പെരുമാറ്റത്തിലുണ്ടാകുന്ന പ്രകടമായ അസ്വാഭാവികതകൾ തുടങ്ങിയവയെ സൈക്കോസിസ് വിഭാഗത്തിൽ



പ്പെടുത്തുന്നു. ന്യൂറോസിസ് പ്രശ്നങ്ങളെ കൗൺസെലിങ്, തെറാപ്പികൾ തുടങ്ങിയ മനഃശാസ്ത്രരീതികളിലൂടെ പരിപൂർണമായും സുഖമാക്കുവാൻ സാധിക്കുമ്പോൾ, സൈക്കോസിസിനെ മരുന്നും ഒപ്പംതന്നെ മറ്റു മനഃശാസ്ത്രചികിത്സാരീതികളുടെ സംയോജനത്തിലൂടെയും പരിപൂർണമായും ചില സന്ദർഭങ്ങളിൽ ഭാഗികമായും സുഖപ്പെടുത്താം. മാനസികരോഗപ്രശ്നങ്ങൾ തുടക്കത്തിലേതന്നെ ചികിത്സിച്ചാൽ പൂർണമായും സുഖപ്പെടാനുള്ള സാധ്യതയുള്ളതാണ്. അജ്ഞതകൊണ്ടും മറ്റുള്ളവരെ അറിയിക്കാനുള്ള മടികൊണ്ടും മാനസികരോഗത്തെ എന്തോ തിന്മയായി, അരുതാത്തതായി കാണുന്നതിനാലും ഇവയ്ക്കുള്ള ചികിത്സ നമ്മുടെ നാട്ടിൽ വൈകാറുണ്ട്.

**മാനസികരോഗത്തോടുള്ള കുടുംബാംഗങ്ങളുടെ സമീപനം എങ്ങനെയാവണം?**

മാനസികരോഗങ്ങൾ മറ്റു രോഗങ്ങൾപോലെതന്നെ ആർക്കും ഉണ്ടാകാവുന്നതാണെന്നും അത്തരം രോഗങ്ങൾക്കു ശരിയായ ചികിത്സ വേണമെന്നും കുടുംബാംഗങ്ങൾ മനസ്സിലാക്കണം. സ്നേഹം, കരുതൽ, തുറന്ന സംസാരം, ആശ്വാസവാക്കുകൾ, അംഗീകാരം ഒക്കെയും മാനസികാരോഗ്യപ്രശ്നം നേരിടുന്നവർക്കു ധാരാളമായി നല്കണം. കുടുംബാംഗങ്ങളുടെ മാനസികാരോഗ്യം നിലനിർത്താൻ താഴെപ്പറയുന്ന ശീലങ്ങൾ പ്രാവർത്തികമാക്കാം.

1. കുടുംബാംഗങ്ങൾ തമ്മിലുള്ള തുറന്ന സംസാരം 2.കുടുംബപ്രാർത്ഥനയും ഒരുമിച്ചുള്ള ഭക്ഷണം കഴിക്കലും 3. പരസ്പരമുള്ള പ്രോത്സാഹനവും ആശ്വസിപ്പിക്കലും 4. ശരിയായ ഭക്ഷണക്രമവും ശീലങ്ങളും 5. തമാശകളും യാത്രകളും 6. മറ്റുള്ളവരുടെ സന്ദർശനങ്ങൾ പ്രോത്സാഹിപ്പിക്കുക. 7. കുടുംബത്തിൽ ആരും ഒറ്റപ്പെടുന്നില്ല എന്ന ഉറപ്പാക്കൽ 8. കൃത്യമായ ഇടവേളകളിലുള്ള വൈദ്യപരിശോധനകൾ 9. ആകസ്മികമായ സാഹചര്യങ്ങളെ അഭിമുഖീകരിക്കേണ്ടിവരുന്ന സന്ദർഭങ്ങളിൽ പതറുന്നവരെ തിരിച്ചറിയുകയും അവർക്കു വേണ്ട കരുതൽ നൽകുകയും ചെയ്യുക.

■

നേത്രസംരക്ഷണരംഗത്ത് ഒരു ദശാബ്ദക്കാലത്തെ സേവനപാരമ്പര്യവുമായി
നരിമറ്റത്തിൽ ഒപ്റ്റിക്സ്
സെന്റ് തോമസ് മാൾ
ഹെഡ് പോസ്റ്റോഫീസിന് എതിർവശം, പാലാ
ഫോൺ: .9497897155, 9496311236



പുതിയ ഷോറൂമിന്റെ ഉദ്ഘാടനം പാലാ മുനിസിപ്പൽ ചെയർമാൻ ആന്റോ ജോസ് പടിഞ്ഞാറേക്കര നിർവഹിക്കുന്നു.



സൗജന്യ കമ്പ്യൂട്ടർ നേത്ര പരിശോധന



വിദഗ്ധരും പരിചയസമ്പന്നരുമായ ടെക്നീഷ്യന്മാരുടെയും ഒപ്റ്റോമെട്രിസ്റ്റുകളുടെയും സേവനം ലഭ്യമാണ്.

ഇന്ത്യൻ & വിദേശനിർമ്മിത ലെൻസുകൾ ഫ്രെയിമുകൾ, സൺഗ്ലാസ്, കോൺടാക്റ്റ് ലെൻസ് എന്നിവയുടെ അതിവിപുലമായ ശേഖരം

H.O.: K.K. Road Kottayam Ph: 9497357236
Branches: Medical College Kottayam Ph: 9497254236
Kumbazha Road, Pathanamthitta Ph: 9447051236

നല്ലതുകാണൂ... നല്ലതിനെ കാണൂ... നല്ലതിലൂടെ കാണൂ

# ശരാശരിക്കാരും തോറ്റവരും



അഡ്വ. ചാർളി പോൾ

വിവിധ പരീക്ഷകളുടെ റിസൾട്ട് വരുന്ന സമയമാണിപ്പോൾ. ഉന്നതവിജയം ലഭിച്ചവരുടെ ഫോട്ടോകളും മാർക്ക് ലിസ്റ്റും വ്യാപകമായി പ്രചരിപ്പിക്കപ്പെടുമ്പോൾ ശരാശരിക്കാരായിപ്പോയവരും തോറ്റുപോയവരും വളരെയേറെ വിഷമിക്കുന്നുണ്ടാകാം. മാതാപിതാക്കളും മറ്റുള്ളവരും ഈ കുട്ടികളിൽ ഏല്പിക്കുന്ന സമ്മർദം വളരെ വലുതാണ്. ചിലരെങ്കിലും വീടുവിട്ട് ഇറങ്ങിപ്പോകുന്നു. ചുരുക്കം ചിലർ ആത്മഹത്യ ചെയ്യുന്നു. എല്ലാ വിഷയത്തിനും എ പ്ലസ് കിട്ടാത്തതിനാൽ മകനെ മൺവെട്ടിയുടെ കൈകൊണ്ട് ക്രൂരമായി മർദിച്ച വാർത്ത മുമ്പു പത്രങ്ങളിൽ വന്നിരുന്നു. പല കാരണങ്ങളാൽ മാർക്ക് കുറഞ്ഞുപോകും. മാർക്കു കുറഞ്ഞാലും കൂടിയാലും സന്തോഷത്തോടെ കേറിച്ചെല്ലാൻ പറ്റുന്ന ഇടങ്ങളാകണം നമ്മുടെ വീടുകൾ. മാർക്കു കുറയുമ്പോൾ, 'ഇനി വീട്ടിൽ പോകണ്ട... മരിച്ചാൽ മതി' എന്നു കുട്ടികൾ ചിന്തിക്കാൻ ഇടനൽകരുത്. മാർക്കിനെക്കാൾ എത്രയോ വലുതാണ് മക്കൾ.

പഠിക്കുന്ന രീതി, ചിട്ടയായ പഠനക്രമം, പഠിക്കുന്ന വിഷയങ്ങളോടുള്ള താത്പര്യം, ഏകാഗ്രത, പഠിച്ചത് എഴുതിഫലിപ്പിക്കാനുള്ള സാമർത്ഥ്യം, അധ്യാപകരോടും വിദ്യാലയത്തോടുമുള്ള മനോഭാവം, പഠനത്തിന്റെ പിന്നാക്കാവസ്ഥ, പഠനവൈകല്യം എന്നിങ്ങനെ നിരവധി ഘടകങ്ങൾ പരീക്ഷാവിജയത്തെ സ്വാധീനിക്കുന്നുണ്ട്. എന്താണു പരാജയകാരണങ്ങളെന്നു വിലയിരുത്തി അക്കാര്യങ്ങളിൽ മാറ്റംവരുത്തി മുന്നേറാൻ സാധിക്കും. മാതാപിതാക്കൾ കുട്ടിയെ ആക്ഷേപിച്ചും പരിഹസിച്ചും കുറ്റപ്പെടുത്തിയും നോവിക്കാൻ ശ്രമിച്ചാൽ അവർ തെറ്റുതിരുത്തുന്നതിനുപകരം പൂർവാധികം വാശിയോടെ തെറ്റ് ആവർത്തിക്കുകയാണു ചെയ്യുക. പോരായ്മകൾ സാവധാനം കുട്ടിയെ ബോധ്യപ്പെടുത്തണം. അവ പരിഹരിക്കാനുള്ള മാർഗങ്ങൾ കണ്ടെത്താൻ സഹായിക്കണം. മാർക്കു കുറഞ്ഞാലും മാതാപിതാക്കൾ ഒപ്പമുണ്ടെന്നു മക്കൾക്കു തോന്നണം. മാർക്ക് കുറഞ്ഞതിന്റെ പേരിൽ നിരാശപ്പെടുകയോ കടുംകൈകൾ ചിന്തിക്കുകയോ അരുത് എന്നു പറഞ്ഞ് ആശ്വസിപ്പിക്കുക. പ്രത്യാശയുടെയും വിജയത്തിന്റെയും വഴികൾ ഏറെയുണ്ടെന്നു ബോധ്യം പകരുക. പരീക്ഷകളിലെ വിജയപരാജയങ്ങൾക്ക് അന്തിമജീവിതവിജയവുമായി ഒരു ബന്ധവുമില്ലെന്നു കുട്ടിയെ ബോധ്യപ്പെടുത്തേണ്ടത് മാതാപിതാക്കളുടെ കടമയാണ്.



കൊവിഡ്കാലം കുട്ടികളിൽ വലിയ പ്രതിസന്ധികൾ സൃഷ്ടിച്ചിരുന്നു. ഡൽഹി ഐ.ഐ.ടിയിലെ സാമ്പത്തികശാസ്ത്ര വിഭാഗം 2021 ഓഗസ്റ്റ് മാസത്തിൽ നടത്തിയ 'സ്കൂൾ ചിൽഡ്രൻസ് ഓൺലൈൻ ആന്റ് ഓഫ്‌ലൈൻ സർവേ' പ്രകാരം ഗ്രാമീണമേഖലയിൽ 30 ശതമാനവും നഗരങ്ങളിൽ 18 ശതമാനവും തീരെ പഠിച്ചിരുന്നില്ല എന്നു കണ്ടെത്തിയിട്ടുണ്ട്. മുന്നൂറോളം കുട്ടികളാണ് കൊവിഡ് കാലത്ത് മാത്രം ആത്മഹത്യ ചെയ്തത്. പഠനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, മാതാപിതാക്കളുടെ സംഘർഷങ്ങൾ, ബന്ധങ്ങളിലെ വിള്ളലുകൾ, ലഹരിയുപയോഗം, സാമ്പത്തികപ്രശ്നങ്ങൾ, സൈബർ കുരുക്കുകൾ, ഭാവിയെക്കുറിച്ചുള്ള ആശങ്ക, അകാരണമായ ഭയം, വിഷാദം, ഒറ്റപ്പെടൽ, വികലമായ ചിന്തകൾ എന്നിങ്ങനെ നിരവധി പ്രശ്നങ്ങൾ കുട്ടികളെ അലട്ടിയിരുന്നു. അക്കാരണങ്ങളാലും മാർക്കു കുറയാനും തോറ്റുപോകാനും ഇടവന്നിട്ടുണ്ടാകാം. വസ്തുതാപരമായ വിലയിരുത്തലുകളും ബോധ്യപ്പെടലും ഉണ്ടാകുമ്പോൾ കുട്ടികൾ മാറ്റത്തിനു തയ്യാറാവും. ഉപദേശങ്ങളുടെ അളവല്ല, തിരുത്തപ്പെടേണ്ടതാണെന്ന തോന്നലുണ്ടാകാൻ ഉതകുന്ന ഇടപെടലാണ് മാതാപിതാക്കൾ നടത്തേണ്ടത്.

ഗുജറാത്തിലെ ഭരൂച് ജില്ലാ കളക്ടറായ തുഷാർ സുമേരയുടെ പത്താംക്ലാസ് മാർക്കുലിസ്റ്റ് സമൂഹമാധ്യമങ്ങളിൽ ഈയിടെ വൈറലായിരുന്നു. 2009 ബാച്ച് ഐ.എ.എസ്. ഉദ്യോഗസ്ഥനായ അവനീഷ് ശരണാണ് മാർക്ക് ലിസ്റ്റ് ട്വിറ്ററിൽ പങ്കുവച്ചത്. ഗണിതത്തിന് 100 ൽ 36, ഇംഗ്ലീഷിന് 35, സയൻസിന് 38 എന്നിങ്ങനെയാണ് മാർക്കുകൾ. തുഷാറിനു ജീവിതത്തിൽ ഒന്നുമാകാൻ കഴിയില്ലെന്നാണ് സ്കൂൾ അധികൃതരും നാട്ടുകാരും അന്നു പറഞ്ഞതെന്ന് ട്വീറ്റ് പറയുന്നു. അടുത്ത ചിത്രമായി ഭരൂച് ജില്ലാ കലക്ടറുടെ കസേരയിൽ തുഷാർ ഇരിക്കുന്നതും നൽകിയിട്ടുണ്ട്. 2012 ലാണ് തുഷാർ സുമേര ഐ.എ.എസ്. നേടിയത്. ഹ്യുമാനിറ്റീസ് ബിരുദധാരിയായ അദ്ദേഹം മുമ്പ് അധ്യാപകനായും ജോലി ചെയ്തിരുന്നു. ഇതൊരു പ്രചോദനപാഠമാണ്. മാർക്കു കുറഞ്ഞു എന്നത് ഭാവിജീവിതത്തിന്റെ അളവുകോലായി ആരും എടുക്കേണ്ടതില്ല. ജീവിതത്തിൽ വിജയിച്ച പലരും അക്കാദമിക് പെർഫോമൻസിൽ മികവു കാട്ടാത്തവരായിരുന്നു.

അസാമാന്യമായ സംയമനവും വൈദഗ്ധ്യവും പ്രകടിപ്പിച്ചതിന് കേന്ദ്രസർക്കാർ ശൗര്യചക്ര നൽകി ആദരിച്ചപ്പോൾ ക്യാപ്റ്റൻ വരുൺസിങ് തന്റെ പൂർവവിദ്യാലയത്തിലെ വിദ്യാർത്ഥികൾക്കെഴുതി: "ശരാശരിക്കാരനായിരിക്കുന്നതു മോശമല്ല..." സ്കൂളിൽ സപോർട്സിലും മറ്റു പാഠ്യപ്രവർത്തനങ്ങളിലും ശരാശരിക്കാരനായിരുന്ന വരുൺസിങ്, താൻ പിൽക്കാല ജീവിതത്തിൽ താണ്ടിയ ശൗര്യചക്രവരെയുള്ള പടവുകൾ കുട്ടികൾക്കു പ്രചോദനമേകാനായി കത്തിൽ കുറിക്കുകയായിരുന്നു. പന്ത്രണ്ടാം ക്ലാസിൽ കഷ്ടിച്ചു ഫസ്റ്റ്ക്ലാസ് വാങ്ങിച്ച ശരാശരിക്കാരനായിരുന്നു വരുൺസിങ്. എല്ലാവർക്കും 90 ശതമാനത്തിലേറെ മാർക്കു വാങ്ങി വിജയിക്കാനാവില്ല. ശരാശരിക്കാർക്കും തോറ്റുപോകുന്നവർക്കും നിരവധിയായ കഴിവുകളുണ്ട്. അവരുടെ അഭിരുചി കണ്ടെത്തി പ്രോത്സാഹിപ്പിച്ചാൽ ഇക്കൂട്ടർ ജീവിതത്തിൽ അദ്ഭുതങ്ങൾ സൃഷ്ടിക്കും.

> **മാർക്കു കുറഞ്ഞാലും മാതാപിതാക്കൾ ഒപ്പമുണ്ടെന്നു മക്കൾക്കു തോന്നണം. മാർക്ക് കുറഞ്ഞതിന്റെ പേരിൽ നിരാശപ്പെടുകയോ കടുംകൈകൾ ചിന്തിക്കുകയോ അരുത് എന്നു പറഞ്ഞ് ആശ്വസിപ്പിക്കുക. പ്രത്യാശയുടെയും വിജയത്തിന്റെയും വഴികൾ ഏറെയുണ്ടെന്നു ബോധ്യം പകരുക. പരീക്ഷകളിലെ വിജയപരാജയങ്ങൾക്ക് അന്തിമജീവിതവിജയവുമായി ഒരു ബന്ധവുമില്ലെന്നു കുട്ടിയെ ബോധ്യപ്പെടുത്തേണ്ടത് മാതാപിതാക്കളുടെ കടമയാണ്.**

പിന്നാക്കം പോയവർക്ക് ആത്മവിശ്വാസവും ആത്മധൈര്യവും പകർന്നു നൽകാം. അവരെ ചേർത്തുപിടിക്കാം. അവനവനിൽ വിശ്വാസമുള്ളവർക്ക് ഏതു കാര്യത്തിലും വിജയിക്കാനാവും. മുൻരാഷ്ട്രപതി എ.പി.ജെ. അബ്ദുൾ കലാം പറയുന്നു: "എല്ലാം നഷ്ടപ്പെട്ടതിനുശേഷവും നിങ്ങളിൽ എന്തെങ്കിലുമൊക്കെ ചെയ്യാനുള്ള ധൈര്യം ബാക്കിനിൽക്കുന്നുവെങ്കിൽ മനസ്സിലാക്കുക; നിങ്ങൾക്ക് ഒന്നും നഷ്ടപ്പെട്ടിട്ടില്ല." ആത്മധൈര്യവും ഇച്ഛാശക്തിയുംകൊണ്ട് വിജയം കൈവരിച്ചവരുടെ നീണ്ടനിരതന്നെ ചരിത്രത്തിലുണ്ട്. അവർ നമുക്കു പ്രചോദനമാണ്. നമ്മുടെ മനോഭാവവും നാമെടുക്കുന്ന തീരുമാനങ്ങളുമാണ് നമ്മുടെ ജീവിതം എങ്ങനെയെന്ന് നിർണയിക്കുക. സ്വയം പ്രചോദിതരാകുക, മാതാപിതാക്കൾ താങ്ങും തണലുമാകുക, മക്കളെ ആശ്വസിപ്പിച്ച്, അവർക്ക് ഉന്നതലക്ഷ്യങ്ങൾ പകർന്നുനൽകുക, നമ്മുടെ വാക്കുകൾ സ്വീകരിക്കാൻ അവരെ തോന്നിപ്പിക്കുന്നത് അധികാരമല്ല, നമ്മുടെ സ്നേഹസ്വാധീനമാണ്. പ്രചോദനത്തോടൊപ്പം കഠിനാധ്വാനവും വിജയത്തിനു നിദാനമെന്നവരെ ബോധ്യപ്പെടുത്തുക. ■

## ശ്രേഷ്ഠമലയാളം

ഡോ. ഡേവിസ് സേവ്യർ

# എഞ്ചുവടി



കൂട്ടാനും കുറയ്ക്കാനും ഗുണിക്കാനും ഹരിക്കാനുമുള്ള പട്ടികകൾ അടങ്ങുന്ന കൈപ്പുസ്തകമാണ് എഞ്ചുവടി (a book of multiplication table). വിദ്യാർത്ഥികൾക്ക് ഉരുവിട്ടു പഠിക്കാൻ എഞ്ചുവടി ഏറെ ഫലപ്രദമാണ്. പള്ളിക്കൂട പഠനകാലത്ത് വിദ്യാർത്ഥികൾ എഞ്ചുവടി പ്രയോജനപ്പെടുത്തിയിരുന്നു. മുതിർന്ന തലമുറയ്ക്കു മനക്കണക്കു കൂട്ടാൻ എളുപ്പമാക്കിയത് കുട്ടിക്കാലത്തെ ഗണിതപഠനമാണ്. ഇന്ന് എഞ്ചുവടി ഉപയോഗിച്ചുള്ള പഠനം പഴങ്കഥയായി. അതെല്ലാം കാൽക്കുലേറ്റർ എന്ന കൊച്ചുയന്ത്രം നിർവഹിക്കുന്നു.

എൺ + ചുവടി, സന്ധി ചെയ്തതാണ് എഞ്ചുവടി. എൺ എന്നതിന് എണ്ണുക എന്നും ചുവടി എന്നതിന് ഗ്രന്ഥം എന്നും അർത്ഥം. ചുവടായി നിൽക്കുന്ന ഗ്രന്ഥമാണ് ചുവടി അഥവാ ആധാരഗ്രന്ഥം. അതായത്, ഗണനക്രിയ പരിശീലിക്കാൻ ആധാരമായ ഗ്രന്ഥം എന്നു വിവക്ഷിതം. "എൺ + ചുവടി = എഞ്ചുവടി. എൺ + ചുവടി, ണകാരത്തിന്റെ സ്ഥാനത്ത് ചുവടിയുടെ ആദ്യവർണമായ ചകാരത്തിന്റെ സ്വവർഗാനുനാസികം (ഞ) ആദേശമായി വരുന്നു. മൂർദ്ധന്യാനുനാസികമായ ണകാരത്തെ പരമായ താലവ്യചകാരം താലവ്യാനുനാസികമാക്കും. ൺ + ച അങ്ങനെ പരസവർണനംകൊണ്ട് ഞ് + ച എന്നായി."* എൺ + ചുവടി → എഞ് + ചുവടി = എഞ്ചുവടി. എഞ്ചുവടി സംസാരഭാഷയിൽ എഞ്ചോടി എന്നാകാറുണ്ട്. ചുവട് ചോട് ആകുന്നതുപോലെ ചുവടി → ചോടി ആകാമല്ലോ.

എഞ്ചുവടിയിൽ പ്രവർത്തിക്കുന്ന സന്ധിനിയമംതന്നെയാണ് വെഞ്ചാമരം എന്ന പദത്തിലും ഉള്ളത്. വെൺ + ചാമരം ആണ് വെഞ്ചാമരം ആകുന്നത്. വെൺ + ചാമരം → വെഞ് + ചാമരം = വെഞ്ചാമരം. വെളുത്ത ചമരിമാനിന്റെ വാലുകൊണ്ടുണ്ടാക്കിയ അലങ്കാരവിശറിയാണ് വെഞ്ചാമരം. വെൺചാമരം എന്നു സന്ധിയില്ലാതെയും പ്രയോഗമുണ്ട്. വെൺ എന്നതിന് വെളുത്ത, ഭംഗിയുള്ള, തിളക്കമുള്ള എന്നെല്ലാമാണർത്ഥം. വെൺചാമരം സംഹിതയ്ക്കും വെഞ്ചാമരം ആദേശസന്ധിക്കും ഉദാഹരണമായി കല്പിക്കാം. ഒരു പദത്തിന്റെ മൂലരൂപം മനസ്സിലാക്കിയാലേ സമസ്തപദത്തിൽ അന്തർലീനമായി വർത്തിക്കുന്ന വിവക്ഷിതം ശരിയായി കണക്കാക്കാനാവൂ.

* ലത, വി. നായർ, സമ്പാദനം, എൻ.ആർ. ഗോപിനാഥപിള്ളിയുടെ കൃതികൾ, വാല്യം 2, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2019, പുറം – 44.




ജൂലൈ 3
ശ്ലീഹാക്കാലം
അഞ്ചാം ഞായർ

റൂത്ത് 1 : 6–18
പ്രഭാ 6 : 8–17
1 കോറി 3 : 5 – 14
യോഹ 11 : 1 – 16

# കുടുംബങ്ങളുടെ സ്നേഹിതൻ





ഡോ. തോമസ് വടക്കേൽ

**ഈ**ശോ സ്നേഹിക്കുകയും ഈശോയെ സ്നേഹിക്കുകയും ചെയ്ത ഒരു നല്ല കുടുംബത്തിന്റെ കഥയാണ് ശ്ലീഹാക്കാലം അഞ്ചാം ഞായറിലെ സുവിശേഷഭാഗം നമുക്കു മുമ്പിൽ അവതരിപ്പിക്കുന്നത് (യോഹ. 11:1–16). തങ്ങളുടെ ജീവിതത്തിന്റെ സന്തോഷങ്ങളും ദുഃഖങ്ങളും പങ്കുവയ്ക്കാൻ ഈശോ തങ്ങളുടെ കൂടെ വേണമെന്ന് അഭിലഷിച്ച ബഥാനിയാ ഗ്രാമത്തിലെ സഹോദരിമാരായ മർത്തായുടെയും മറിയത്തിന്റെയും അവരുടെ പ്രിയപ്പെട്ട സഹോദരൻ ലാസറിന്റെയും കുടുംബത്തിന്റെ കഥയാണിത്. കുടുംബങ്ങളെ സ്നേഹിക്കുന്ന ഈശോയെയും കുടുംബങ്ങൾ സ്നേഹിക്കുന്ന ഈശോയെയും വരച്ചുകാട്ടിക്കൊണ്ട് എല്ലാ കുടുംബാംഗങ്ങളെയും ഈശോയെ സ്നേഹിക്കുവാൻ ക്ഷണിക്കുകയാണ് യോഹന്നാൻ സുവിശേഷകൻ.

ഈശോയോടുള്ള ഈ കുടുംബത്തിന്റെ ബന്ധം വ്യക്തമാക്കുന്നതാണ് മറിയത്തെക്കുറിച്ചുള്ള വിശേഷണം (11:2). രണ്ടു കാര്യങ്ങളാണ് മറിയം ചെയ്തതായി സുവിശേഷകൻ അവതരിപ്പിക്കുന്നത്. 1. സുഗന്ധതൈലംകൊണ്ട് കർത്താവിനെ പൂശി. 2. തലമുടികൊണ്ട് അവൾ ഈശോയുടെ പാദം തുടച്ചു. യോഹ. 12:1–8 ൽ വിവരിച്ചിരിക്കുന്ന സംഭവത്തിന്റെ ഒരു മുൻപരാമർശമാണ് അനന്യവാക്യശൈലിയിൽ (paranthesis) ശ്ലീഹാ ഇവിടെ നൽകിയിരിക്കുന്നത്. ഈശോയോടുള്ള ഈ കുടുംബത്തിന്റെ കടപ്പാടാണ് ഈ രണ്ടു പ്രവൃത്തികളിലൂടെ പറയുന്നത്. വിലപ്പിടിപ്പുള്ളതും ശുദ്ധവുമായ നാർദീൻ തൈലത്താലാണ് അവൾ കർത്താവിനെ അഭിഷേകം ചെയ്തത്. മുന്നൂറോ നാനൂറോ വില വരുന്ന മുന്തിയ ഈ തൈലം രാജാക്കന്മാരെ അഭിഷേകം ചെയ്യാൻ ഉപയോഗിച്ചിരുന്നതാണ്. ഇത്രയും ദനാറ ഒരാളുടെ ഒരു വർഷത്തെ കഠിനാദ്ധ്വാനത്തിന്റെ കൂലിയുമാണ്. ഈശോയോടുള്ള സ്നേഹത്തെയും ബഹുമാനത്തെയും സൂചിപ്പിക്കുന്നതാണ് മേൽത്തരം തൈലം. കലർപ്പില്ലാത്ത ശുദ്ധിയുള്ള തൈലമാണിത്. തന്റെ മരണപ്പെട്ട സഹോദരനായ ലാസറിനെ മരണത്തിൽനിന്നു ജീവനിലേക്കു തിരികെക്കൊണ്ടുവന്നതിന്റെ നന്ദിസൂചകവുമാണിത്. പാദം കഴുകിത്തുടയ്ക്കുന്നത് ഈശോയോടുള്ള വിധേയത്വവും സമർപ്പണവുമാണ്.

ഈശോ സ്നേഹിച്ചവനാണ് ലാസർ. അക്കാരണത്താലാണ് സഹോദരിമാർ ലാസറിനെ 'ഈശോ സ്നേഹിക്കുന്നവൻ' എന്നു പ്രത്യേകം പറയുന്നത്. ബഥാനിയായിലെ ഈ കുടുംബത്തോടുള്ള ഈശോയുടെ സ്നേഹം അവർക്ക് അനുഭവവേദ്യമായതിനാലാണ് അവർ ഇപ്രകാരം മറ്റുള്ളവരോടു പറയുന്നത്. ഈശോയുടെ അനന്തവും ആഴമേറിയതുമായ സ്നേഹം ഒരാൾക്ക് ഹൃദയത്തിൽ ഉൾക്കൊള്ളാൻ സാധിക്കുമ്പോഴാണ് അതിനെക്കുറിച്ചു പങ്കുവയ്ക്കാനും സാധിക്കുന്നത്. ദൈവം സ്നേഹംതന്നെയാണ്. അവിടുന്ന് നിരന്തരം നമ്മെ സ്നേഹിക്കുന്നു. "ദൈവത്തിന് നമ്മോടുള്ള സ്നേഹം നാം അറിയുകയും അതിൽ വിശ്വസിക്കുകയും ചെയ്തിരിക്കുന്നു. ദൈവം സ്നേഹമാണ്. സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിലും ദൈവം അവനിലും വസിക്കുന്നു" (1 യോഹ. 4:16). പുത്രനായ ദൈവത്തെ ലാസറും കുടുംബവും സ്നേഹിച്ചിരുന്നു. അതിനാൽ, അവർ ദൈവത്തിൽ വസിച്ചു. ഈശോ അവരെ സ്നേഹിച്ചു; അവരുടെ കുടുംബത്തിൽ അവനെ ദൈവം സഹായിച്ചു (ലാസർ = he whom God helps).

രോഗം മരണത്തിൽ അവസാനിക്കാനുള്ളതല്ല (11:4). ഈശോയുടെ ഈ വാക്കുകൾ ഒരു പ്രവചനമാണ്; ഒപ്പം ആശ്വാസവും. ലാസറിന്റെ ഇപ്പോഴത്തെ രോഗാവസ്ഥ മരണത്തിൽ കലാശിക്കുകയില്ല എന്നല്ല ഈശോ പറയുന്നത്; മറിച്ച്, അയാൾ ജീവനിലേക്കു വരും എന്ന അർത്ഥത്തിലാണ്. അവൻ ഉറങ്ങുകയാണ് (11:11) എന്ന വാക്യം ആലങ്കാരികാർത്ഥത്തിൽ ലാസറിന്റെ മരണത്തെയാണു സൂചിപ്പിക്കുന്നത്. അവനെ ഉണർത്താൻ പോകുന്നു (11:11) എന്ന വചനം ലാസറിന്റെ പുതിയ ജീവിതത്തിലേക്കുള്ള ഉണർത്തലിന്റെ സൂചനയാണ്. ഈശോയെ സ്നേഹിക്കുന്നവരുടെ ജീവിതത്തിൽ രോഗങ്ങളും ദുരിതങ്ങളും ഒരു അവസാനമല്ല. മറിച്ച്, അതിനപ്പുറത്തുള്ള ജീവന്റെ പ്രതീക്ഷയുണ്ട്. സൗഖ്യത്തിന്റെയും നിത്യജീവന്റെയും പ്രത്യാശയും പ്രതീക്ഷയും. "ഞാൻ നിനക്ക് വീണ്ടും ആരോഗ്യം നൽകും. നിന്റെ മുറിവുകൾ സുഖപ്പെടുത്തും" (ജെറമിയ 30:17).


ബഥാനിയായിലെ കുടുംബത്തിലെ എല്ലാവരെയും ഈശോ സ്നേഹിച്ചു (11:5). മർത്തായും മറിയവും ലാസറുമെല്ലാം ഈശോയുടെ സ്നേഹം നുകർന്നവരാണെന്നു സുവിശേഷകൻ സമർത്ഥിക്കുന്നു. ഈശോ സ്നേഹിച്ചിരുന്ന ഈ കുടുംബത്തെ മറ്റെല്ലാവരും സ്നേഹിക്കുന്നുണ്ട്. ശിഷ്യന്മാരോടു സംസാരിക്കുമ്പോൾ ലാസറിനെക്കുറിച്ച് ഈശോ പറയുന്നത് 'നമ്മുടെ സ്നേഹിതൻ' (our friend) എന്നാണ്. ഈശോയുടെ ജറൂസലേം യാത്രകളിൽ ലാസറിന്റെ കുടുംബത്തിന്റെ സ്നേഹത്തിലും സൗഹൃദത്തിലും ശിഷ്യന്മാരും തീർച്ചയായും പങ്കുചേർന്നിട്ടുണ്ടാവണം. അങ്ങനെയാവണം ലാസർ അവരുടെയുംകൂടെ സ്നേഹിതനാകുന്നത്. ഫിലോസ് (philos) എന്ന ഗ്രീക്കുവാക്ക് സൂചിപ്പിക്കുന്നത് ഉറ്റചങ്ങാതിയെ, സ്നേഹിക്കുന്ന സുഹൃത്തിനെ, പ്രിയപ്പെട്ടവനെ (close companion, loving friend, beloved) ഒക്കെയാണ്.

നമുക്ക് അവന്റെ അടുത്തേക്കു പോകാം (11:15). ശിഷ്യന്മാരോടുള്ള ഈശോയുടെ ഈ വാക്കുകൾ ലാസറിന്റെ കുടുംബത്തോടുള്ള അവിടുത്തെ സ്നേഹത്തെ കുറിക്കുന്നു. യഹൂദന്മാർ ഈശോയെ കല്ലെറിയുമെന്ന ഭീഷണി നിലനില്ക്കുമ്പോഴും അതൊന്നും വകവയ്ക്കാതെ അതിനെ മറികടക്കുന്നവനാണ് ഈശോ. ശിഷ്യന്മാരുടെ ഭയത്തിനു മുമ്പിൽ ഈശോ പതറുന്നില്ല. അവിടുത്തെ മനസ്സിലുള്ളത് ലാസറിനോടും കുടുംബത്തോടുമുള്ള കരുതലാണ്. അക്കാരണത്താലാണ് പ്രതിയോഗികളുടെ സ്ഥലമായ യൂദയായിലേക്കു നമുക്കു പോകാം എന്ന് ശിഷ്യന്മാരോടു പറയുന്നത്.

ഈശോയുടെ സ്നേഹം കൂടുതലായി പ്രതിഫലിക്കുന്നത് തുടർന്നുള്ള വചനഭാഗങ്ങളിലാണ്. യേശു കണ്ണീർ പൊഴിച്ചു (11:35) എന്ന് സുവിശേഷകൻ രേഖപ്പെടുത്തുന്നുണ്ട്. സഹോദരൻ നഷ്ടപ്പെട്ട സഹോദരിമാരുടെ വിലാപത്തിലുള്ള ഈശോയുടെ പങ്കുചേരലാണിത്. യേശു പൊഴിച്ച കണ്ണീർ ലാസറിനോടുള്ള അവിടുത്തെ സ്നേഹത്തിന്റെ ആഴമാണു വ്യക്തമാക്കുന്നത്. ഒപ്പം, പിതാവായ ദൈവത്തിന്റെ പക്കലേക്കു ലാസറിനെ സമർപ്പിക്കുന്നതുമാണ്. "തന്റെ ഐഹികജീവിതകാലത്ത് ക്രിസ്തു, മരണത്തിൽനിന്നു തന്നെ രക്ഷിക്കാൻ കഴിവുള്ളവന് കണ്ണീരോടും വലിയ വിലാപത്തോടും കൂടെ പ്രാർത്ഥനകളും യാചനകളും സമർപ്പിച്ചു" (ഹെബ്രാ. 5:7).

ഈശോ എന്നെയും എന്റെ കുടുംബാംഗങ്ങളെയും എന്നും കരുതലോടെ സ്നേഹിക്കുന്നുണ്ട്. ഇന്നത്തെ ചോദ്യമിതാണ്: ഞാനും എന്റെ കുടുംബാംഗങ്ങളും ഈശോയെ സ്നേഹിക്കുന്നുണ്ടോ? ജീവിതത്തിന്റെ സുഖദുഃഖങ്ങളൊക്കെ അവിടുത്തോടു പങ്കുവയ്ക്കുന്നുണ്ടോ? ബഥാനിയായിലെ കുടുംബം നമുക്കു മാതൃകയായിരിക്കട്ടെ. ■

ഉദ്ദിഷ്ടകാര്യം
സാധിച്ചതിന് ഉപകാരസ്മരണ



മറിയാമ്മ സേവ്യർ
പെരുമാംകുന്നേൽ, പാദുവ

ഉദ്ദിഷ്ടകാര്യം
സാധിച്ചതിന് ഉപകാരസ്മരണ



മറിയാമ്മ സേവ്യർ
പെരുമാംകുന്നേൽ, പാദുവ

# പൂർണ്ണസമർപ്പണത്തിന്റെ പുണ്യജീവിതം



ഫാ. കുര്യാക്കോസ് നരിതൂക്കിൽ

**2022 മേയ് 15-ാം തീയതി വിശുദ്ധയായി പ്രഖ്യാപിക്കപ്പെട്ട ഉറുഗ്വേയുടെ പ്രഥമവിശുദ്ധ മരിയ ഫ്രൻചേസ്കാ ദി ജേസു (1844 – 1904)**

‘പാവപ്പെട്ടവരെ ശുശ്രൂഷിക്കാൻ മാത്രമല്ല സ്വയം പാവപ്പെട്ടവളാകാനും ഞാൻ പഠിച്ചു’ എന്നു പറഞ്ഞ വി. മരിയ ഫ്രൻചേസ്കാ ജനിച്ചത് വടക്കേ ഇറ്റലിയിലെ ഒരു പ്രധാനനഗരമായ ടൂറിനു സമീപമുള്ള കർമഞ്ഞോള എന്ന സ്ഥലത്താണ്. 1844 ഫെബ്രുവരി 14-ാം തീയതിയായിരുന്നു ജനനം. അന്ന മരിയ റുബാത്തോ എന്നായിരുന്നു സന്ന്യാസിനിയാകുന്നതിനു മുമ്പുള്ള പേര്. പിൽക്കാലത്തും അവർ മദർ റുബാത്തോ എന്ന് അറിയപ്പെട്ടിരുന്നു. അവർ സ്ഥാപിച്ച കപ്പൂച്ചിൻ സിസ്റ്റേഴ്സിന്റെ മൂന്നാംസഭ എന്ന സഖ്യത്തിന്റെ ഇപ്പോഴത്തെ പേര് കപ്പൂച്ചിൻ സിസ്റ്റേഴ്സ് ഓഫ് മദർ റുബാത്തോ എന്നാണ്.

**ജീവിതചരിത്രം**

അന്ന മരിയയ്ക്കു നാലു വയസ്സുള്ളപ്പോൾ പിതാവ് മരിച്ചു. പത്തൊൻപതാംവയസ്സിൽ അമ്മയും നഷ്ടമായി. അമ്മയിൽനിന്ന് ദൈവസ്നേഹാധിഷ്ഠിതമായ ആഴമുള്ള ഒരാധ്യാത്മികത സ്വായത്തമാക്കാൻ അന്ന മരിയയ്ക്കു സാധിച്ചു.

അനാഥയായ അവൾ ടൂറിൻ നഗരത്തിലെ മരിയാന്ന സ്കൊഫോണെ എന്ന കുലീനയായ സ്ത്രീയുടെ സഹായിയായും അവരുടെ ഭൂസ്വത്തുക്കളുടെ മേൽനോട്ടക്കാരിയായും വർത്തിച്ചു. അതേസമയം, പാവപ്പെട്ടവരെ സഹായിക്കാനും രോഗികളെ ശുശ്രൂഷിക്കാനും അവർ സമയം കണ്ടെത്തിയിരുന്നു. ഇപ്രകാരം 18 വർഷം കടന്നുപോയി.

അന്ന മരിയ റുബാത്തോയുടെ ജീവിതചരിത്രത്തിൽ ഒരു യാദൃച്ഛികസംഭവം വിവരിക്കുന്നുണ്ട്.

1883 ൽ ലൊവാനോ എന്ന കടൽത്തീരസുഖവാസസ്ഥലത്തു കഴിയവേ, ഒരു ദൈവാലയത്തിൽനിന്നു പ്രാർത്ഥിച്ചിറങ്ങുമ്പോൾ അന്ന മരിയ ഒരപകടത്തിനു സാക്ഷിയായി. നിർമാണത്തിലിരുന്ന ഒരു കെട്ടിടത്തിന്റെ മുകളിൽനിന്ന് ഒരു ചെറുപ്പക്കാരനായ പണിക്കാരന്റെ തലയിൽ ഒരു കല്ലു വന്നു വീണു. അതു കണ്ട നിമിഷത്തിൽത്തന്നെ അവിടെ ഓടിയെത്തി അവന്റെ തലയിലെ മുറിവ് കഴുകിക്കെട്ടി രണ്ടു ദിവസം പണിയെടുത്താൽ കിട്ടാമായിരുന്ന കൂലിയും നല്കി വീട്ടിൽപോയി വിശ്രമിക്കണമെന്നു പറഞ്ഞ് അവനെ യാത്രയാക്കി.

ഇതെല്ലാം കണ്ടുനിന്ന കപ്പൂച്ചിൻ വൈദികനായ അഞ്ചെലിക്കോ മർത്തീനി, ആ കെട്ടിടത്തിൽ ആരംഭിക്കാനിരുന്ന ഒരു ആത്മീയസംഘടനയ്ക്കു നേതൃത്വം കൊടുക്കാൻ അനുയോജ്യയായ സ്ത്രീയാണ് ഇവരെന്നു തീരുമാനിച്ചു. അതിനായി അന്ന മരിയായെ സമീപിച്ചു. നാല്പതു വയസ്സായ അവർക്ക് ഇങ്ങനെ ഒരു ഉത്തരവാദിത്വം ഏറ്റെടുക്കാൻ മടിയായിരുന്നു. എങ്കിലും, ആധ്യാത്മികോപദേഷ്ടാവിന്റെ അഭിപ്രായം ആരായുകയും പല ദിവസങ്ങൾ പ്രാർത്ഥനയിൽ ചെലവഴിക്കുകയും ചെയ്ത ശേഷം ഈ ചുമതല ഏറ്റെടുത്തു. അഞ്ചു ഭക്തസ്ത്രീകൾ ചേർന്ന് 1885 ൽ ആരംഭിച്ച സമൂഹത്തിനു നല്കിയ പേര് കപ്പൂച്ചിൻ സിസ്റ്റേഴ്സിന്റെ മൂന്നാം സഭ എന്നായിരുന്നു.



വിശുദ്ധ മരിയ ഫ്രൻചേസ്കാ ദി ജേസു

മൂന്നു വർഷത്തിനുള്ളിൽ ഈ സന്ന്യാസിനീസഭയ്ക്ക് ഇറ്റലിയിലും തെക്കേ അമേരിക്കൻ രാജ്യമായ ഉറുഗ്വേയിലും ശാഖകൾ ഉണ്ടായി. ഉറുഗ്വേയുടെ തലസ്ഥാനമായ മൊന്തെവീദെയോയിലാണ് തെക്കേ അമേരിക്കയിലെ ആദ്യഭവനം സ്ഥാപിച്ചത്. താമസിയാതെ, അർജന്റീനായിലും ബ്രസീലിലും ശാഖകൾ സ്ഥാപിച്ചു. 1899 ലാണ് ബ്രസീലിലെ ആൾത്തോ അലേഗ്രേ എന്ന സ്ഥലത്ത് കപ്പൂച്ചിൻ വൈദികരുടെ സഹായത്തോടെ ഒരു ഭവനം ആരംഭിച്ചത്. 1901 ൽ അവിടെ നടന്ന ഒരു കൂട്ടക്കൊലയിൽ ആ ഭവനത്തിൽ ആകെയുണ്ടായിരുന്ന ഏഴു സിസ്റ്റേഴ്സും കൊല്ലപ്പെട്ടു. മദർ ഫ്രൻചേസ്കായെ വളരെയധികം പിടിച്ചുലച്ച ഒരു സംഭവമായിരുന്നു അത്. ദൈവത്തിലാശ്രയിച്ചുകൊണ്ട് വീണ്ടും തന്റെ പ്രവർത്തനങ്ങൾ തുടർന്നു. ജെനോവായിലുള്ള മദർ ഹൗസിൽനിന്ന് ഏഴു തവണ കപ്പൽയാത്ര ചെയ്ത് തെക്കേ അമേരിക്കയിലെ ഭവനങ്ങൾ സന്ദർശിച്ചിട്ടുണ്ട്.


അതിൽ ഏറ്റവും അവസാനം മൊന്തെ വീദെയോയിലെത്തുന്നത് 1902 ലാണ്. 1904 ഓഗസ്റ്റ് ആറാംതീയതി അവർ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. മൊന്തെവീദോയിൽത്തന്നെ ആ പൂജ്യദേഹം അടക്കം ചെയ്തു.

നമ്മുടെ കർത്താവീശോമിശിഹായ്ക്ക് സമ്പൂർണസമർപ്പണം ചെയ്ത ഈ പുണ്യജീവിതം അതേസമയം സമൂഹത്തിലെ ഏറ്റവും പാവപ്പെട്ടവർക്കായും സമർപ്പിതമായിരുന്നു.

മൊന്തെവീദെയോയിലും ജനോവായിലുമായി നാമകരണനടപടികൾ നടന്നു. 1993 ഒക്ടോബർ 10-ാം തീയതി റോമിൽവച്ച് പരിശുദ്ധപിതാവ് ജോൺപോൾ രണ്ടാമൻ മദർ മരിയ ഫ്രൻചേസ്കായെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചു. ഓഗസ്റ്റ് 9 തിരുനാൾദിനമായി നിശ്ചയിക്കുകയും ചെയ്തു.

■

# ഇനിയൊരു യുദ്ധം ഉണ്ടാവരുത്



സി.എൽ. ജോസ്

1914 മുതൽ 1918 വരെ നടന്ന ആഗോളയുദ്ധമാണ് ഒന്നാംലോകമഹായുദ്ധം. ഇരുപതാംനൂറ്റാണ്ടിൽ സമാധാനത്തെ തകർത്ത, സർവനാശം വിതച്ച ആദ്യത്തെ വലിയ യുദ്ധം ഇതായിരുന്നു. ഈ യുദ്ധത്തിൽ പങ്കെടുത്ത രാഷ്ട്രങ്ങളെല്ലാംകൂടി ഏഴു കോടി പട്ടാളക്കാരെ അണിനിരത്തി. ഇതിൽ ഒരു കോടി കൊല്ലപ്പെട്ടു. മൂന്നുകോടിപ്പേർക്ക് മുറിവേറ്റു. രോഗവും പട്ടിണിയും മൂലം ലക്ഷക്കണക്കിനാളുകൾ മരിച്ചു.

വസ്തുവകകളിലുണ്ടായ നഷ്ടം അതിഭീമമാണ്. പല പട്ടണങ്ങളും നഗരങ്ങളും നാമാവശേഷമായി. പാലങ്ങളും റോഡുകളും തകർന്നു. വാഹനഗതാഗതം നിശ്ചലമായി. ഫാക്ടറികളും വ്യവസായശാലകളും ചാമ്പലായി. കൃഷിയും വ്യവസായവും സമ്പദ്‌വ്യവസ്ഥയും യൂറോപ്പിൽ എല്ലാ രാജ്യങ്ങളിലും തകർന്നു.

‘ഈ ഭൂമുഖത്ത് ഇനി ഒരു യുദ്ധം വേണ്ട’ എന്ന് എല്ലാ ജനങ്ങളും പറഞ്ഞു, ഉള്ളാലേ ആഗ്രഹിച്ചു. ജനലക്ഷങ്ങളുടെ മനസ്സും ഇംഗിതവും കണക്കിലെടുത്തിട്ടെന്നവണ്ണം അമേരിക്കയിലെ ഒരു പ്രമുഖപത്രത്തിൽ ഒരു പരസ്യം പ്രത്യക്ഷപ്പെട്ടു: “ഇനി ഒരു യുദ്ധം ഉണ്ടാകരുത്.” – ഈ ആശയം പ്രാവർത്തികമാക്കാൻ പറ്റിയ മികച്ച മാർഗനിർദേശങ്ങൾ ക്ഷണിച്ചുകൊണ്ടുള്ളതായിരുന്നു പരസ്യം. ആ പരസ്യം ഒരു മാസത്തിനുള്ളിൽ രണ്ടുമൂന്നുവട്ടം ആവർത്തിച്ചു. ഒന്നാംസ്ഥാനം നേടുന്ന നിർദേശത്തിന് സമ്മാനത്തുക ഒരു ലക്ഷം ഡോളർ.

ചുരുങ്ങിയ ആഴ്ചകൾക്കുള്ളിൽ വിവിധ രാജ്യങ്ങളിൽനിന്നു രണ്ടായിരത്തിൽപ്പരം നിർദേശങ്ങൾ പത്രമാപ്പീസിലേക്ക് ഒഴുകിയെത്തി. വൈവിധ്യമാർന്ന ചിന്തകളും ആശയങ്ങളും നിറഞ്ഞവയായിരുന്നു നിർദേശങ്ങൾ. അവയിൽ ചിലത് ഇങ്ങനെ: പ്രധാന രാഷ്ട്രത്തലവന്മാരും ബന്ധപ്പെട്ട അധികാരികളും ഒരുമിച്ചിരുന്നു ചർച്ച ചെയ്തു ലോകസമാധാനത്തിനുള്ള വഴിയൊരുക്കുക, സ്വാർത്ഥമനസ്സു കൈവെടിഞ്ഞ് ലോകജനതയെ മുന്നിൽക്കണ്ടു ഫലപ്രദമായ ചർച്ചകളിലൂടെ സമവായം കണ്ടെത്തുക. ചില സ്ഥാപനങ്ങളും സമൂഹങ്ങളും പ്രമുഖവ്യക്തികളും അവരുടെ അഭിപ്രായങ്ങൾ പ്രബന്ധരൂപത്തിലാണു സമർപ്പിച്ചത്. ചിലർ ചുരുങ്ങിയ വാക്കുകളിലും. അങ്ങനെ ചെറുതും വലുതുമായ ഒട്ടനവധി ക്രിയാത്മകമായ നിർദേശങ്ങൾ.



പത്രത്തിന്റെ അധികാരികൾ നിയോഗിച്ച ഒരു വിദഗ്ധസമിതി ലഭിച്ചതായ സകലനിർദേശങ്ങളും സൂക്ഷ്മമായി പരിശോധിച്ചു വിലയിരുത്തി. ഒടുവിൽ ഒന്നാം സമ്മാനത്തിനർഹമായ നിർദേശം തിരഞ്ഞെടുത്തു. അതിനു വെറും രണ്ടേ രണ്ടു വാക്കുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ: “TRY CHRIST” “ക്രിസ്തുവിനെ പരീക്ഷിച്ചുനോക്കുക.”

ആശ്ചര്യം ജനിപ്പിക്കുന്ന അർത്ഥഗർഭമായ വാക്കുകൾ!

സമാധാനത്തിന്റെ രാജാവായ ക്രിസ്തു. ശത്രുസ്നേഹത്തിന്റെ വ്യാഖ്യാതാവായ, അനുരഞ്ജനത്തിന്റെ ആൾരൂപമായ, ക്ഷമയുടെ പര്യായമായ, അറിവിന്റെ പ്രതീകമായ, സഹനത്തിന്റെ മാതൃകയായ ക്രിസ്തു.

ആ ക്രിസ്തുവിന്റെ ദർശനങ്ങളും ആശയങ്ങളും ആഹ്വാനങ്ങളും സിദ്ധാന്തങ്ങളും രാഷ്ട്രത്തലവന്മാർ വിശാലമനസ്സോടെ പിന്തുടർന്നാൽ ലോകത്തു ശാന്തിയും സമാധാനവും പൊട്ടിവിടരും, പൂത്തുലയും, എന്നും പ്രകാശം പരത്തും.

■

നോവൽ 19



# ദേവാങ്കണം

ഗിരീഷ് കെ. ശാന്തിപുരം

ദേവസഹായം പറഞ്ഞ വാക്കുകളുടെയോ ചോദിച്ച ചോദ്യങ്ങളുടെയോ സാരാംശം ഗ്രഹിക്കാൻ ശേഷിയുണ്ടായിരുന്നില്ല ഭാർഗവിയുടെ മാതാവിന്. വർദ്ധിച്ച അവർ ദേഷ്യത്തോടെ അയാളെ വിട്ടുപോയി.

നീലകണ്ഠനോടു സംസാരിച്ചിട്ടു കാര്യമില്ല. അവനെ ആരോ ചതിയിൽപ്പെടുത്തിയതാണ്. ഏതോ ക്ഷുദ്രപ്രയോഗങ്ങൾ അവനുമേലുണ്ടായിരുന്നു. അല്ലെങ്കിൽ നമ്മുടെ മതം, ആചാരങ്ങൾ, ദേവീദേവന്മാർ ഇതൊക്കെയുപേക്ഷിച്ച് സ്ഥിരബുദ്ധിയുള്ള ഒരാൾ ചണ്ഡാളന്മാരും നീചകുലത്തിൽപ്പെട്ടവരും സ്വീകരിക്കുന്ന മതത്തിൽ ചെന്നുചേരുകയില്ല.

ജീർണതയുടെ ജടകെട്ടിയ യാഥാസ്ഥിതികബോധം ആ സ്ത്രീക്ക് ഒരു സ്വസ്ഥതയും നല്കിയില്ല. അഭിമാനക്ഷതത്തിന്റെ ശരശയ്യയിലെന്നവണ്ണം അവരുടെ മനസ്സു പിടഞ്ഞു.

നീലകണ്ഠന്റെ പൂർവികർ ക്ഷേത്രകർമികളായിരുന്നു. മരുതുകുളങ്ങര എന്ന നാട്ടുരാജ്യത്തുനിന്ന് നട്ടാലത്തെ ക്ഷേത്രപൂജാരിയായി തിരുവിതാംകൂർ മഹാരാജാവ് നിയമിച്ചതാണ് നീലകണ്ഠന്റെ പൂർവികരിലൊരാളെ.

അന്നുമുതൽ ഇന്നുവരെ ആ കുടുംബം ക്ഷേത്രാദികാര്യങ്ങൾക്ക് ഒരു വിഘ്നവും വരുത്തിയിട്ടില്ല. വിശ്വാസങ്ങൾ ഹനിച്ചിട്ടില്ല. പക്ഷേ, ഇപ്പോൾ തന്റെ മരുമകൻ അത്തരം വിശ്വാസങ്ങളുടെ സാലവൃക്ഷങ്ങളെ വേരോടെ പിഴുതുകളഞ്ഞിരിക്കുന്നു.

അവർ കോപവും വ്യസനവുമടക്കാനാവാതെ ഭാർഗവിയുടെ സമീപത്തേക്കു പാഞ്ഞുചെന്നു. അമ്മയുടെ വരവും മട്ടും ഭാവവും കണ്ടപ്പോൾ ഭാർഗവിയുടെ ഹൃദയത്തിൽ ഒരാന്തലുണ്ടായി. അമ്മ തന്റെ ഭർത്താവിനോട് എന്തൊക്കെ പറഞ്ഞിട്ടുണ്ടാവില്ല! മേലുകീഴ് നോക്കാതെ സംസാരിക്കുന്ന പ്രകൃതമാണമ്മയ്ക്ക്.

ഭാർഗവിയുടെ സമീപത്തേക്കു വന്ന ആ സ്ത്രീ കോപംകൊണ്ടു ജ്വലിക്കുന്നുണ്ടായിരുന്നു. അമ്മ എന്തൊക്കെയാണു പറയാൻ പോകുന്നതെന്നവൾ പേടിച്ചു. തന്റെ ഭർത്താവിനെക്കുറിച്ചോ? ഭർത്താവിന്റെ മതംമാറ്റത്തെക്കുറിച്ചോ? ഭർത്താവിനെ പിൻപറ്റി താനെടുത്ത തീരുമാനത്തെക്കുറിച്ചോ?

തന്നെക്കുറിച്ച് എന്തായാലും ക്ഷമിക്കാൻ കഴിയും. പക്ഷേ, തന്റെ ഭർത്താവിനെപ്പറ്റി ആരും മോശമായി സംസാരിക്കുന്നത് ഒട്ടും ഹിതകരമല്ല! അത് ആരായാലും. അവൾ അമ്മയെ നോക്കി. ആ നോട്ടത്തിൽ ഭാർഗവിയുടെ പതിവ് സൗമ്യതയുണ്ടായിരുന്നില്ല.


"എടീ, നിന്റെ ഭർത്താവിന് ആരോ മരുന്നു കൊടുത്ത് അവന്റെ ബുദ്ധിയെ കെടുത്തിയിരിക്കുന്നു. അവൻ സ്ഥിരബുദ്ധിയില്ലാത്തവനെപ്പോലെ എന്തൊക്കെയോ ജല്പിക്കുന്നു. എന്നാൽ, നീ അതൊന്നും കാര്യമാക്കേണ്ടതില്ല. അതല്ല, നീയും അവനിൽനിന്നു വേദം പഠിക്കുകയാണെങ്കിൽ നിന്റെയും നിനക്കുണ്ടാകുന്ന കുട്ടികളുടെയും ജീവിതം നിഷ്ഫലമായിപ്പോകും. നാട്ടുകാരും വീട്ടുകാരും നിങ്ങളെ വെറുക്കും. നാട്ടിൽനിന്നുതന്നെ നിങ്ങളെ ആട്ടിയോടിക്കും."

ഭാർഗവിയെ ഒരു ഭീതി വീണ്ടും ഗ്രസിച്ചു. ആ ഭീതി താൻ സത്യവേദം സ്വീകരിച്ചാലുണ്ടാകുന്ന അനന്തരഫലങ്ങളെക്കുറിച്ചോർത്തല്ല. സമൂഹത്തിൽ അവളുടെ ഭർത്താവിന് അഭിമുഖീകരിക്കേണ്ടിവന്നേക്കാവുന്ന പ്രയാസങ്ങളെ പ്രതിയായിരുന്നു.

അവൾക്ക് അമ്മയോടു മറുത്തൊന്നും പറയാനുള്ള ത്രാണി കിട്ടിയില്ല. മനസ്സ് അരൂപമായ വ്യാകുലപാശത്താൽ വരിഞ്ഞുമുറുക്കപ്പെട്ടിരിക്കുന്നു. അമ്മ തുടർന്നു:

"അതുകൊണ്ട് നീയവനെ ശാസിച്ചോ ഉപദേശിച്ചോ നേരേയാക്കണം. നമ്മുടെ ജാതിമഹിമ മുൻനിറുത്തി ബ്രാഹ്മണപുരോഹിതന്മാരിൽനിന്നു ഭസ്മം സ്വീകരിച്ചു സ്വമതത്തിലേക്കു മടക്കിക്കൊണ്ടുവരണം."

"ഉപദേശിക്കാനോ...? സ്വന്തം ഭർത്താവിനെ ശാസിക്കാനും ഉപദേശിക്കാനും ഉത്തമയായ ഒരു ഭാര്യ ഒരുമ്പെടുകയോ? സാധ്യമല്ല. ഇങ്ങനെയൊക്കെ പറയാൻ അമ്മയ്ക്കു ലജ്ജയില്ലേ? ഇതാണോ ഒരമ്മ മകൾക്കു പറഞ്ഞു കൊടുക്കുന്ന നല്ല പാഠം?"



"എടീ, നീയും അവനെപ്പോലെ എന്നെ ദ്വേഷിക്കുന്നോ?"

"ഒരിക്കലുമല്ല. എന്റെ ഭർത്താവ് ഒരു ബുദ്ധിഹീനനോ അറിവില്ലാത്തതവനോ അല്ല. വിജ്ഞാനിയും വിവേകശാലിയുമാണദ്ദേഹം. വേദേതിഹാസങ്ങളും പുരാണങ്ങളുമൊക്കെ പഠിച്ചവൻ. ഒരു ദേശം മുഴുവനാൽ ബഹുമാനിക്കപ്പെടുന്നവൻ. കൊട്ടാരത്തിൽ ഉന്നതപദവി വഹിക്കുന്നയാൾ. അദ്ദേഹം തിരഞ്ഞെടുക്കുന്ന വഴികൾ ഒരിക്കലും തെറ്റിന്റേതായിരിക്കില്ല. അഥവാ അതു തെറ്റാണെങ്കിൽക്കൂടിയും ഒരുത്തമഭാര്യയെന്ന നിലയിൽ എനിക്കദ്ദേഹത്തെ പിൻതുടരുകയേ നിവൃത്തിയുള്ളൂ."

"അപ്പോ നീയും അവന്റെ മാർഗത്തിൽത്തന്നെ പോകുമെന്ന്..."

ഭാർഗവി ആ ചോദ്യത്തിനൊരുത്തരം പറഞ്ഞില്ല. അമ്മയുമായി ഒരു ശണ്ഠ ഒരിക്കലും അവൾ ആഗ്രഹിക്കുന്നില്ല. അതുകൊണ്ടു നേട്ടമൊന്നും ഉണ്ടാകാനിടയില്ല.

ഭാർഗവിയുടെ മൗനം അവളുടെ അമ്മയെ കൂടുതൽ കോപാകുലയാക്കുകയാണു ചെയ്തത്.

"നോക്ക്, നിനക്കും നിന്റെ ഭർത്താവിനും കാളീദേവിയുടെ ശാപമുണ്ടാകും. നിന്റെ ഭർത്താവിന്റെ ഉദ്യോഗം ഇല്ലാതെയാകും. രാജാവു മുതൽ കരുവാൻ മാണിക്കൻവരെ നിങ്ങളെ ദുഷിക്കും. അതുണ്ടാകാതിരിക്കണമെങ്കിൽ അവന്റെ ദുർബുദ്ധിക്കു വഴിപ്പെടാതെ നീയെങ്കിലും ഭദ്രകാളിയെ പൂജിച്ചും സേവിച്ചും ജീവിക്കുക."

അവർ ഭൂമി കുലുങ്ങുമാറ് കാലുകളമർത്തിച്ചവുട്ടി കടന്നുപോയി. ഒരു കൊടുങ്കാറ്റ് അഴിഞ്ഞുപോയതുപോലെ ഭാർഗവിക്കു തോന്നി. അവൾ ഒട്ടുനേരം ചിന്താഭരിതയായി ഇരുന്നു.

ഭാര്യയോടുള്ള അമ്മായിയമ്മയുടെ ശകാരങ്ങൾ ദേവസഹായം കേൾക്കുന്നുണ്ടായിരുന്നു. അദ്ദേഹം പ്രതികരിച്ചില്ല. ഭാർഗവി അതേക്കുറിച്ചു തന്നോട് എന്തെങ്കിലും സംസാരിക്കുമെന്ന് ദേവസഹായം പ്രതീക്ഷിച്ചു. പക്ഷേ, അതുണ്ടായില്ല.

അമ്മയുടെ വാക്കുകളൊന്നും ഭാർഗവിയിൽ ഒരു ചലനവും സൃഷ്ടിച്ചില്ല. ഒരു ചെറുകാറ്റുപോലെ അതൊക്കെ അവളെ കടന്നുപോയി. സത്യവേദത്തിൽ ചേർന്നാലുണ്ടായേക്കാവുന്ന പ്രയാസങ്ങളെക്കുറിച്ച് അവൾക്ക് ഒട്ടൊക്കെ ബോധ്യമുണ്ട്. അതെന്തുതന്നെയായാലും തന്റെ പ്രിയതമനൊപ്പം നേരിടാൻ അവൾ സന്നദ്ധയാണ്.

രാത്രി വന്നു. അഗ്രസന്ധ്യയിൽത്തന്നെ ആകാശം കറുപ്പണിഞ്ഞിരുന്നു. നട്ടാലത്തിനു മുകളിൽ മഴമേഘങ്ങൾ പന്തൽ വിരിച്ചു. പകൽക്കിളികൾ രാത്രി പോക്കാൻ മരച്ചില്ലകളിൽ ചേക്കേറി. രാക്കാറ്റ് പതിഞ്ഞു വീശി.

ദേവസഹായം കുളിച്ചുവന്നു. വസ്ത്രം മാറി. വിശപ്പിനു മാത്രമുള്ള ഭക്ഷണംകൊണ്ട് അത്താഴം ലളിതമാക്കി.

അടുക്കളജോലികൾ കഴിഞ്ഞ് കുളിയും ഭക്ഷണവും കഴിഞ്ഞ് ഭാർഗവി ഉറക്കറയിലെത്തുമ്പോൾ ജാലകത്തിനഭിമുഖമായി ആകാശത്തേക്കു കൈകളുയർത്തി മുട്ടിന്മേൽ നില്ക്കുന്ന ഭർത്താവിനെയാണു കണ്ടത്. ഒരു മാത്ര ഭാർഗവി അദ്ഭുതംകൊണ്ടു.

അവൾ മാർജാരപാദങ്ങളോടെ നിലവിളക്കിനടുത്തേക്കുവന്ന് വിളക്കുതിരി നീട്ടിയിട്ടു. എണ്ണ പകർന്നു. വിളക്കുവെളിച്ചം മിനുങ്ങുന്ന ഭർത്താവിന്റെ മുഖം അവൾ കണ്ടു. അതു കൂടുതൽ തേജോമയമാണിപ്പോൾ. ഇമകൾ ചാരിയിരിക്കുന്നു. ഹൃദയപൂർവവും സാന്ദ്രവുമായ പ്രാർത്ഥനയുടെ നിമിഷങ്ങൾ.

അദ്ദേഹത്തിനടുത്തായി ഭാർഗവിയും മുട്ടുകുത്തി. ദേവസഹായം പഠിപ്പിച്ചുകൊടുത്ത പ്രാർത്ഥനകളും ജപങ്ങളും നിശ്ശബ്ദമായി ഉരുവിട്ടു.

പുറത്ത് രാക്കാറ്റിന്റെ പ്രാർത്ഥനാമന്ത്രണങ്ങൾ മുറുകുന്നു. ആകാശത്ത് കാർമേഘങ്ങൾ മഴയുടെ ജാലകങ്ങൾ തുറന്നു. തുള്ളിക്കൊരുകുടം കണക്കെ മഴ. ഉറക്കറയുടെ ജാലകച്ചാരത്തുകൂടി ഒരു രാപ്പക്ഷി നീട്ടിക്കൂവിക്കൊണ്ട് മഴ പകുത്തു പറന്നുപോയി.

ദേവസഹായം ഇമകൾ നിവർത്തി. തറവാടിന്റെ മേൽക്കൂരയിൽനിന്നു പതിക്കുന്ന മഴക്കയറുകളിൽ ജാലകം കടന്നൊഴുകുന്ന വിളക്കുവെളിച്ചം തിളങ്ങുന്നു. വെള്ളിനാഗങ്ങൾ പുളയുന്നതുപോലെ തോന്നിപ്പിച്ചു മഴയൊഴുക്ക്. അപ്പോഴാണ് ദേവസഹായം കണ്ടത് തന്റെ സമീപത്തായി പ്രാർത്ഥനയിലായിരിക്കുന്ന ഭാർഗവിയെ. വെൺചന്ദനം കടഞ്ഞുരുവാക്കിയ ഒരു ശില്പംപോലെ തോന്നിപ്പിച്ചു ഭാർഗവി. മഴക്കാറ്റിൽ വിളക്കുവെളിച്ചം അവളുടെ മേൽ അലകളുയർത്തുന്നു.

സർവവും മറന്നുപോകുന്ന ഒരസുലഭനിമിഷമായിരുന്നു ദേവസഹായത്തിനത്. എണ്ണത്തിരിവെട്ടത്തിൽ ഭാർഗവിയുടെ നാസികയിലെ മുക്കുത്തിയിൽ നക്ഷത്രം മിന്നുന്നു.

ആകാശത്ത് മഴമരങ്ങൾ പെയ്തുകൊണ്ടിരുന്നു. മഴയണിഞ്ഞ കാറ്റാണിപ്പോൾ വീശുന്നത്. കാറ്റിനൊപ്പം ദേവസഹായവും ഭാർഗവിയെ തൊട്ടു.

ഒരു യവനശില്പം മിഴികൾ ചിമ്മി. പേലവമായ കണ്ണുകളെടുത്ത് ഭാർഗവി ഭർത്താവിന്റെ കണ്ണുകളിൽ വച്ചു.

പുറത്ത് മകയിരത്തിന്റെ അമൃതവർഷം. അകത്ത് പ്രണയത്തിന്റെ ശലഭവർഷം. എവിടെയോ നീലക്കടമ്പുകൾ പൂക്കുന്നു. അതോ ഏദൻതാഴ്‌വരയിലെ ജടാമഞ്ചികളോ?

ദേവസഹായം ഭാർഗവിയെ കട്ടിലിലേക്കു കൂട്ടി. അവളെ ചേർത്തു പിടിച്ചു. ഭാർഗവിയുടെ ചികുരസമൃദ്ധിയിൽനിന്നു കാച്ചെണ്ണയുടെ പരിമളം പ്രസരിക്കുന്നു.

ആ നിമിഷങ്ങൾ ശരീരകാമനകളുടേതായിരുന്നില്ല. രാഗലോലുപതയുടേതുമായിരുന്നില്ല. വിശുദ്ധവും നിഗൂഢവും ആത്മീയവും എന്നാൽ, വിശകലനാതീതവുമായ ശീതളനിമിഷങ്ങൾ.

ദേവസഹായത്തിന്റെ മനസ്സിലപ്പോൾ എന്തായിരുന്നു? വിവേചിച്ചറിയാൻ കഴിയുന്നില്ല. അമൂർത്തമായ ചിന്തകളുടെ ഒരു സമുദ്രംതന്നെ മനസ്സിൽ ഇളകിമറിയുന്നുണ്ട്. കാറ്റിലുലയുന്ന ഒരു മഹാവിപിനം.

ഭാർഗവിയോട് എന്തെല്ലാമോ സംസാരിക്കണമെന്നുണ്ടായിരുന്നു ദേവസഹായത്തിന്. പക്ഷേ, സാധ്യമാകുന്നില്ല. തന്റെ ഹൃദയത്തിലെ പ്രളയത്തിൽനിന്ന് ഒരു കൈക്കുടന്നപോലും കോരിയെടുക്കാൻ കഴിയുന്നില്ല. ഭാർഗവിയും അത്തരമൊരവസ്ഥയിൽ തന്നെയായിരുന്നു. തന്റെ പ്രിയതമനോടു പറയാൻ ഒരുപാടു കാര്യങ്ങളുണ്ടായിരുന്നു അവളിൽ. പക്ഷേ, ഒന്നിനും കഴിയുന്നില്ല. മനസ്സ് വിമൂകമാക്കപ്പെട്ടിരിക്കുന്നു.

മഴയ്ക്കൊപ്പം രാത്രിയും പൊഴിഞ്ഞുകൊണ്ടിരുന്നു. പുലർകാലേ ദേവസഹായത്തിനു പദ്മനാഭപുരത്തേക്കു പുറപ്പെടേണ്ടതുണ്ട്. അല്പനേരം ഉറങ്ങുകയും വേണം. ദേവസഹായം കട്ടിലിലേക്കു ചാരി. ഭാർഗവിയും. അവൾ ഭർത്താവിനോടു ചേർന്നു കിടന്നു. ഹൃദയം ഹൃദയത്തെ തൊട്ട ഒരു നിമിഷം.

രാവൊഴുക്കിലെപ്പോഴോ മഴ തോർന്നു. പിന്നെ മരങ്ങൾ പെയ്യാൻ തുടങ്ങി. കാറ്റുവന്നു മരങ്ങളെ തോർത്തിക്കൊണ്ടിരുന്നു.

വിളക്ക് അണഞ്ഞിരുന്നു. ദേവസഹായം ഒരർദ്ധമയക്കത്തിലേക്കു വഴുതി. രാത്രിമഴ വിതറിയ നനുത്ത കുളിരു പുതച്ച് ഭാർഗവി ഭർത്താവിനോടൊട്ടിക്കിടന്നു. അവൾ ഉറങ്ങിയിരുന്നില്ല. ഉറക്കം അവളെ ആശ്ലേഷിക്കാൻ കൂട്ടാക്കിയില്ല.

രാത്രിയുടെ മധ്യയാമങ്ങൾ പിന്നിട്ടപ്പോഴാണ് ആകാശത്തു തിങ്കൾ പിറന്നത്. പ്രകൃതി നിലാവിന്റെ വെൺപട്ട് അണിയാൻ തുടങ്ങിയിരിക്കുന്നു. ഭാർഗവി ദേവസഹായത്തിന്റെ കാതുകളിൽ പറഞ്ഞു:

"നാളെ ഞാനും വരുന്നു അങ്ങയുടെകൂടെ."

മയക്കത്തിലായിരുന്നെങ്കിലും ദേവസഹായം ഭാർഗവിയെ കേട്ടു.

"ഉം...?"

"എനിക്കു വേദത്തിൽ ചേരണം. വൈകിക്കൂടാ."

ഒരു കരം ഭാർഗവിയെ പൊതിഞ്ഞു.

(തുടരും)

# എസ്. എം. വൈ. എം. സംസ്ഥാനഭാരവാഹികൾ



വിശാഖ് തോമസ്
പ്രസിഡന്റ്



സാം സണ്ണി
(ജന. സെക്രട്ടറി)

കാക്കനാട്: കേരള കാത്തലിക് സീറോ മലബാർ യൂത്ത് മൂവ്മെന്റ് (എസ്.എം.വൈ.എം.) സംസ്ഥാനപ്രസിഡന്റായി താമരശേരി രൂപതാംഗമായ വിശാഖ് തോമസ് തിരഞ്ഞെടുക്കപ്പെട്ടു. ഇടുക്കി രൂപതാംഗം സാം സണ്ണിയാണ് ജനറൽ സെക്രട്ടറി. വൈസ്പ്രസിഡന്റ്: അമല റെചിൽ ഷാജി (ചങ്ങനാശേരി രൂപത), ഡെപ്യൂട്ടി പ്രസിഡന്റ് : സ്റ്റെഫി കെ. റെജി (കോട്ടയം രൂപത), സെക്രട്ടറി: ജിബിൻ ജോർജ് (കോതമംഗലം രൂപത), ജോയിന്റ് സെക്രട്ടറി: ഗ്രീഷ്മ ജോയൽ (പാലാ രൂപത), ട്രഷർ : ബ്ലെസൺ തോമസ് (ചങ്ങനാശേരി രൂപത), കൗൺസിലേഴ്സ്: അഡ്വ. സാം സണ്ണി (പാലാ രൂപത), ടെസിൻ തോമസ് (മാനന്തവാടി രൂപത).

ബിഷപ് മാർ ജോസഫ് പണ്ടാരശേരിലിന്റെ സാന്നിധ്യത്തിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന സീറോ മലബാർ സഭയിലെ 13 രൂപതയിലെ യുവജനപ്രതിനിധികൾ പങ്കെടുത്ത നേതൃത്വസംഗമത്തിലാണ് തിരഞ്ഞെടുപ്പു നടന്നത്.

# അഗ്നിയിൽ കാലുറപ്പിച്ചു കേന്ദ്രം

1-ാംപേജ് തുടർച്ച

എച്ച്എഎൽ, ബിഇഎൽ, ബിഇഎംഎൽ തുടങ്ങി 16 പ്രതിരോധ പൊതുമേഖലാസ്ഥാപനങ്ങളിലും കോസ്റ്റ് ഗാർഡിലും കേന്ദ്ര സായുധസേനയിലും (സെൻട്രൽ ആംഡ് പോലീസ് ഫോഴ്സ് - സിഎപിഎഫ്), ആസാം റൈഫിൾസ് എന്നിവയിൽ അഗ്നിവീറുകൾക്കു പത്തു ശതമാനം സംവരണം പ്രഖ്യാപിച്ചിട്ടുണ്ട്. പക്ഷേ, കേന്ദ്രപൊതുമേഖലാസ്ഥാപനങ്ങൾ സ്വകാര്യമേഖലയ്ക്കു വിറ്റുതുലയ്ക്കുമ്പോൾ ഇത്തരം സംവരണങ്ങളുടെ പ്രസക്തിയെന്താകും?

മർച്ചന്റ് നേവിയിലും തുറമുഖ, ഷിപ്പിങ്, ജലപാത മന്ത്രാലയത്തിനു കീഴിലും അഗ്നിവീറുകളെ ഉൾപ്പെടുത്താൻ സംവിധാനം പ്രഖ്യാപിച്ചു. സ്വയംതൊഴിൽ തുടങ്ങാൻ വായ്പ, കോർപ്പറേറ്റ് നിയമനങ്ങൾക്കു പരിഗണന, വൈദഗ്ധ്യപരിശീലന സർട്ടിഫിക്കറ്റ്, മൂന്നുവർഷത്തെ വൈദഗ്ധ്യപരിശീലനത്തിലൂന്നിയ പ്രത്യേക ഡിഗ്രി പഠനകോഴ്സ് തുടങ്ങിയവയും വാഗ്ദാനങ്ങളാണ്.

**ഭാവിയിൽ അനിശ്ചിതത്വം**

നാലുവർഷത്തെ കരാർനിയമനം കഴിയുമ്പോൾ ഭൂരിപക്ഷം പേർക്കും ഭാവി വ്യക്തമല്ല. നല്ല പ്രായത്തിൽ നാലുവർഷം പാഴാക്കപ്പെടുമോയെന്ന ആശങ്കയും ചെറുതല്ല. ഉന്നതപഠനവും ജോലിയുംമുതൽ സ്വയംസംരംഭങ്ങൾവരെ പലതിനും അവസരം നഷ്ടമായേക്കാം. ഓൺലൈൻ നിയമനത്തിൽ പൂർണ സുതാര്യത ഉണ്ടാകുമെന്നതു പ്രതീക്ഷയായേക്കാം.

സൈനികനിയമനങ്ങളിലേ അതേ സുതാര്യതയും യോഗ്യതകളും ഉണ്ടാകില്ലെന്നു തീർച്ച. നാലുവർഷം സൈനികപരിശീലനവും പ്രതിരോധസംവിധാനങ്ങളുമായി പരിചയവും നേടുന്ന സൈനികരിൽ 75 ശതമാനം പേർക്കും നിയമനം കിട്ടില്ല. പക്ഷേ, 15 വർഷം ഇവർ നോൺ ഓഫീസർ റാങ്കിൽ തുടരും.

പൂർണമായി എതിർക്കപ്പെടേണ്ട പദ്ധയല്ല അഗ്നിപഥ്. ഇന്ത്യപോലൊരു രാജ്യത്തിന് ഇത്തരം പദ്ധതികളും ആവശ്യമാണ്. എന്നാൽ, ജനാധിപത്യപരമായി ചർച്ച ചെയ്തും ആശങ്കകൾക്കു പരിഹാരം കണ്ടുമാകണം ഇതു നടപ്പാക്കേണ്ടത്. വിവാദകാർഷികനിയമങ്ങൾ ഒരു വർഷത്തിനുശേഷം പിൻവലിക്കേണ്ടിവന്നതുപോലെയാകരുത് അഗ്നിപഥ്. അതുവരെ വിവാദപദ്ധതി മരവിപ്പിക്കുകയോ പിൻവലിക്കുകയോ ചെയ്യുക. പാർലമെന്റിലും നിയമസഭകളിലുമടക്കം ചർച്ച ചെയ്തശേഷം പിഴവുകളില്ലാതെ അഗ്നിപഥ് നടപ്പാക്കാൻ കഴിയേണ്ടതുണ്ട്

■

കാർഷികം

**ജോഷി മുഞ്ഞനാട്ട്**

# ഗണപതിനാരകം

ഒട്ടനവധി ഗുണങ്ങൾ നിറഞ്ഞ ഒരു നാരകമാണ് ഗണപതിനാരകം.

പഴയ കാലങ്ങളിൽ വീട്ടുവളപ്പുകളിൽ ഇവ ധാരാളമായി കണ്ടിരുന്നു.

മറ്റു നാരങ്ങകളെ അപേക്ഷിച്ച് വലിപ്പക്കൂടുതലും ആകൃതിയിലുള്ള വ്യത്യാസവും ഇവയെ പെട്ടെന്നു തിരിച്ചറിയുവാൻ സഹായിക്കുന്നതാണ്. 250 ഗ്രാം മുതൽ ഒരു കിലോഗ്രാം വരെയുള്ള ഫലങ്ങളാണ് ഈ നാരകത്തിൽ സാധാരണമായി ഉണ്ടാകുന്നത്.

വൈറ്റമിൻ സി യുടെയും ആന്റി ഓക്സിഡന്റുകളുടെയും കലവറയാണ് ഇവ.

ഔഷധനിർമാണത്തിനും ആഹാരത്തിനും ഇവ ഉപയോഗിച്ചുവരുന്നു. അച്ചാറിടാൻ ഇവ വളരെ നല്ലതാണ്.

ഉദരരോഗങ്ങൾക്കും കരൾരോഗങ്ങൾക്കും മറ്റും ഇവ ഔഷധമായി ഉപയോഗിക്കാറുണ്ട്.

കുരു മുളപ്പിച്ചും കമ്പുകൾ മുറിച്ചുവച്ചും ഇവ നടാം.

നടുന്ന അവസരത്തിൽ കാലിവളമോ കമ്പോസ്റ്റോ ചേർത്തു കൊടുക്കണം. തുടർച്ചയായി മഴയുള്ള അവസരത്തിൽ തൈ നടുന്നത് ഒഴിവാക്കുക. നട്ട തടത്തിൽ മഴക്കാലങ്ങളിൽ വെള്ളം കെട്ടിനിൽക്കുന്നത് ഒഴിവാക്കുകയും വേണം.



മഴയില്ലാത്ത അവസരങ്ങളിൽ നനച്ചു കൊടുക്കണം. വേനൽക്കാലങ്ങളിൽ ചുവട്ടിൽ പുതയിടൽ നടത്തുന്നതും ജലസേചനം നടത്തുന്നതും ഉത്തമം. മറ്റു സമയങ്ങളിൽ കളയെടുപ്പ് നടത്തി വളപ്രയോഗം നടത്തണം. ജൈവവളങ്ങൾ നല്കിയാൽ മതിയാകും.

നന്നായി പരിപാലിച്ചാൽ മൂന്നാംവർഷംതന്നെ കായ്കൾ ഉണ്ടാവും. തുടക്കത്തിൽ കായ്കൾക്കു താങ്ങുനൽകണം. നന്നായി പടർന്നുപന്തലിച്ചാൽ പിന്നെ അതിന്റെ ആവശ്യമില്ല. കാര്യമായ രോഗബാധകൾ ഒന്നും തന്നെ ഈ ചെടിയെ ബാധിച്ചുകാണാറില്ല. എന്തെങ്കിലും ശ്രദ്ധയിൽപ്പെട്ടാൽ ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതലായനി ഉപയോഗിക്കാം. വേനൽക്കാലങ്ങളിൽ സാധാരണമായി ഇവയിൽ ഇല കൊഴിഞ്ഞു കാണാറുണ്ട്.

നിറയെ ഭീമൻ കായകളുമായി നില്ക്കുന്ന ഗണപതിനാരകം വീടിന്റെ തൊടിയിൽ അലങ്കാരംതന്നെ.

■




**മാത്യൂസ് ആർപ്പൂക്കര**

# കൊക്ക്



മുണ്ടികളുമായി വളരെ സാമ്യമുള്ള പക്ഷികളാണ് കൊക്കുകൾ. വേർതിരിച്ചറിയാൻ നീണ്ട കൊക്കാണ് ഏക മാർഗം. വെളുത്ത ശരീരമാണെങ്കിലും പിൻഭാഗം കറുപ്പുനിറമാണ്. വർണക്കൊക്കുകൾ ഒരു മീറ്ററോളം വലുപ്പമുള്ള ചുവന്ന മുഖമുള്ള സുന്ദരന്മാരാണ്.

കൊക്കുകൾ പല ജാതികളുണ്ട്. എല്ലാ കൂട്ടരും പറക്കുമ്പോൾ കാൽ പിന്നിലേക്കു നീട്ടിപ്പിടിച്ചിരിക്കും. സാവധാനം ഉയരത്തിലാണ് കൊക്കുകൾ പറക്കുക. ചിറകുകൾ വളരെ കുറച്ചേ ചലിപ്പിക്കൂ. തടാകങ്ങളാണ് ഇവറ്റയുടെ പ്രധാന ലക്ഷ്യസ്ഥാനം. വിരിച്ചുപിടിച്ച ചിറകിന്റെ അളവിൽ ലോകറിക്കാർഡുള്ളത് മറാബു കൊക്കിനാണ്. പതിനൊന്നടിയോളം വരും ഇവറ്റയുടെ ചിറകിന്റെ നീളം. ചുണ്ടുകൾക്ക് ഏറ്റവുമധികം നീളമുള്ള പക്ഷിയിനവും കൊക്കുകൾതന്നെയാണ്.

മറ്റൊരിനം കൊക്കായ ചുറ്റികത്തലയൻ കൊക്കാണ് ഏറ്റവും വലിയ മേൽക്കൂരയുള്ള കൂടുണ്ടാക്കുക. ഭക്ഷണലഭ്യത മുന്നിൽക്കണ്ടാണ് അങ്ങനെ ചെയ്യുക.

ദേശാടനപ്പക്ഷികളിൽ മൊഞ്ചു കൂടുതലുള്ളതു വർണക്കൊക്കുകൾക്കാണ്. ഹിമാലയംമുതൽ കേരളം വരെ ഇവയെ കണ്ടുവരുന്നു. ഒരു മീറ്ററോളം വലിപ്പമുള്ള വലിയ പക്ഷിയാണ് വർണക്കൊക്ക്. മഞ്ഞനിറമാർന്ന മുഖത്ത് രോമങ്ങളില്ല. കീഴോട്ടു വളഞ്ഞ് മഞ്ഞനിറമുള്ള കൊക്കുകളാണിവയ്ക്ക്. വാലറ്റത്തെ പിങ്കുനിറമാണ് വർണക്കൊക്ക് എന്ന പേരിനാധാരം. കടുംപിങ്കു നിറത്തിൽ നീളമുള്ള കാലുകളാണ്. വെള്ളക്കെട്ടുള്ള പ്രദേശങ്ങളിലും ചതുപ്പുസ്ഥലങ്ങളിലുമാണ് താമസം. നീണ്ട കാലുകൾകൊണ്ട് വെള്ളത്തിനടിയിലെ ചെളിയും മണ്ണും ഇളക്കി ഒളിച്ചിരിക്കുന്ന മത്സ്യങ്ങളെയും ഇതര ജലജീവികളെയും മറ്റും പുറത്തുകൊണ്ടുവന്ന് പാതി വിടർത്തിയ കൊക്കുകൾ വെള്ളത്തിൽ താഴ്ത്തി വശങ്ങളിലേക്കു ചലിപ്പിച്ചാണ് ഇര തേടുക. അഞ്ചുവരെ മുട്ടകളിടും. എന്നാൽ, രണ്ടിൽക്കൂടുതൽ കുഞ്ഞുങ്ങൾ ജീവിക്കാറില്ല. അമ്മയും അച്ഛനും ചേർന്നാണ് അടയിരിക്കുന്നതും കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതും. ഇന്ത്യ, പാക്കിസ്ഥാൻ, മ്യാന്മർ, ശ്രീലങ്ക, ബംഗ്ലാദേശ് എന്നീ രാജ്യങ്ങളിലും വർണക്കൊക്കുകളെ കാണാം. വളരെ ആകർഷകമായ പക്ഷികളാണിവ. ഇംഗ്ലീഷിൽ ഇവയെ പെയിന്റഡ് സ്റ്റോക് എന്നാണു വിളിക്കുക. കേരളത്തിൽ വളരെ കുറവാണെങ്കിലും തമിഴ്നാട്ടിൽ, പ്രത്യേകിച്ച്, കൂന്തൻകുളത്ത് വർണക്കൊക്കുകളെ കാണാനാവും.

നീർക്കാക്കയെക്കാൾ അല്പംകൂടി വലുതാണ് കരിമ്പൻ കാടക്കൊക്ക്. ഉടലിന്റെ മുകൾഭാഗം ഇരുണ്ട തവിട്ടുനിറവും അടിവശം വെളുപ്പുമാണ്. green sand piper എന്നാണ് ഇംഗ്ലീഷ് പേര്.

■

# കേരളസഭയുടെ അണയാത്ത ദീപം

## സുറിയാനി സഭാചരിത്രത്തിലെ സൂര്യതേജസ്സ് നിധീരിക്കൽ മാണിക്കത്തനാരുടെ 118-ാം ചരമവാർഷികമായിരുന്നു ജൂൺ ഇരുപതിന്



ജോൺ കുര്യൻ

വിശ്വപ്രസിദ്ധമായ കുറവിലങ്ങാട് ഇടവകയിൽ നിധീരിക്കൽ ഇട്ടിയവിരാ - റോസ ദമ്പതിമാരുടെ രണ്ടാമത്തെ പുത്രനായി 1842 മേയ് മാസം 27-ാം തീയതി മാണിക്കത്തനാർ ഭൂജാതനായി. ചെറുപ്പത്തിലേ അമ്മ റോസ മരിച്ചതിനാൽ, പോറ്റമ്മ തട്ടേലമ്മ എന്ന വിളിപ്പേരിൽ അറിയപ്പെടുന്ന മറിയാമ്മയുടെ ശിക്ഷണത്തിലും പരിപാലനയിലുമാണ് കൊച്ചുമാണി വളർന്നത്.

മാതൃഭാഷയ്ക്കു പുറമേ തമിഴ്, സംസ്കൃതം, ഇംഗ്ലീഷ് ലാറ്റിൻ, പോർട്ടുഗീസ്, സുറിയാനി, ഇറ്റാലിയൻ, സ്പാനിഷ്, ഫ്രഞ്ച്, ഗ്രീക്ക്, ഹിന്ദി, ഉറുദു, കന്നട തുടങ്ങി 18 ഭാഷകൾ കരസ്ഥമാക്കിയ ബഹുഭാഷാപണ്ഡിതനായിരുന്നു മാണിക്കത്തനാർ. കളരിപ്പയറ്റിലും ഗുസ്തിമുറകളിലും അദ്ദേഹം പ്രാവീണ്യം നേടിയിരുന്നു.

കാരക്കുന്നത്തു മല്പാന്റെ കീഴിൽ വൈദികവിദ്യാഭ്യാസം ചെയ്തു. 1861 ജൂലൈമാസത്തിൽ റോക്കോസ്മെത്രാന്റെ പക്കൽനിന്ന് ആസ്തപ്പാടു പട്ടം (ഒരുക്കത്തിന്റെ പട്ടം) സ്വീകരിച്ചു. നവംബർമാസത്തിൽ അദ്ദേഹം കൊടുങ്ങല്ലൂർ ഗോവർണദോരുടെ സെക്രട്ടറിയായി. ഇക്കാലത്താണ് മംഗലപ്പുഴയിൽ സുറിയാനിക്കാർക്കായി ഒരു സെമിനാരി സ്ഥാപിതമായത്. സെമിനാരിയിൽ അദ്ദേഹം ഇംഗ്ലീഷ്, മലയാളം എന്നീ ഭാഷകളുടെ അധ്യാപകനായിരുന്നു. അന്നത്തെ ധ്യാനഗുരുക്കന്മാരിൽ ഒരാളായ അൽറോണിയോ കോയിലോയുടെ ദ്വിഭാഷിയായും അദ്ദേഹം വർത്തിച്ചു. അദ്ദേഹം ശെമ്മാശനായിരിക്കുമ്പോഴാണ് 1873 ൽ കുപ്രസിദ്ധനായ മാനസിങ്കു, കളത്തൂരിലെ ക്രിസ്ത്യാനികളെ അതിമൃഗീയമായി പീഡിപ്പിച്ചത്. നിധീരിക്കൽ ശെമ്മാശൻ രക്ഷകനായി അവരുടെ ഇടയിൽ വന്ന്, മാനസിങ്കുവിനെതിരേ കേസു നടത്തി, നീതി നടത്തിക്കൊടുത്തു. ഈ സംഭവം യുവാവായ മാണിശെമ്മാശന്, ക്രൈസ്തവസഭാനേതൃത്വത്തിലേക്കുയരുവാൻ കാരണമായി.

അനന്തരം, മാണിശെമ്മാശൻ മാന്നാനം സെമിനാരിയിൽ ചേരുകയും 1876 ജനുവരി 3 നു വൈദികപട്ടം സ്വീകരിക്കുകയും ചെയ്തു. സുറിയാനിക്കത്തോലിക്കരെ സംബന്ധിച്ചിടത്തോളം അന്നത്തെ പ്രധാനപ്രശ്നം സ്വയംഭരണമായിരുന്നു. അതായത്, നാട്ടുമെത്രാൻവാഴ്ചയ്ക്കായുള്ള പരിശ്രമം, അതിനായുള്ള പ്രക്ഷോഭണം തുടങ്ങിയ കാലഘട്ടം. വൈദികനായ ഉടനെ മാണിയച്ചൻ പ്രക്ഷോഭണത്തിന്റെ കേന്ദ്രത്തിലേക്ക് ആനയിക്കപ്പെട്ടു.

കേരളീയ സുറിയാനിക്കാരുടെ പരാതികളെപ്പറ്റി അന്വേഷിക്കാൻ നിയോഗിക്കപ്പെട്ട വിസിറ്റർ അപ്പോസ്തോലിക്ക, ലെയോ മൊയിറീൻ, മാണിയച്ചനെ തന്റെ സെക്രട്ടറിയും ദ്വിഭാഷിയുമായി നിയോഗിച്ചു. പാണ്ഡിത്യവും നൈസർഗികമായ സാമർത്ഥ്യവും വാഗ്വിലാസവും നിമിത്തം സകലർക്കും ആദരണീയനായിരുന്ന മാണിയച്ചൻ, മൊയിറീൻ മെത്രാന്റെ വിശ്വാസത്തിനും ആദരവിനും പാത്രമായി. ചിറ്റാറ്റുകര പള്ളിക്കേസിൽ വിജയം നേടിയത് മാണിയച്ചന്റെ പ്രശസ്തി വർദ്ധിപ്പിച്ചു.


മാണിയച്ചൻ അതിപ്രഗല്ഭനായ നിയമജ്ഞനുമായിരുന്നു. പല കേസുകളും അദ്ദേഹത്തിന്റെ മധ്യസ്ഥതയാൽ രമ്യമായി പരിഹരിക്കപ്പെട്ടിരുന്നു.

മർസലീനോസുമെത്രാന്റെ ഭരണകാലത്ത് അദ്ദേഹം മാണിയച്ചനെ ആലപ്പുഴ, കുറവിലങ്ങാട്, മുട്ടുചിറ എന്നീ വലിയ പള്ളികളുടെ വികാരിയായി നിയമിച്ചു. ഇത് അദ്ദേഹത്തിന്റെ കഴിവിനുള്ള അംഗീകാരമായിരുന്നു. ഇക്കാലത്താണ് പുത്തൻകൂർ - പഴയകൂർ പുനരൈക്യത്തിനുവേണ്ടി അദ്ദേഹം തീവ്രമായ പരിശ്രമം ആരംഭിച്ചത്. പുലിക്കോട്ടിൽ മാർ ദിവന്നാസിയോസുമായുള്ള പുനരൈക്യമൈത്രിയുടെ പ്രാരംഭമായി ഇരുകൂട്ടരും ചേർന്നിട്ടുള്ള ഒരു ജാത്യൈക്യസംഘം ആരംഭിക്കുകയും ആ സംഘത്തിനുവേണ്ടി കോട്ടയത്തെ വുഡ്ലാന്റ്സ് എസ്റ്റേറ്റ് വാങ്ങുകയും ചെയ്തു. ഇരുസമുദായങ്ങളും ഐക്യത്തിലാണ് എന്ന ആപ്തവാക്യം മുൻനിറുത്തി, അവിടെ ഒരു കോളജ് ആരംഭിക്കുക എന്നതായിരുന്നു മാണിയച്ചന്റെ ലക്ഷ്യം.

സ്വയംഭരണപ്രക്ഷോഭണത്തിന്റെ ഫലമായി 1886 ൽ തിരുസിംഹാസനം (മാർപാപ്പാ) സുറിയാനിക്കാരെ വരാപ്പുഴഭരണത്തിൽനിന്നു വേർപെടുത്തി അവർക്കായി തൃശൂർ, കോട്ടയം എന്നീ രണ്ടു വികാരിയാത്തുകൾ സ്ഥാപിക്കുകയും അവയിലേക്കു കർമലീത്തക്കാരല്ലാത്ത മെത്രാന്മാരെ നിയമിക്കുകയും ചെയ്തു. കോട്ടയം വികാരി അപ്പോസ്തോലിക്കാ, മോൺ. ലവീഞ്ഞ് മാണിയച്ചനെ ആദ്യം തന്റെ ആലോചനക്കാരനായും, പിന്നീട് 1889 സെപ്റ്റംബർ മാസത്തിൽ പൊന്തിഫിക്കൽ അധികാരത്തോടുകൂടിയ വികാരി ജനറലായും നിയമിച്ചു.

നവംബർ 14 നു പാലായിൽ വച്ച് മാണിയച്ചൻ ആദ്യമായി പൊന്തിഫിക്കൽ കുർബാന അർപ്പിച്ചു. 1890 ൽ ലവീഞ്ഞുമെത്രാന്റെ അഭാവത്തിൽ മാണിയച്ചൻ ആയിരുന്നു അഡ്മിനിസ്ട്രേറ്റർ.

സ്വയംഭരണ പ്രക്ഷോഭണത്തിന്റെ പേരിൽ ലവീഞ്ഞു മെത്രാനും മാണിയച്ചനും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടായി.



നിധീരിക്കൽ മാണിക്കത്തനാർ

മാണിയച്ചന്റെ പുനരൈക്യസംരംഭങ്ങളെ മെത്രാൻ അനുകൂലിച്ചില്ല. സുറിയാനിക്കത്തോലിക്കർക്കു പകുതി അവകാശമുള്ള വുഡ്ലാൻഡ് വിട്ടുപോകാൻ മെത്രാൻ മാണിയച്ചനോട് ആവശ്യപ്പെട്ടതിനാൽ ഇരുകൂട്ടരും ചേർന്നുള്ള സംയുക്ത കോളജ് സംരംഭം അവസാനിപ്പിക്കേണ്ടതായിത്തീർന്നു. മാണിയച്ചനോടുള്ള അനിഷ്ടത്താൽ ലവീഞ്ഞുമെത്രാൻ 1892 മേയ് മാസത്തിൽ അദ്ദേഹത്തെ വികാരി ജനറാൾ സ്ഥാനത്തുനിന്നു നീക്കി കുറവിലങ്ങാടു പള്ളിവികാരിയായി അയച്ചു.

മാർപാപ്പായാൽ നേരിട്ട് ഉത്തരവു ലഭിക്കുന്ന സഭയുടെ ഇന്നത്തെപ്പോലെയുള്ള കേന്ദ്രീകൃത ഇടപെടലുകൾ അന്നു സാധ്യമല്ലായിരുന്നു. ഇന്ത്യയിലെ പ്രശ്നങ്ങൾ മാർപാപ്പാ അറിയുന്നത്, അവിടുന്നു നിയോഗിക്കപ്പെട്ട മെത്രാന്മാർ വഴിയായിരുന്നു. ഇവരുടെ ഇടപെടലുകളും ഭരണക്രമങ്ങളും വ്യത്യസ്തമായിരുന്നു. ശരിയായ സന്ദേശങ്ങൾ തിരുസിംഹാസനത്തിൽ എത്താനും നാടിനെ മനസ്സിലാക്കുന്ന സ്വദേശിമെത്രാന്മാരെ നിയോഗിക്കാനുംവേണ്ടിയുള്ളതായിരുന്നു അന്നത്തെ സ്വയംഭരണ പ്രക്ഷോഭണം.

എന്നാൽ, നിയുക്ത മെത്രാന്മാർ, ഇവ അനുവദിച്ചിരുന്നില്ല എന്നു മാത്രമല്ല ഈ തീരുമാനങ്ങളെ ശക്തമായി എതിർത്തിരുന്നു.

മാണിയച്ചന്റെ നേതൃത്വത്തിൽ സ്വയംഭരണപ്രക്ഷോഭണം തുടർന്നുകൊണ്ടിരുന്നു. ഇതിന്റെ ഫലമായി 1896 ൽ തിരുസിംഹാസനം കേരള സുറിയാനിക്കാർക്ക് തൃശൂർ, എറണാകുളം, ചങ്ങനാശേരി എന്നീ മൂന്നു വികാരിയാത്തുകൾ സ്ഥാപിച്ചു. അതിൽ നാട്ടുകാരെത്തന്നെ മെത്രാന്മാരായി നിയമിച്ചു. അങ്ങനെ മാണിയച്ചൻ തന്റെ ലക്ഷ്യത്തിൽ എത്തിച്ചേർന്നു.

എന്നാൽ, ഭൂരിപക്ഷം വടക്കുംഭാഗർ അടങ്ങിയ ചങ്ങനാശേരി വികാരിയാത്തിൽ അവരുടെ മെത്രാൻ വേണമെന്ന ആവശ്യം മാക്കീൽ മെത്രാൻ റോമാസിംഹാസനത്തിൽ നേരിട്ടു ബോധിപ്പിക്കുകയും ചെയ്തു. മറ്റു രണ്ടു നാട്ടുമെത്രാന്മാരും അദ്ദേഹത്തോടുകൂടി സഹകരിച്ച് ഏകോപിപ്പിച്ച അപേക്ഷ പത്താം പീയൂസ് മാർപാപ്പ സ്വീകരിച്ചു. മോൺ. തോമസ് കുര്യാളശേരിയെ ചങ്ങനാശേരിയിലെ വടക്കുംഭാഗരുടെ വികാരി അപ്പോസ്തോലിക്കയായും മാക്കീൽ മെത്രാനച്ചനെ കോട്ടയം വികാരി അപ്പോസ്തോലിക്കയായും, നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു. ഇതിനായി ഏറെ യത്നിച്ച മാണിയച്ചന്റെ കാലശേഷമാണ്, ഈ ഉത്തരവ് നിവർത്തിതമായത്.

മാണിയച്ചൻ തന്റെ അറിവും ആരോഗ്യവും കഴിവുകളും എല്ലാം സഭയ്ക്കുവേണ്ടി വിനിയോഗിച്ചു. ഒപ്പം പുത്തൻകൂറ് - പഴയകൂറ് പുനരൈക്യത്തിനുവേണ്ടിയും. അദ്ദേഹത്തിന്റെ പോരാട്ടങ്ങളെല്ലാം വീരോചിതമായിരുന്നു.

വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസിനുശേഷം നിധീരിക്കൽ മാണിക്കത്തനാർ ആയിരുന്നു സുറിയാനിക്കാരുടെ വിമോചകനേതാവ്. സമുദായത്തിന്റെ വളർച്ച വിദ്യാഭ്യാസത്തിൽക്കൂടി മാത്രമേ സാധിക്കൂ എന്ന് ഉറച്ചു വിശ്വസിച്ചിരുന്ന വ്യക്തിയായിരുന്നു മാണിയച്ചൻ. 1894 ൽ കുറവിലങ്ങാട് അദ്ദേഹം ഒരു ഇംഗ്ലീഷ് സ്കൂൾ സ്ഥാപിച്ചു. പാലാ സെന്റ് തോമസ് ഹൈസ്കൂളിന്റെ സ്ഥാപനത്തിനും അദ്ദേഹമായിരുന്നു ചൈതന്യസ്രോതസ്സ്. ഈ സമുദായസ്നേഹമാണ് സഭയ്ക്കൊത്ത നേതൃത്വം നൽകാൻ സാധിക്കുന്ന വൈദികരെ പരിശീലിപ്പിക്കാനായി രൂപംകൊണ്ട ആലുവ സെമിനാരി വികസിപ്പിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്.

നിധീരിക്കൽ മാണിക്കത്തനാർ എന്ന മാണിയച്ചൻ അക്കാലത്തെ പ്രശസ്തകവിയും സാഹിത്യകാരനുമായിരുന്നു. കണ്ടത്തിൽ വർഗീസ് മാപ്പിളയുമൊത്ത് ഭാഷാപോഷണപരിശ്രമങ്ങളിൽ വ്യാപൃതനാവുകയും അതിന്റെ ഉപരക്ഷാധികാരിയായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

മൂന്നു ഖണ്ഡകാവ്യങ്ങളും രണ്ടു നാടകങ്ങളും രണ്ടു ഗദ്യകൃതികളും അനേകം പ്രബന്ധങ്ങളും അദ്ദേഹം മലയാളഭാഷയ്ക്കു സംഭാവന ചെയ്യുകയുണ്ടായി. സത്യനാദകാഹളം, നസ്രാണി ദീപിക, മലയാള മനോരമ എന്നീ പത്രങ്ങളുടെ ആവിർഭാവത്തിൽ അദ്ദേഹം പങ്കുചേർന്നിട്ടുണ്ട്. നസ്രാണി ദീപികയുടെ ആദ്യപത്രാധിപർ മാണിയച്ചനായിരുന്നു.


അക്കാലത്ത്, രാജാവും ദിവാനും റസിഡണ്ടും മാടമ്പിയും മറ്റും കുറവിലങ്ങാടുകൂടി കടന്നുപോകുമ്പോൾ പള്ളിമേടയിൽ കയറുക പതിവായിരുന്നു. കേരളവർമ വലിയ കോയിത്തമ്പുരാൻ, കൊട്ടാരത്തിൽ ശങ്കുണ്ണി, കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ തുടങ്ങിയവർ അദ്ദേഹത്തിന്റെ നിത്യസന്ദർശകരായിരുന്നു.

പാശ്ചാത്യവും പൗരസ്ത്യവുമായ വിവിധ ഭാഷകളിലുള്ള പാണ്ഡിത്യം, വിജ്ഞാനം, ജന്മസിദ്ധമായ ബുദ്ധികൂർമത, അധ്യാപകൻ, കവി, സാഹിത്യകാരൻ, ഭിഷഗ്വരൻ, പ്രഭാഷകൻ എന്നീ നിലകളിലും കൂടാതെ, സംഭാഷണചാതുര്യം, സഹൃദയത്വം, വിവിധ കലകളിലുള്ള പ്രാവീണ്യം, കായികാഭ്യാസം, ദേശാഭിമാനം, സമുദായസ്നേഹം, ആത്മത്യാഗം, സ്വാർത്ഥരഹിതമായ പൊതുജനസേവനം, ജാതിമതഭേദമെന്യേയുള്ള ബഹുജനസമ്മതി എന്നിവയാൽ ദൈവകൃപ നിറഞ്ഞ മാണിയച്ചൻ, സമുദായത്തിന്റെയും സഭയുടെ ഉന്നതിക്കായി ജീവിതം അർപ്പിച്ച ധ്യാനഗുരുവും ആയിരുന്നു.

മാണിയച്ചൻ അവസാനമായി പങ്കെടുത്ത ചടങ്ങ് അദ്ദേഹത്തിന്റെ സഹപ്രവർത്തകനും സ്നേഹിതനുമായിരുന്ന കുറവിലങ്ങാട് മറ്റത്തിൽ യാക്കോബ് അച്ചന്റെ ശവസംസ്കാരകർമം ആയിരുന്നു. അതിനുശേഷമുള്ള അദ്ദേഹത്തിന്റെ ദിനങ്ങൾ മുഴുവൻ, പ്രാർത്ഥനയിലും ധ്യാനത്തിലുമായിരുന്നു. 1904 ജൂൺ മാസം 20-ാം തീയതി മാണിക്കത്തനാർ എന്ന മഹാചാര്യൻ ജീവിതത്തോടു വിട പറഞ്ഞു. അദ്ദേഹത്തിന്റെ ഭൗതികശരീരം കുറവിലങ്ങാട് മർത്ത്മറിയം പള്ളിയിൽ മദ്ബ്ഹായ്ക്കു താഴെ, പറമ്പിൽ ചാണ്ടിമെത്രാന്റെ (പ്രഥമ തദ്ദേശീയ മെത്രാൻ) കബറിടത്തിനു സമീപം അന്ത്യവിശ്രമം കൊള്ളുന്നു. ■

ബാലനോവൽ 13 രാമപുരം മണി

# ധനുമാസത്തിലെ പൗർണമി



**രാ**ജകൊട്ടാരത്തിന്റെ മുകളിലുള്ള മട്ടുപ്പാവിലിരുന്ന് സത്യധർമമഹാരാജാവും സീമന്തിനി രാജ്ഞിയും താഴെ പൂന്തോട്ടത്തിൽ നടക്കുന്നതെല്ലാം കാണുകയായിരുന്നു. പ്രേമസ്വരൂപൻ അങ്ങോട്ടു കടന്നുചെല്ലുന്നതും തന്റെ മകൾ അവനെ സാകൂതം വീക്ഷിക്കുന്നതും എന്തോ ചോദിക്കുന്നതുമെല്ലാം രാജാവും രാജ്ഞിയും കണ്ടു. സംഗതി ഏറ്റിട്ടുണ്ടെന്നു തോന്നുന്നു. ഈ മന്ത്രി സോമദേവൻ ഒരു ബുദ്ധിമാൻതന്നെ. എന്നാൽ, അയാൾ കൗശലക്കാരനുമാണ്. അതാണല്ലോ സ്വന്തം മകനെത്തന്നെ രാജകുമാരിയുടെ കാമുകനാക്കാൻ സന്നദ്ധനായത്. പക്ഷേ, പ്രേമസ്വരൂപൻ ആളെങ്ങനെയാണാവോ... ഇതിനുമുമ്പ് താനവനെക്കണ്ടിട്ടില്ല. അവനെപ്പറ്റിയൊന്നും മുമ്പെങ്ങും മന്ത്രി പറഞ്ഞിട്ടില്ല. ആളിനെക്കണ്ടിട്ടു സാധുവാണെന്നു തോന്നുന്നു.

"ഞാൻ കുമാരിയുടെ സമീപം പോകട്ടെ തിരുമനസ്സേ..." പ്രേമസ്വരൂപൻ നേരത്തേ തന്നോടനുവാദം ചോദിച്ചു.

"പൊയ്ക്കൊള്ളൂ. പോയി എന്റെ പുത്രിയുമായി അല്പം സല്ലപിച്ചിട്ടു വരൂ."

"ഓ, തിരുമനസ്സിന്റെ സന്മനസ്സിനു നന്ദി." വളരെ താഴ്മയായി, വിനീതനായി തന്നോടു പറഞ്ഞിട്ടാണു പോയത്. തന്റെ പുത്രിക്കിവൻ അനുരൂപനോ? രാജാവു സ്വയം ചോദിച്ചു. അവനെ ഇഷ്ടമാണോ എന്നു തീരുമാനിക്കേണ്ടതു തന്റെ പുത്രിയാണ്. രണ്ടു മൂന്നുദിവസം കഴിഞ്ഞ് മന്ത്രി രാജാവിനെ മുഖം കാണിച്ചു.

"രാജ രാജൻ സത്യധർമരാജാവ് വിജയിച്ചാലും... തിരുവുള്ളക്കേടില്ലെങ്കിൽ നാം ഒന്നു മുഖം കാണിക്കുകയാണ്."

"വരൂ... മന്ത്രീ, എന്താണു വിശേഷങ്ങൾ... രാജ്യത്തെ പ്രജകൾക്കെല്ലാം സൗഖ്യംതന്നെയാണല്ലോ."

"അതേ തിരുമനസ്സേ, അങ്ങയുടെ ഭരണനൈപുണ്യംകൊണ്ട് നമ്മുടെ പ്രജകൾക്കെല്ലാം സൗഖ്യംതന്നെ."

"നമ്മുടെ പ്രജകൾക്കാർക്കും ഒന്നിനും ഒരു കുറവും വരാതെ മന്ത്രി ശ്രദ്ധിക്കണം." രാജാവു സോമദേവനെ പ്രത്യേകം ഓർമപ്പെടുത്തി.

"ഞാൻ വളരെയേറെ ശ്രദ്ധിക്കുന്നുണ്ടു തിരുമനസ്സേ. മാത്രമല്ല, വേഷപ്രച്ഛന്നനായി, ഒരു സാദാ പൗരനായി നാട്ടിലിറങ്ങി ഞാൻ കാര്യങ്ങൾ തിരക്കാറുണ്ട്. നമ്മുടെ പ്രജകൾ സന്തുഷ്ടരാണു തിരുമനസ്സേ. എല്ലാവരുടെയും മുഖത്തു സന്തോഷത്തിന്റെ കിരണങ്ങൾ കാണാനുണ്ട്."

"മന്ത്രി ബുദ്ധിമാൻതന്നെ. സംശയമില്ല. വേഷം മാറി നാട്ടിലിറങ്ങി കാര്യങ്ങൾ അന്വേഷിച്ചറിയുന്നതു നല്ലതു തന്നെ. നമുക്കത് വളരെ ഇഷ്ടപ്പെട്ടു. ഇതിനു സമ്മാനമായി നാം സോമദേവന് ആയിരത്തൊന്നു പൊൻപണം തരുന്നുണ്ട്." സന്തുഷ്ടനായ രാജാവു പറഞ്ഞു.

"ഹൊ! നാം ധന്യനായി. അങ്ങയുടെ കരുണാകടാക്ഷത്തിനു ഞാനെങ്ങനെ നന്ദി പറയും!" മന്ത്രി പ്രതിവചിച്ചു.

"ആരവിടെ?"

"അടിയൻ." കുന്തവുമായി ഒരു സേവകൻ പ്രത്യക്ഷപ്പെട്ടു.

"ഇങ്ങു വരൂ." സേവകൻ രാജാവിന്റെ അടുത്തു ചെന്നു. അവന്റെ ചെവിയിൽ രാജാവെന്തോ മന്ത്രിച്ചു.

"ഉത്തരവു തിരുമനസ്സേ..." സേവകൻ പോയി. നിമിഷങ്ങൾക്കകം മറ്റൊരു ഭടൻ വെള്ളിത്താലത്തിൽ പൊൻപണത്തിന്റെ കിഴിക്കെട്ടുമായെത്തി.

രാജാവു ചുവന്ന പട്ടിൽ പൊതിഞ്ഞ ആയിരത്തൊന്നു സ്വർണനാണയങ്ങൾ മന്ത്രി സോമദേവനു സമ്മാനമായി നൽകി.

"എന്റെ ഉള്ളം കുളിരുന്നു തിരുമനസ്സേ... ഞാനീ സമ്മാനം സസന്തോഷം സ്വീകരിക്കുന്നു..."



സോമദേവൻ വിനയപുരസ്സരം സമ്മാനം സ്വീകരിച്ചു.

"മന്ത്രീ, നിങ്ങൾ ബുദ്ധിമാനായൊരു ഭരണകർത്താവാണ്. ഒരു രാജാവിന്റെ കൂടെനിന്നു രാജ്യം ഭരിക്കേണ്ടതെങ്ങനെയെന്നു താങ്കൾക്കു ശരിക്കറിയാം. നന്നായി വരൂ. ഇനിയും വളരെനാൾ നമ്മുടെ മന്ത്രിയായി നിന്ന് രാജഭരണത്തിൽ പങ്കാളിയാകുവാൻ ആയുരാരോഗ്യസൗഖ്യം തരണേ എന്നു നമുക്കു സർവേശ്വരനോടു പ്രാർത്ഥിക്കാം."

"ശരി തിരുമേനീ. ഒറ്റക്കെട്ടായിനിന്ന് നമുക്കീ രാജ്യം ഭരിക്കാം. ഈ മന്ദരരാജ്യം ഒരു സ്വർഗരാജ്യമാക്കണം നമുക്ക്..."

"മന്ത്രീ, ഈ വാക്കുകൾ ഒരു കുളിർക്കാറ്റുപോലെ നമ്മെ തഴുകുന്നു. നാടിന്റെ നന്മയ്ക്കായി, പ്രജകളുടെ ഉന്നമനത്തിനായി നമുക്കൊരുമിച്ചു പ്രവർത്തിക്കാം."

സത്യധർമരാജാവിന്റെയും മന്ത്രി സോമദേവന്റെയും സംസാരംകേട്ടുകൊണ്ടു നിൽക്കുകയായിരുന്നു സീമന്തിനി രാജ്ഞി.

"ഇന്നു നമുക്കൊരു വിശേഷപ്പെട്ട ദിവസമാണ്. നല്ലൊരു സദ്യ ഊട്ടുപുരയിൽ ഒരുക്കീട്ടുണ്ട്. വരൂ നമുക്കും അതിൽ പങ്കെടുക്കാം." രാജ്ഞി പറഞ്ഞു.

രാജാവും മന്ത്രിയും രാജ്ഞിയും ഊണുകഴിക്കാനായി പോയി. അതാ നമ്മുടെ പുത്രി സുഗന്ധി രാജകുമാരിയും തോഴിമാരും ഊണുകഴിക്കാനെത്തിയിരിക്കുന്നു.

രാജാവും രാജ്ഞിയും സന്തുഷ്ടരായി.

പ്രത്യേകമൊരുക്കിയ ഇരിപ്പിടങ്ങളിൽ രാജാവും രാജ്ഞിയും പുത്രിസുഗന്ധിയും മറ്റൊരിരിപ്പിടത്തിൽ മന്ത്രിയും ഉപവിഷ്ടരായി. അവരുടെ മുമ്പിൽ ഒന്നാന്തരം കുത്തരിച്ചോറും നാനാതരം കറികളും പായസവും പപ്പടവും പഴവും നിരന്നു.

അമൃതിനു തുല്യമായ ആ ഭക്ഷണം അവർ സ്വാദോടെ കഴിക്കാൻ തുടങ്ങി.

(തുടരും)

---






ടി.പി. ശാസ്തമംഗലം

# തൂലികയുന്തികളുടെ വിളയാട്ടം

**അ**ക്ഷരങ്ങളെ മാനിക്കാതെ നിസ്സാരമായിക്കണ്ട് മനഃപൂർവം പാഴാക്കിക്കളയുന്നവർ ആര് എന്ന ചോദ്യത്തിന് ഉത്തരം പറയാൻ അധികം തല പുകയ്ക്കേണ്ട കാര്യമൊന്നുമില്ല. അതു പാട്ടെഴുത്തുകാരാണെന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്? എന്തുകൊണ്ടാണ് അവർ അങ്ങനെ ചെയ്യുന്നതെന്നു ചിന്തിക്കുമ്പോൾ വ്യക്തമാവുന്നത് ആരും കവികളല്ല എന്ന യാഥാർത്ഥ്യമാണ്. ഭാഷാജ്ഞാനംകൂടി ഇല്ലെന്നു വരുമ്പോൾ പടച്ചുവിടുന്ന വരികൾ ബാലിശമായിപ്പോകും. അർത്ഥമില്ലായ്മയും ആവർത്തനവും അവയെ കൂടുതൽ ദുഷിപ്പിക്കും. ഇതാ 'ഒന്ന്' എന്ന ചിത്രത്തിലെ ഈ ഗാനം ശ്രദ്ധിക്കുക.

"അരികെ വരുമോ ഇതുവഴി നീ
തിരികെ തരുമോ കുളിരല നീ
നീ ചാരെ വാ പതിയെ
നെഞ്ചിൽ നീ റൂഹായ് നീ
മിഴിയിൽ നീ നിറയെ" (ഗാനരചന – ഫിറോസ് വെളിയങ്കോട്; സംഗീതം – നൗഫൽ നാസർ; ആലാപനം – നിസാം അലി, പ്രസീത മനോജ്)

ഈ പാട്ടുകേൾക്കുമ്പോൾ തീർച്ചയായും നമ്മുടെ മനസ്സിൽ പെട്ടെന്നു തെളിയുന്നത് മറ്റൊരു പ്രശസ്തമായ ഗാനമായിരിക്കും. 'നീയെത്ര ധന്യ' എന്ന ചിത്രത്തിനുവേണ്ടി ഒ.എൻ.വി. കുറിപ്പ് എഴുതിയ "അരികിൽ നീയുണ്ടായിരുന്നെങ്കിലെന്നു ഞാൻ ഒരു മാത്ര വെറുതെ നിനച്ചുപോയി!" എന്ന പാട്ട്. നായികയുടെ സാമീപ്യം കൊതിക്കുന്ന നായകന്റെ (കവിയുടെയും) കാവ്യബോധം വെളിപ്പെടുത്താൻ പോന്നതാണ്. 'ഒന്ന്' എന്ന പുതിയ ചിത്രത്തിലെ ഗാനത്തിലോ? പിള്ളേർകളി എന്ന മട്ടിൽ നായിക എന്തൊക്കെയോ നായകനോടു ചോദിക്കുന്നു. 'തിരികെ തരുമോ കുളിരല നീ' എന്ന ഭാഗം കേൾക്കുമ്പോൾ കുളിരല നേരത്തേ നായകൻ മോഷ്ടിച്ചുകൊണ്ടുപോയി എന്നു തോന്നും. "അരികെ വരുമോ ഇതുവഴി നീ' എന്നു തുടക്കത്തിൽ ചോദിച്ചത് രചയിതാവ് മറന്നുപോയി എന്നു വേണം നാം കരുതാൻ. അല്ലെങ്കിൽ തൊട്ടുപിന്നാലെ 'നീ ചാരെ വാ പതിയെ' എന്ന് ആവശ്യപ്പെടുമോ? തിരികെ തരുമോ എന്ന മട്ടിൽ സന്ധിചേർക്കാതെയാണ് പാടിയിരിക്കുന്നത്. അതുകൊണ്ടാണ് ഈ വരി അങ്ങനെതന്നെ എടുത്തെഴുതിയത്. തിരകെത്തരുമോ എന്ന ശുദ്ധമായ ഭാഷ പ്രയോഗിക്കാൻ നമ്മുടെ നവീനപാട്ടെഴുത്തുകാർ എന്നു കെല്പുനേടും? ആകെയുള്ളത് അഞ്ചു ചെറിയ വരികൾ. അതിൽ ആറുതവണ 'നീ' കടന്നു വന്നിട്ടുണ്ട്. ചില വാക്കുകളോട് ഗാനരചയിതാക്കൾക്ക് ഇഷ്ടം തോന്നുക പതിവാണ്. എങ്കിലും ഇതു കുറച്ചു കടന്ന കൈയായിപ്പോയി.

"തമ്മിൽ കണ്ടനേരം
ഉള്ളിൽ നെയ്ത മോഹം
വിരലിനാൽ തഴുകുവാൻ
തൊട്ടുരുമ്മി നീ വരുമോ
റൂഹായവളേ എൻ റൂഹിൽ നിറയെ"

വല്ലാത്ത മോഹങ്ങളാണ് നായികാനായകന്മാർ പ്രകടിപ്പിക്കുന്നത്. ഭാഷയെ (സാഹിത്യത്തെയും) എത്രത്തോളം മലീമസമാക്കാമെന്നു തെളിയിച്ചിരിക്കുകയാണ് പാട്ടെഴുത്തുകാരൻ. കഴമ്പുള്ള ഗാനങ്ങൾ ആദ്യ ശ്രവണമാത്രയിൽത്തന്നെ നമ്മുടെ ഹൃദയം കീഴടക്കും. വീണ്ടും വീണ്ടും കേൾക്കാൻ നാം കൊതിക്കും. 'ഒന്ന്' എന്ന ചിത്രത്തിലെ ഈ ഗാനം പതിനായിരം തവണ കേട്ടാലും നമ്മുടെ മനസ്സിൽ ഒരു ചലനവും സൃഷ്ടിക്കുകയില്ല. അക്ഷരങ്ങൾ കൂടിച്ചേരുമ്പോൾ വാക്കാകും. വാക്കുകൾ ചേർന്നാൽ വരിയാകും. എന്നു കരുതി വെറുതെ കുറെ വരികൾ കോർത്തിണക്കിയാൽ അതു ഗാനമാകുമോ? എന്താണു ഗാനമെന്ന് ഇക്കൂട്ടർ ഇനിയും മനസ്സിലാക്കാത്തതാണ് ഏറെ കഷ്ടം. ഇത്തരം തൂലികയുന്തികളോടു സഹതാപം തോന്നുന്നു. ■

---




■ പുത്തൻവേലിക്കര സുകുമാരൻ

തുഞ്ചൻപറമ്പിലെ കാഞ്ഞിരക്കൊമ്പത്ത്
കൊഞ്ചിക്കുഴഞ്ഞു പാടുന്ന തത്തേ,
നിന്റെ രാമായണോദന്തം ശ്രവിച്ചെന്റെ
നെഞ്ചകം കോരിത്തരിച്ചിടട്ടെ!
മുന്തിരിച്ചാറും നറുതേൻകനികളും
നിൻ മുന്നിൽ ഞാൻ നിവേദിച്ചുവയ്ക്കാം
നൊമ്പരം കൊള്ളുന്നൊരെന്റെ മനസ്സിന്റെ
കൊമ്പിലൊരല്പം നീ വിശ്രമിക്കൂ!
ത്ര്യൈയംബകം വില്ലൊടിഞ്ഞതിൻ മാറ്റൊലി
ത്രൈലോകനാഥപ്പെരുമയാകെ
മൈഥിലിതൻ ജന്മസാഫല്യമാം മഞ്ജു-
മംഗലശീലുകൾ പാടൂ തത്തേ!
നിൻ തൂവലും മണിച്ചുണ്ടും കരളിലെ
നന്മയുണർത്തുന്ന തംബുരുവും
തച്ചുടയ്ക്കാൻ കൂരിരുട്ടിന്റെ ശക്തികൾ
ചങ്ങലക്കെട്ടുമായ് കാത്തുനില്ക്കേ,
എന്നെയുണർത്തുവാനെൻ വ്യഥതീർക്കുവാ-
നെന്നിൽ നീ നർത്തനമാടിയാലും!

# കണ്ണുനീരില്ലാത്ത ജീവിതമുണ്ടോ?



ജോസ് വഴുതനപ്പിള്ളി

സിനിമകളിൽ ഏതെങ്കിലും വികാരതീക്ഷ്ണമായ രംഗങ്ങൾ വരുമ്പോൾ ചിലർ കണ്ണുനീർ വാർക്കാറുണ്ട്. നമുക്കു ചുറ്റിലുമുള്ളവർക്ക് എന്തെങ്കിലും ദുരന്തം സംഭവിച്ചാൽ നമ്മുടെ കണ്ണു നിറയും. മറ്റൊരാളുടെ ദുഃഖത്തിൽ പങ്കുചേർന്നു മിഴി നിറയുന്നുവെങ്കിൽ ദൗർബല്യത്തിന്റെ ലക്ഷണമായി കാണേണ്ടതില്ല. ലോലഹൃദയത്തിന്റെ അടയാളമാണത്. 'നമ്മെ അന്ധരാക്കുന്ന ഈ ഭൂമിയിലെ പൊടിപടലങ്ങൾക്കു മേലെ, കഠിനഹൃദയങ്ങൾക്കുമേലെ പെയ്തിറങ്ങുന്ന മഴയാണു കണ്ണുനീർ! അതേക്കുറിച്ചു നാം ഒരിക്കലും ലജ്ജിതരാവേണ്ടതില്ല' എന്നാണ് ചാൾസ് ഡിക്കൻസ് തന്റെ 'ഗ്രേറ്റ് എക്സ്പെക്ടേഷൻസ്' എന്ന പുസ്തകത്തിൽ പറയുന്നത്.

നമുക്കറിയാം, മനുഷ്യന്റെ വൈകാരികപ്രക്ഷുബ്ധതയുടെ ഒരു ബാഹ്യസ്ഫുരണമാണ്, പ്രകാശനമാണു കരച്ചിൽ. നിറഞ്ഞൊഴുകുന്ന കണ്ണുകൾക്കു നാം അത്ര പെട്ടെന്ന് ഒരർത്ഥം കണ്ടെത്താൻ വരട്ടെ. അങ്ങനെയെങ്കിൽ, ഒരു നടി ഒഴുക്കുന്ന കണ്ണുനീരും നമുക്കു യഥാർത്ഥമായി സ്വീകരിക്കേണ്ടിവരുമല്ലോ. മനസ്സിന്റെ അടിത്തട്ടിലുള്ള വികാരങ്ങളെയും പുറംലോകത്തിനു നാം കൊടുക്കാൻ ഉദ്ദേശിക്കുന്ന സന്ദേശത്തെയും ഒക്കെ ആസ്പദമായിട്ടാവും ചിലപ്പോൾ ഈ കണ്ണുനീർപ്രവാഹം. ഉദാഹരണമായി, അമ്മായിയമ്മയുടെ വിയോഗത്തിൽ യഥാർത്ഥത്തിൽ ഒരു വിഷമവും ഇല്ലാത്ത ഒരു മരുമകളെ എടുക്കാം.

സാധാരണഗതിയിൽ നമ്മുടെ ഉറ്റവർ മരിക്കുമ്പോൾ അല്ലെങ്കിൽ അവർ രോഗഗ്രസ്തരാകുമ്പോൾ അവരുടെ വേദനയിൽ പങ്കുചേർന്നു നാം കരയും. ഏറെ തിമിർത്തു ചിരിക്കുമ്പോഴും കണ്ണുകൾ ആനന്ദാശ്രുക്കൾ പൊഴിക്കും. ഏകാന്തമായ ഒരു രാത്രിയിൽ ഞാൻ മദർ തെരേസയെക്കുറിച്ചുള്ള ഒരു പുസ്തകം വിവർത്തനം ചെയ്യുകയായിരുന്നു. വലിയ വേദന തോന്നിയ ചില അനുഭവങ്ങൾ! അത് എന്റെ മനസ്സിനെ വല്ലാതെ ഉലച്ചു. ഞാൻ വല്ലാതെ കരഞ്ഞുപോയി. മറ്റുള്ളവരുടെ ജീവിതാനുഭവങ്ങൾ നിങ്ങളെയും പലപ്പോഴും മിഴിനീരണിയിച്ചിരിക്കും. വിഷമിക്കുമ്പോൾ മാത്രമല്ല ഏറെ ആഹ്ലാദകരമായ വാർത്ത കേൾക്കുമ്പോഴും കണ്ണു നിറഞ്ഞേക്കാം. ഉദാഹരണത്തിന്, നിങ്ങളുടെ മകനോ മകളോ യൂണിവേഴ്സിറ്റിയിൽ നല്ല റാങ്കു കരസ്ഥമാക്കുന്നു എന്നു വിചാരിക്കുക; നിങ്ങളുടെ കണ്ണു നിറഞ്ഞേക്കാം.

മനഃശാസ്ത്രജ്ഞന്മാർ മറ്റു ചില കണ്ടെത്തലുകൾ കൂടി പ്രായമായവരുടെ കരച്ചിലിനെ സംബന്ധിച്ചു നടത്തിയിട്ടുണ്ട്. ബാല്യകാലങ്ങളിൽ നാം ബോധപൂർവം അടക്കിവച്ച ചില സ്വകാര്യദുഃഖങ്ങളുടെ ഒരു ബഹിർസ്ഫുരണം ചിലപ്പോൾ നാമറിയാതെ അണപൊട്ടിയൊഴുകും. പിന്നോട്ടു നടന്നു നമ്മുടെ ബാല്യകാലാനുഭവങ്ങളിൽ, എന്തിന് ചിലപ്പോൾ നാം ഗർഭാവസ്ഥയിൽ ആയിരുന്നപ്പോൾവരെ എത്തിനിൽക്കും എന്നാണ് അവർ പറയുക.



### മനോസമ്മർദങ്ങളെ കുറയ്ക്കാം

ചിരി എത്രകണ്ട് നമുക്കു പ്രയോജനപ്രദമാകുന്നുവോ അത്രകണ്ട് കണ്ണുനീരും ഉപകാരപ്രദമാണ്. അത് നമ്മുടെ മനോസമ്മർദങ്ങളെ കുറച്ച് മനസ്സിനെ സ്വച്ഛമാക്കുന്നു. നമുക്ക് എന്തെങ്കിലും തീവ്രമായ വികാരങ്ങൾ ഉണ്ടാവുമ്പോൾ അതിനെ ഒഴുക്കിക്കളയാനുള്ള ഒരു നീർച്ചാലാണിത്. അതീന്ദ്രിയമായ ദ്രവങ്ങളെ വാൽവുകൾ തുറന്ന് നമ്മുടെ ശരീരത്തിൽനിന്ന് ഒഴുക്കിമാറ്റുന്നു. അവിടെ കരച്ചിലാണ് നമുക്കു പ്രതിവിധിയാവുക. തലച്ചോറിൽ ഉദ്ഭൂതമാകുന്ന ക്ഷോഭവും വിഹ്വലതയും ഒഴുക്കിമാറ്റാൻ കണ്ണുനീർതന്നെ വേണം.

പ്രാചീനകാലംമുതലേ ഗ്രീസിലെയും റോമിലെയും ഭിഷഗ്വരന്മാർ തറപ്പിച്ചുപറഞ്ഞിട്ടുണ്ട്, കണ്ണുനീർ ഒരു വിരേചനഗുളികപോലെ ദുഃഖം ഒലിപ്പിച്ചു കളഞ്ഞു നമ്മെ ശുദ്ധീകരിക്കുമെന്ന്. നമ്മുടെ മനോസമ്മർദങ്ങൾക്ക് ആക്കംകൂട്ടുന്ന വിഷവസ്തുക്കളെയും ഹോർമോണുകളെയും നമ്മൾ കരച്ചിലിലൂടെയാണു പുറംതള്ളുന്നത്. അതോടെ, നമുക്കു സുഖമായി ഉറങ്ങാനും സാധിക്കുന്നു. രക്തസമ്മർദത്തെ കുറയ്ക്കാനും കരച്ചിലിനു ശക്തിയുണ്ട്.

### സത്യത്തിൽ ആനന്ദാശ്രുക്കൾ എന്നൊന്നുണ്ടോ?

കുട്ടികളുണ്ടാവാതിരുന്ന് ഒരു കുഞ്ഞു ജനിക്കുമ്പോൾ ആ വീട്ടിൽ എല്ലാവരും സന്തോഷത്താൽ കണ്ണു നിറയ്ക്കും. വർഷങ്ങൾക്കുശേഷം നമുക്കു വേണ്ടപ്പെട്ട ഒരാളെ കണ്ടുമുട്ടുമ്പോൾ, ഫുട്ബോൾ കളിയിൽ ഇന്ത്യയ്ക്കു ജയം ഉണ്ടാകുമ്പോൾ, മക്കൾക്ക് ആദ്യമായി ഒരു ജോലി ലഭിക്കുമ്പോൾ എല്ലാം നാം ആനന്ദാതിരേകത്താൽ കണ്ണു നിറയ്ക്കും. ഫെൽഡ്മാൻ എന്ന മനഃശാസ്ത്രജ്ഞൻ പറയുന്നതു കേൾക്കൂ: "ആനന്ദാശ്രു എന്നൊന്ന് ഇല്ലേയില്ല. കഴിഞ്ഞുപോയ ദുഃഖകരമായ ഘടനകൾ എങ്ങനെയോ തരണം ചെയ്തു വിജയിച്ചു നിൽക്കുമ്പോഴും നാം കരയുന്നതു വരാനിരിക്കുന്ന വിയോഗങ്ങളെയും ശോകപര്യവസായിയായ അനുഭവങ്ങളെയും ഓർത്തിട്ടാണ്. അതുകൊണ്ട് ആനന്ദാശ്രു എന്നൊന്ന് ഇല്ല. ശോകത്തിന്റെ കണ്ണുനീർമാത്രമാണ് സത്യമായുള്ളത്.'

### കണ്ണുനീരില്ലാതെ ജീവിതമില്ല

കണ്ണുനീർ എന്നെന്നും നമ്മുടെ ജീവിതത്തിന്റെ ഭാഗമാണ്. നാം കാണുന്ന കടലുകൾ എല്ലാം മനുഷ്യജീവിതങ്ങളുടെ കണ്ണുനീർസമാഹാരമാണ് എന്ന് വളരെ രസകരമായി കുട്ടികളുടെ കഥകൾ എഴുതുന്ന ലെമോണി സ്നിക്കറ്റ് എന്ന ഗ്രന്ഥകാരൻ പറഞ്ഞു വയ്ക്കുന്നുണ്ട്. കരഞ്ഞുകൊണ്ടു നാം ജന്മമെടുക്കും, കരയിപ്പിച്ചുകൊണ്ടു നാം ഒരിക്കൽ കടന്നുപോകും.

# വിജയക്കൊയ്ത്തിൽ പാലാ അൽഫോൻസാ

## എം. ജി. ബിരുദപ്പരീക്ഷയിൽ ആദ്യപത്തുറാങ്കുകളിൽ അഞ്ചും നേടി ഇംഗ്ലീഷ് ഡിപ്പാർട്ടുമെന്റ്

പാലാ: മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി 2021 –2022 അധ്യയനവർഷത്തിൽ നടത്തിയ ബിരുദപ്പരീക്ഷയിൽ 1, 2, 3 ഉൾപ്പെടെ ആദ്യപത്തുറാങ്കുകളിൽ അഞ്ചും നേടി പാലാ അൽഫോൻസാ കോളജിലെ ഇംഗ്ലീഷ് ഡിപ്പാർട്ടുമെന്റ് അപൂർവനേട്ടത്തിന് ഉടമയായി. ലിഡാ ജോൺസൺ (ഒന്നാം റാങ്ക്), അനു അൽഫോൻസ് ജേക്കബ് (രണ്ടാം റാങ്ക്) ഐലിൻ മേരി സാജു (മൂന്നാം റാങ്ക്) എമ്മ മരിയ ജോസഫ് (ആറാം റാങ്ക്) റിനു ജോർജ് (പത്താം റാങ്ക്) എന്നിവർ ഉൾപ്പെടെ 12 എ പ്ലസ് നേടിയ കുട്ടികളെ ഡിപ്പാർട്ടുമെന്റ് ആദരിച്ചു.

ഉന്നതവിജയം നേടിയ വിദ്യാർത്ഥികളെ ഡിപ്പാർട്ടുമെന്റിലെ അധ്യാപകരും മുൻ അധ്യാപകരും ചേർന്ന് അനുമോദിച്ചു. വകുപ്പുമേധാവി ഡോ. ഫാ. ജോസ് ജോസഫ് പുലവേലിൽ, മുൻ വകുപ്പുമേധാവി പ്രൊഫസർ ആനി തോമസ്, അധ്യാപകരായ പ്രൊഫസർ അല്ലിമോൾ സെബാസ്റ്റ്യൻ, മിസ് ശ്രുതി കാതറിൻ തോമസ് എന്നിവർ അനുമോദനം അർപ്പിച്ചു.



*ഉന്നതവിജയം നേടിയ വിദ്യാർത്ഥികളെ അനുമോദിക്കാൻ അധ്യാപകരും മുൻ അധ്യാപകരും ഒത്തുചേർന്നപ്പോൾ*



*ലിഡ ജോൺസൺ (ഒന്നാം റാങ്ക്)*



*അനു അൽഫോൻസ് ജേക്കബ് (രണ്ടാം റാങ്ക്)*



*ഐലിൻ മേരി സാജു (മൂന്നാം റാങ്ക്)*



*എമ്മ മരിയ ജോസഫ് (ആറാം റാങ്ക്)*



*റിനു ജോർജ് (പത്താം റാങ്ക്)*

Deepanalam Weekly
RNI No : 16998/68
Vol. 55 No. 17 Date of Publication 23 June 2022
Annual Subscription Rate ₹ 300 (For Abroad ₹ 3000)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment


# MAR AUGUSTHINOSE COLLEGE RAMAPURAM

Estd: 1995

RAMAPURAM BAZAR P.O. Kottayam Dist. Kerala - 686 576

*U.G.C. Recognized [2(f)] & Affiliated to M.G. University, Kottayam, ISO 9001:2015 Certified*
*NSDC Training Centre ID: 130581*

**Ph : 8848660310, 8281257911, 9447414876 (PRO)**

www.maraugusthinosecollege.org Email:principal@mac.edu.in




## ADMISSION 2022 OPEN

**programmes**

1. BBA (2 Batches)
2. BCA (2 Batches)
3. B.Sc. Electronics
4. B.Sc. Biotechnology
5. B.Com Model-I (Co-operation 2 Batches)
6. B.Com Model -I (Finance & Taxation)
7. B.A. English Literature & Communication Studies
8. M.Sc Computer Science
9. M.Sc Electronics
10. M.Sc. Biotechnology
11. MSW (Medical and Psychiatry & Community Development)
12. MA HRM (Human Resource Management)
13. M.Com Finance & Taxation
14. M.A. English

16 Value added Course 4 P.G. Diploma Programmes Add on Programmes Red Hat Accademy IIC IEDC & UBA Partners

**HOSTEL FACILITIES FOR BOYS & GIRLS**

# ALPHONSA COLLEGE, PALA

ESTD 1964

ARUNAPURAM P.O., KOTTAYAM DIST., KERALA-686574 Ph: 04822-212447

AFFILIATED TO MG UNIVERSITY, KOTTAYAM

Email : principal@alphonsacollege.in aicspala@rediffmail.com alphonsaoffice@gmail.com Website : www.alphonsacollege.in

NAAC Re-accredited (4th cycle) with 'A' grade (CGPA - 3.24) in 2019

A Minority Educational Institution approved by National Commission for Minority Educational Institutions, Government of India

## Courses offered

**PG Courses**

1. M.Sc. Zoology
2. M.A. Politics
3. M. A. English
4. M.A. Economatrics
5. M.Sc. Clinical Nutrition and Dietetics (Self financing)
6. M.Sc. Chemistry (Self financing)
7. M.A. English (Self financing)

**UG Courses**

1. B.A. English Language & Literature
2. B.A.Economics
3. B.A.History
4. B.Sc.Mathematics
5. B.Sc.Physics
6. B.Sc.Chemistry
7. B.Sc.Botany
8. B.Sc.Zoology
9. B.Sc. Physics (Vocational) with Computer Application
10. B.Sc Clinical Nutrition & Dietetics (Self financing)
11. B.Com.Taxation (Self financing)

**അൽഫോൻസാ കോളജിലെ പുതിയ തൊഴിലധിഷ്ഠിത ബിരുദകോഴ്സുകൾ**

1. B. Voc. Fashion Technology
2. B. Voc. Sports Nutrition & Physiotherapy (self financing)

## Computer Courses

### ALPHONSA INSTITUTE OF COMPUTER STUDIES

DOEACC ACCR. NO : 00982

1. Govt. of India 'O' Level (PSC Approved) (Recognised by Ministry of IT, AICTE and NIELIT)
2. PGDCA, 3. DCA, 4. DOA
5. Short Term Courses like C, C++, MS Office, Net Languages, Photoshop, Computer - Awareness Course, Internet & E-mail etc.

◈ A GOLDEN OPPORTUNITY for the students of Alphonsa College, Pala to get Business Professional Programmer Certificate along with their Degree studies

**Admission Started**

Excellent facilities for Sports and Games, Very Good Library with Internet Wi-Fi, Inflibnet and e-journals; Computer Labs with Internet & Language Lab


Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.